032:3M777:11 E7 PRAMABANDHAM BALAKRISHNA MENON

032:3M777:11
E7

M777:11 E7
...HNA MENON.
...on.
MUL

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032:3M777:11 E7

Accession Number 44494

Available for loan from

This book should be returned on or before the date last marked below.

11 NOV 1953

O. 61

Ananda Press, Madras—10,000—12-9-50.

Durgalaya Series No. 2.

# പ്രേമബന്ധം.

UNIVERSITY LIBRARY
28 MAR [illegible]
MADRAS 4

വാരിയത്ത് ബാലകൃഷ്ണമേനോൻ.

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

Price—10 annas.

Durgalaya Series No. 2.

# പ്രേമബന്ധം

(ഒരു നോവൽ).

---

വാരിയത്ത് ബാലകൃഷ്ണമേനോൻ
ഗ്രന്ഥകർത്താവ്.

---

പ്രസാധകൻ,
പി. എസ്സ്. മേനോൻ.

---

# Pramabandham.

(A Malayalam Novel)

BY

**Variath Balakrishna Menon.**

*FIRST EDITION,*

**Copies, 1000.**

---

Printed & Published by
*P. S. Menon,*
at the
DURGALAYA PRESS,
**Chittur—Cochin.**
1917.

*All Rights Reserved to Publisher.*
[പ്രസാധകൻെറ മുദ്രയില്ലാത്ത പുസ്തകങ്ങൾ വ്യാജമാണ്.]

Price—Annas 10. വില—അണ 10.

UNIVERSITY ... MADRAS
DURGALAYA PRESS PRINTERS & PUBLISHERS CHITTUR, COCHIN
DEPARTMENTAL LIBRARIES 14 MAR 1950

44494
032:3M77:11
E7

UNIVERSITY LIBRARY 23 MAR 1953
DEPARTMENTAL LIBRARIES 14 MAR 1950 UNIVERSITY

# പ്രസ്താവന

പ്രേമബന്ധം എന്ന ഈ ചെറിയകഥയ്ക്ക് ഞാൻ ഒരു പ്രസ്താവന എഴുതണമെന്ന് എന്റെ സ്നേഹിതൻ മിസ്റ്റർ വാരിയത്ത് ബാലകൃഷ്ണമേനോൻ ആവശ്യപ്പെട്ടപ്രകാരം ഇത് എഴുതുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ പുസ്തകത്തിന്റെ പേരുകൊണ്ടുതന്നെ ഇതിലെ കഥാവിഷയം ഇന്നതാണെന്ന് വായനക്കാർക്ക് ഊഹിക്കാമെല്ലോ. നല്ല മര്യാദയായ മട്ടിൽ വളർത്തപ്പെട്ടുവന്നവരും സത്സ്വഭാവികളും പ്രകൃതികൊണ്ട് യോജിച്ചവരും ആയ രണ്ടു കാമിനീകാമുകന്മാർ തമ്മിൽ നിത്യപരിചയം കൊണ്ടുണ്ടായ സ്നേഹം കാലക്രമത്താൽ വളർന്ന് ഗാഢമായ അനുരാഗമായി പരിണമിക്കുന്നു. അനുരാഗത്തിന്റെ ഫലപ്രാപ്തിക്ക് ആദ്യംതന്നെ ഉണ്ടായിരുന്ന ഒരു തടസ്ഥം ഇല്ലാതായിത്തീർന്ന് ആ സ്ഥാനത്ത് വേറൊരുവിഘ്നം സംഭവിക്കുന്നു. എന്നാൽ ആ വിഘ്നത്തിന്ന് ഒരു അതിരു നിശ്ചയിച്ചിട്ടുണ്ടായിരുന്നതിനാൽ അതിന്റെ അവസാനത്തിൽ മനോരഥം സാധിക്കുമെന്നുള്ള ഒരാശയെ മാത്രം ആശ്രയിച്ച് ജീവസന്ധാരണം ചെയ്തുകൊണ്ടിരിക്കെ ആ ആശയ്ക്ക് ആശ്രയമായിരുന്ന വസ്തുതന്നെ അനുഭവത്തിൽ നഷ്ടപ്രായമായി തീർന്നുഎന്ന് വിചാരിച്ച കാമിനീകാമുകന്മാരിൽ ആദ്യം ഒരാൾ ഇഹലോകവാസം വിടുകയും ആ കാരണത്താൽ മറേറയാൾ തന്റെ പ്രേമഭാജനത്തെ പിന്തുടരുകയും ചെയ്യുന്നു. ഇങ്ങിനെ ദുഃഖപര്യവസായിയായിട്ടാണ് ഈ കഥയെഴുതീട്ടുള്ളത്.

നാനാമുഖങ്ങളായ ഈ സംസാരത്തിൽ പ്രവൃത്തിക്കുന്ന മനുഷ്യന്റെ മനസ്സിനെ നന്നാക്കി ഉത്തമമാർഗ്ഗങ്ങളിൽ ചരിപ്പിക്കുന്നതിന്നാകട്ടെ, നേരെ മറിച്ച് മനസ്സിനെ മലിനപ്പെടുത്തി മനുഷ്യന്റെ അധോഗതിക്ക് വഴികാണിച്ചു കൊടുക്കുന്നതിന്നാകട്ടെ രണ്ടിനും ഇത്രത്തോളം സഹായിക്കുന്നതായി ദാമ്പത്യവി

ഷയമായ ആ പ്രേമബന്ധത്തിനു തുല്യമായി ലോകത്തിൽ യാതൊരു ശക്തിയും ഇല്ല. ഇങ്ങിനെ രണ്ടുവിധമായ ഫലങ്ങൾ ഉണ്ടാകുന്നത് പ്രേമത്തിൻെറ ഉത്തമാധമങ്ങളായ ഭാവങ്ങളെ ആശ്രയിച്ചിരിക്കും.

"ഒരുവനുടനൊരാളിൽ സ്നേഹമായാലവന്നു
ള്ളൊരുനിരുപമസൌഖ്യദ്രവ്യമായാളുതന്നെ
അരുകിൽമരുവിയൊന്നും ചെയ്കയില്ലെങ്കിലുംതാൻ
മരുവുമൊരുസുഖത്താൽ തന്നെദുഃഖത്തെനീക്കും."

(ചാത്തുക്കുട്ടിമന്നാടിയാർ)

ഇങ്ങിനെയാണ് നിർവ്യാജമായും നിർമ്മലമായും ഉള്ള ഉത്തമസ്നേഹത്തെ ഭവഭൂതി വർണ്ണിച്ചിരിക്കുന്നത്. ഇങ്ങിനെയുള്ള സ്നേഹമാണ് ലോകത്തിൻെറ സർവ്വപ്രകാരേണയുള്ള ക്ഷേമത്തിന്നും അടിസ്ഥാനം. മനുഷ്യനു തൻെറ കഷ്ടപ്പാടുകളെ സന്തോഷത്തോടുകൂടി സഹിക്കുവാനുള്ള ഒരുശക്തിയുണ്ടാക്കുവാൻ അതിനുകഴിയും. എന്തുകാൎയ്യത്തിനും സധൈൎയ്യം ഇറങ്ങി പ്രവൃത്തിപ്പാനുള്ള ഉത്സാഹം അതു ജനിപ്പിക്കും. ചുരുക്കത്തിൽ, മനുഷ്യൻെറ മാനസികമായും കായികമായും ഉള്ള വ്യാപാരങ്ങളിൽ ആശാസ്യമായി കാണുന്ന അനവധി ഉൽകൃഷ്ടഗുണങ്ങൾക്ക് മൂലമായിട്ടുള്ളത് സ്നേഹംഎന്ന വസ്തുവാണ്. ഈ സ്നേഹത്തിൻെറ പരിപൂൎണ്ണാവസ്ഥക്ക് അവശ്യം വേണ്ടതായ സ്വാത്മവിസ്മൃതി എന്ന ആ വിശിഷ്ടഗുണം ആദ്യം ഉണ്ടാകുന്നത് ദാമ്പത്യവിഷയമായ പ്രേമത്തിൽ നിന്നാണ്. സ്വാത്മവിസ്മൃതിയോടുകൂടിയ സ്നേഹത്തിൻെറ പരിശീലനമാണ് മനുഷ്യനെ ഇതരപ്രാണികളിൽ നിന്ന് വ്യത്യസ്തപ്പെടുത്തി തൻെറ പ്രത്യേകമായിട്ടുള്ള ആ ഉന്നതപദവിയിൽ ആക്കിനിൎത്തീട്ടുള്ളത്. സ്വാത്മവിസ്മൃതിയിൽനിന്ന് സ്വാത്മരാഹിത്യവും അതിൽനിന്ന് പരാത്മസക്തിയും ജനിക്കുന്നു. അതുകൊണ്ടാണ് സ്വകുഡുംബസ്നേഹം, സ്വജനസ്നേഹം,

സ്വരാജ്യസ്നേഹം ഇങ്ങിനെ ഓരോരു അതിരുകൾ കവിഞ്ഞുവ്യാപിച്ച് ഒടുവിൽ സർവ്വലോകങ്ങളുടെയും ക്ഷേമത്തെ ലക്ഷ്യമാക്കി പ്രവൃത്തിക്കുന്ന ആ പരമോത്തമമായ ചിത്തവൃത്തിക്ക് മനുഷ്യൻ അധീനനായിരിന്ന് ജന്മസാഫല്യം വരുത്തുന്നത്. ഈ കാരണത്താൽ തന്നെയാണ് ദാംപത്യവിഷയമായ ആ സ്നേഹത്തെ പററി ഭവഭൂതി ഇപ്രകാരം ശ്രീരാമനെക്കൊണ്ട് പറയിച്ചിട്ടുള്ളത്.

"ഒന്നായും സൌഖ്യദുഃഖങ്ങളിലനുഗുണ
മായെത്തുകാലത്തുമൊട്ടു-
വിനുള്ളാശ്വാസമായുംരസമതുജരയാൽ
ഭേദിയാതുള്ളതായും
പിന്നെക്കാലെനതീന്നാമറവുകളൊ
ടുവിൽസ്നേഹസത്തായുമെന്നും
ഭിന്നിക്കാതുള്ളപത്നീപ്രണയമധിക
പുണ്യത്തിനാലെലഭിക്കൂ".

(ചാത്തുക്കുട്ടിമന്നാടിയാർ)

സ്ത്രീക്ക് ഭർത്താവിൻെറ പ്രണയവും മേൽപ്രകാരംതന്നെ. ഇങ്ങിനെ തോന്നിക്കത്തക്ക വൈഭവവും ശക്തിയുംഉള്ളതാണ് പ്രേമം എന്നുപറയുന്ന ആ ദിവ്യസാധനം. ഈ അനുഭവം വന്നുതുടങ്ങിയാൽ പിന്നെ അതിന്നെതിരായി ലോകത്തിൽ യാതൊന്നിനും നില്ക്കുവാൻ കഴികയില്ല. അത് പുറമേയുള്ളസംഗതികൾക്ക് കീഴ്പ്പെട്ടുകൊണ്ട് വളഞ്ഞുകൊടുക്കുന്നതല്ല. എന്നാൽ അതിൻെറ ഗതിയെ തടഞ്ഞുനിൎത്തുന്ന പുറമേയുള്ള സംഗതികളുടെ കൎക്കശത അധികമായാൽ ആ അമൎച്ചയിൽ അതിൻെറ ആസ്പദത്തോടുകൂടി ഉടഞ്ഞു നശിച്ചുപോയി എന്നുവരാം. ഈ കഥയിൽ ഇങ്ങിനെയാണ് സംഭവിച്ചിട്ടുള്ളത്.

മേൽപ്രസ്താപിച്ചപ്രകാരമുള്ള ഒരു പൎയ്യവസാനം വരത്തക്കവിധത്തിൽ ഈകഥയിലെസംഭവങ്ങൾക്ക് പുഷ്ടിയുംഅതു

കളുടെ ഘടനക്ക് ബലവും എത്രത്തോളം ഉണ്ടെന്ന് വായനക്കാർ ബുക്ക വായിച്ചതിൻെറ ശേഷം തീച്ചപ്പെടുത്തേണ്ടതും അതു ചിലപ്പോൾ ഓരോരുത്തരുടെ രുചിഭേദംപോലെ കാണുന്ന സംഗതിയും ആകുന്നു. അതുകൊണ്ട് ആ കാൎയ്യത്തിൽ ഞാൻ ഇവിടെ ഒരു ഗുണദോഷ നിരൂപണം ചെയ്യേണമെന്ന് വിചാരിക്കുന്നില്ല. അങ്ങിനെ ചെയ്യുന്നത് ഈ പ്രസ്താവനയുടെ ഉദ്ദേശത്തിന്ന് വിരുദ്ധമായിവരും. ഒരുപുസ്തകത്തിൻെറ പ്രസ്താവനയുടെ പ്രധാന ഉദ്ദേശം ആ പുസ്തകം വായിക്കുവാൻ വായനക്കാൎക്ക് ഔത്സുക്യം ജനിപ്പിക്കുകയാകുന്നു. ആ ഉദ്ദേശം ഈ പ്രസ്താവനകൊണ്ട് സാധിക്കുന്നുണ്ടെങ്കിൽ എൻെറ ചുമതല ഞാൻ നിൎവ്വഹിച്ച് കഴിഞ്ഞിരിക്കുന്നു.

ഒരുവാക്കുകൂടി പറഞ്ഞു നിറുത്താം. മിസ്റ്റർ ബാലകൃഷ്ണമേനൻെറ കഥാപാത്രങ്ങളെ കേവലം മാതൃകകളായി വായനക്കാർ വിചാരിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി സൃഷ്ടിച്ചതാണെന്നു തോന്നുന്നില്ല. അവർ ഇടത്തരക്കാരിൽ കണ്ടുവരാവുള്ള ചില സാധാരണന്മാരും ഇതിലെ സംഭവങ്ങൾ അവരുടെയിടയിൽ സംഭവിക്കാവുന്നവയും ആകുന്നു. ഓരോരൊ സന്ദൎഭങ്ങളിൽ നായികാനായകന്മാരുടെയും മററുകഥാപാത്രങ്ങളുടേയും മനോഭാവങ്ങളേയും, ഉദ്വേഗങ്ങളേയും, അനുഭാവങ്ങളേയും പററി എഴുതീട്ടുള്ള വൎണ്ണനകൾ ഏത്രയും ഹൃദയംഗമങ്ങളായിട്ടുണ്ടെന്നും, ഇതിലെ വാചകരീതിവളരെസുഗമമായിട്ടുള്ളതാണെന്നും പറയുന്നതിൽ ഞാൻ ഒട്ടും മടിക്കുന്നില്ല. ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്താൽ ഈ വിഷയത്തിൽ പൂൎവ്വാധികം പ്രയത്നിക്കുവാൻ തക്ക പ്രോത്സാഹം മിസ്റ്റർ ബാലകൃഷ്ണമേനന് സിദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ പ്രസ്താവനയെ ഉപസംഹരിക്കുന്നു.

ഇരിങ്ങാലക്കുട
1092 കുംഭം 16-ാംനു-

സി. എസ്. ഗോപാലപണിക്കർ,
ബി. എ.

# മുഖവുര.

---

ഏതോ ഒരു ബങ്കാളിനോവൽ--അതിൻെറപേർ ഇപ്പോൾ ഓൎക്കുന്നില്ല--മുമ്പെപ്പോഴോ ഞാൻ വായിക്കയും, അതിലെ കഥാവസ്തു എൻെറ മനസ്സിൽ പതിഞ്ഞുകിടക്കയും ചെയ്തിട്ടുണ്ട്. ആ ഓൎമ്മയിൽനിന്നു കൊണ്ടാണ് ഈ ചെറുനോവൽ ഞാൻ എഴുതീട്ടുള്ളതെങ്കിലും; വാസ്തവത്തിൽ, ഇത് എൻെറ സ്വയംകൃതമായ ഒരാഖ്യായികയാണെന്നു പറയുകയായിരിക്കും അധികം യുക്തമായിരിക്കുക. ഇത് എഴുതിക്കഴിഞ്ഞിട്ട് ഇപ്പൊഴെക്ക് രണ്ടു കൊല്ലത്തിൽ അധികമായിരിക്കുന്നു. ഏതാനും മാസങ്ങൾക്കു മുമ്പ് ഈ കഥ "ചക്രവൎത്തി" പത്രത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കയുണ്ടായി. ആ അവസരത്തിൽ "ചക്രവൎത്തി" പത്രാധിപൎക്കും എനിക്കും കിട്ടിക്കൊണ്ടിരുന്ന എഴുത്തുകളിൽനിന്ന് എൻെറ ഈ കഥ ബഹുജനങ്ങൾക്ക് ആദരണീയമായിത്തീൎന്നിട്ടുണ്ടെന്നറികയാലും, എൻെറ മാന്യമിത്രമായ പി. എസ്സ്. മേനോൻ അവർകൾ പ്രസിദ്ധീകരണഭാരം വഹിപ്പാൻ ഏല്ക്കയാലുമാണ് "പ്രേമബന്ധം" എന്നൊരു നോവൽകൂടി ഇങ്ങിനെ ഭാഷാലോകത്തിൽ ഉദിക്കുമാറായതു.

ഭിന്നരുചിയോടുകൂടിയാണല്ലോ ലോകം. ഈ നോവൽ വായിച്ചിട്ടുള്ള എൻെറ സ്നേഹിതന്മാരിൽ ചിലരിൽനിന്ന് വെവ്വേറെ മൂന്നുതരം അഭിപ്രായവ്യത്യാസങ്ങൾ പുറപ്പെട്ടുകണ്ടിട്ടുണ്ട്. ഒന്ന്: കഥാവസ്തുവിന് ഘനംപോരെന്ന്; രണ്ട്: പണം സമ്പാദിപ്പാനായി നായകനെ ദൂരദേശത്തേക്കയക്കയും, അതു സമ്പാദിച്ചു കൊണ്ടുവന്നാൽ നായികയെ വിവാഹംചെയ്തുതരാമെന്ന് ഏല്ക്കയും രക്ഷിതാവു ചെയ്തിട്ടുള്ളത് മലയാളനടവടിക്ക് യോജിച്ചിട്ടില്ലെന്ന്; മൂന്ന്: കഥയെ ദുഃഖരസത്തിൽ പൎയ്യവസാനിപ്പിച്ചത് ഏറെ കടപ്പമായിപ്പോയി എന്ന്.

ലോകത്തിൽ ഏതേതെല്ലാം വിധത്തിൽ എത്രയെത്ര സംഭവങ്ങൾ നടക്കുന്നു! ഒന്നിനൊന്നു തുടൎന്ന് നീണ്ടുനീണ്ടുപോകുന്നു

സംഭവങ്ങൾ എന്നപോലേതന്നെ, ഒരൊററ വിചാരംകൊണ്ട്—ഒരൊററ നോട്ടംകൊണ്ടു കാണാവുന്ന ചെറു സംഭവങ്ങളും നമുക്കു ചുററും നടന്നുകൊണ്ടിരിക്കുന്നുണ്ട്, മനസ്സിന് ആവജ്ജകമായിത്തോന്നുന്ന സംഭവമേതും—അതു ചെറുതായാലും വലുതായാലും, അതു ഗുരുതരമായാലും ലഘുതരമായാലും—സാഹിത്യകാരന്മാരുടെ പേനത്തുമ്പിന് വിഷയമായിത്തീരുവിക്കുന്നു. അത്തരത്തിൽ ഒരു ചെറുസംഭവം പരാനുഭവത്തിൽ നിന്നെടുത്ത്, എൻെറ വിചാരാനുഭവങ്ങളിൽ വെച്ച് ണക്കി രൂപപ്പെടുത്തി പുറത്തു വിടുകയാണ് ഇതാ ചെയ്യിരിക്കുന്നത്. അതുകൊണ്ട്, ഇതിലെ കഥാവസ്തുവിൻെറ ഗുരുലഘുത്വത്തെപ്പററിയ ആക്ഷേപത്തെ ഞാൻ ഒട്ടും സാരമായി ഗണിക്കുന്നില്ലെന്ന് വിനയപൂർവ്വം വാദിച്ചുകൊള്ളുന്നു. ഇടത്തരത്തിൽപ്പെട്ട ഒരു കുഡുംബത്തിൽ സുന്ദരമാംവണ്ണം വികസിച്ചുകണ്ട അനുരാഗപുഷ്പത്തെ വരച്ചുകാണിക്കുന്ന എൻെറ ഈ ചിത്രം വിവിധരൂപങ്ങളെക്കൊണ്ടും വിവിധഭാവങ്ങളെക്കൊണ്ടും തിങ്ങിനിറഞ്ഞിരിക്കുന്നില്ലെന്നോ; ഇപ്പോൾ അധികമധികമായി പുറത്തു വന്നുകൊണ്ടിരിക്കുന്ന മററുപല കഥാചിത്രങ്ങളെപ്പോലെ ഇത് കാണിയുടെ മനസ്സിനെ ഭയസംശയങ്ങളാൽ സംഭ്രാന്തമാക്കിത്തീക്കുന്നില്ലെന്നോ വെച്ച്—ആ ഒരു കാരണംകൊണ്ടുമാത്രം—ഇതിനെ മഹാജനങ്ങൾ അനാദരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കായ്യകാരണഗതിക്കും, ലോകാനുഭവങ്ങൾക്കും ഈ കൃതിയിലെ സംഭവം യോജിക്കുന്നുണ്ടോഎന്ന് കൂട്ടിയിണക്കിനോക്കി, അതിനെപ്പററി ചെയ്യുന്ന നിരൂപണങ്ങൾ തീച്ചയായും എൻെറ ഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകുന്നതാണ്.

പരസ്പരം അനുരൂപന്മാരായ ബാലികാബാലന്മാരെ—അവർ വിഭിന്നകുലജാതന്മാർ തന്നെയായിരിക്കട്ടെ—ഒന്നിച്ചു വളരുവാൻ വിടുക, ഒടുക്കം അവർ കാമിനികാമുകന്മാരായിത്തീരുക, അത് രക്ഷിതാക്കന്മാക്ക് സമ്മതമല്ലാതായിവരിക, ഇതു

നിമിത്തം പല തരക്കേടുകൾക്കും ഇടയാകുക — ഇങ്ങിനെയുള്ള സംഭവങ്ങൾ ഈ നാട്ടിൽത്തന്നെ ഒട്ടും ദുൎല്ലഭമല്ല. രക്ഷിതാക്കന്മാരുടെ മുൻകരുതലില്ലായ്മയുടെ ഫലമാണിത. ബാല്യസ്നേഹം കൃഷ്ണനുണ്ണിയെയും ദേവകിക്കുട്ടിയെയും അനുരാഗബന്ധത്തിൽ കുടുക്കിയതായിക്കാണുകയും; അവർതമ്മിൽ സമുദായാചാരപ്രകാരം വിവാഹബന്ധം അരുതെന്നതിനാൽ തന്റെ കുലധൎമ്മത്തെയും അഭിമാനത്തെയും സംരക്ഷിക്കുന്നതിന്, ആ കാമിനീകാമുകന്മാൎക്ക് മനോവേദനയോ, അവരിൽ തനിക്കുള്ള സ്നേഹബന്ധത്തിന് ആയവോ തട്ടാത്തവിധം ഉടനടി നിവൃത്തിമാൎഗ്ഗം തേടേണ്ടതായി വരികയും ചെയ്യപ്പൊഴാണ് കേശവമേനോൻ കണ്ണുതുറന്നത്. പണം നിസ്സാരമാണെന്നും അത് സമ്പാദിക്കുന്നത് ആൎക്കും അസാദ്ധ്യമായുള്ളതല്ലെന്നും കൃഷ്ണനുണ്ണി നൈരാശ്യത്താൽ അന്ധനായിരിക്കുന്ന അവസരത്തിൽ ദേവകിക്കുട്ടിയോടായി ഊററംപറഞ്ഞതുകേട്ട് ക്ഷുഭിതനായിത്തീൎന്ന കേശവമേനോന്, തേടിയവള്ളി കാലിൽ ഇരടിയപോലെ, തന്റെ ഉദ്ദേശ്യം സാധിപ്പാൻ പെട്ടെന്ന് നല്ലൊരുവഴി കണ്ടുകിട്ടി; അ ഉപ്രകാരം അദ്ദേഹം പ്രവൎത്തിക്കയും ചെയ്തു. ഇത് അസംഭാവ്യമാണോ? ഇത് സമുദായഗതിക്ക് യോജിക്കാത്തതാണോ? ഉൽകൃഷ്ടവിചാരങ്ങളോടുള്ള സമ്പൎക്കത്തിൽനിന്ന് ഒട്ടും അകലാതെ, ദുരഭിമാനത്തെ പരിത്യജിച്ച് — കൃഷ്ണനുണ്ണി കൂലിവേലയെ കൈക്കൊണ്ടത് യുക്തമായില്ലെന്നോ; ദുരഭിമാനപ്രേരിതരായി, തൊഴിലില്ലാത്തവരായി, ദുൎവ്യയദാസന്മാരായിക്കഴിയുന്ന ഇന്നത്തെ നായർയുവാക്കന്മാൎക്ക കൃഷ്ണനുണ്ണിയുടെ ആ കൃത്യം നല്ലൊരു പാഠമായിത്തീൎന്നിട്ടുണ്ടെന്നോ — എങ്ങിനെയാണ് വായനക്കാർ ഗണിക്കുകയെന്നു കാണുവാൻ ഞാൻ കൌതുകപൂൎവ്വം കാത്തിരിക്കുന്നു.

ഈ കഥ ദുഃഖപൎയ്യവസായിയാണെന്ന അതൃപ്തിയിൽ

നിന്നാണല്ലോ മൂന്നാമത്തെ ആക്ഷേപത്തിന്റെ പുറപ്പാട. പാപകമ്മങ്ങളിൽനിന്നു ദുഃഖവും, പുണ്യകമ്മങ്ങളിൽനിന്നു സുഖവുമല്ലാതെ, മറിച്ചായി വരികയില്ലെന്നത് സിദ്ധംതന്നെ. ശുഭവിചാര പൂൎണ്ണന്മാരായ കൃഷ്ണനുണ്ണിക്കും ദേവകിക്കുട്ടിക്കും ഒടുക്കം സുഖമാവണംഫലം എന്ന ദിഘ്ദൎശനവും ശരിതന്നെ. എന്നാൽ, അവർ സുഖത്തിലേക്കിറങ്ങിവരാതെ ലോകത്തിൽനിന്നു മറഞ്ഞുപോയത് എന്തുകൊണ്ട്? മായാപ്രപഞ്ചക്ലേശങ്ങളിൽനിന്ന് വിമുക്തരായി ശാശ്വതസുഖസ്ഥാനത്തേക്ക് ഉയൎന്നുചെന്ന നായികാനായകന്മാൎക്ക് അനുഭവമാകാവുന്ന ആ പരമാനന്ദത്തെപ്പററി ഊഹിപ്പാൻ ശക്തിയുള്ളവരാരും ഈ കൃതി ദുഃഖപൎയ്യവസായിയാണെന്ന് പറയുകയില്ലാ, നിശ്ചയം. പരിപൂൎണ്ണവും പരിശുദ്ധവുമായ പ്രേമവും ഭക്തിയും രണ്ടല്ല. ഭക്തിയുടെ അന്താ സാക്ഷാൽകാരം, അഥവാ, ഐക്യംതന്നെയാണല്ലോ. നമ്മുടെ ഈ കാമിനീകാമുകന്മാർ പ്രേമപൂൎണ്ണന്മാരായി ഐക്യം പ്രാപിച്ചുപോയി; അതോടേ അവർ അദൃശ്യരാകയും ചെയ്തു. ഭേദഭാവത്തിൽ നിന്നാണ് ഈ പ്രപഞ്ചം തന്നെ ദൃശ്യമായി വന്നിരിക്കുന്നത്. അത് അഭേദഭാവത്തിൽ, അല്ലെങ്കിൽ, ഐക്യത്തിൽ ആകുമ്പോൾ അദൃശ്യമായിട്ടാണ് ഭവിക്കുക; ഇത് വേദസിദ്ധാന്തമാണ്. ഈ പ്രപഞ്ചത്തിലെ സുഖദുഃഖങ്ങളിൽ ഏറിയകാലം കിടന്നുമറിയാതെ, ലോകൎക്ക് പിൻകാലത്തിൽ കൊയ്യെടുത്ത് അനുഭവിക്കാൻ തക്ക നല്ല വിത്തുകൾ വിതച്ചുകൊടുക്കേണ്ട കടമയെ, ഏതെങ്കിലുമൊരു പ്രകാരത്തിൽ നിൎവ്വഹിച്ചപിന്നെ ഐക്യംപ്രാപിച്ച് അദൃശ്യരായിത്തീരുന്ന മനുഷ്യർ മഹാന്മാരല്ലയോ! അവരിൽനിന്ന് ഇനിയുമധികം കിട്ടേണമെന്നുള്ള മോഹംകൊണ്ടാണ് അവർ അദൃശ്യരാകുമ്പോൾ മററുള്ളവർ നൈരാശ്യപ്പെടുകയോ, ദുഃഖിക്കയോ ചെയ്യുന്നത്.. ഇക്കൂട്ടരുടെ അതിമോഹത്തെ തൃപ്തിപ്പെ

ട്ടുവാൻവേണ്ടി ഈ. കഥയെ മററൊരുവഴിയിൽ തിരിച്ചുവിട്ടുന്നത് യുക്തമാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈവക കാരണങ്ങളാൽ മുൻപറഞ്ഞ ആക്ഷേപങ്ങൾ മൂന്നിനെയും എനിക്ക് ഖണ്ഡിച്ചുനില്ക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നത്. ഈ ആക്ഷേപങ്ങൾ വല്ലതിനെയും ഇതിലധികം യുക്തിയോടുകൂടി ആരാനും മേലിൽ പുറപ്പെടുവിക്കുന്നതായാൽ, അതിനെ ഖണ്ഡിക്കുന്നതിന് എനിക്കു ശക്തിയില്ലെന്നു വരുമ്പോൾ, തീച്ചയായും ഞാൻ അതിനു വഴിപ്പെട്ടുകൊള്ളുന്നതാണ്.

ഇതിലധികമൊന്നും ഇവിടെ എനിക്കു മുഖവുരയായി പറവാനില്ല. അററകുററങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെമാൎഗ്ഗത്തെ കഴിയുന്നെടത്തോളം വെടുപ്പാക്കിത്തരേണ്ടഭാരം ഞാൻ മഹാജനങ്ങളിൽ സമൎപ്പിച്ചുകൊള്ളുന്നു.

നല്ലേപ്പിള്ളി, } വാരിയത്ത് ബാലകൃഷ്ണമേനോൻ.
൧൦൭൨ കുംഭം ൨൰-ാംനു }

# നോട്ടീസ്

---

പല മാന്യന്മാരിൽനിന്നും, പത്രങ്ങളിൽനിന്നും സാക്ഷിപത്രങ്ങൾ കിട്ടീട്ടുള്ള കെ. പി. കുട്ടിശ്ശങ്കരപ്പണിക്കർ, ബി. എ. അവർകളുടെ

"കല്യാണിക്കുട്ടി"

എന്ന ഒരു ചെറിയ ഗാനനാടകപുസ്തകം താഴെകാണുന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടുന്നതാണെന്ന് ഇതിനാൽ മാന്യന്മാരെ അറിയിച്ചുകൊള്ളുന്നു.

**P. S. Menon,**
Managing-Proprietor,
Durgalaya Press,
Chittur-Cochin.

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS
UNIVERSITY LIBRARY
MADRAS

# പ്രേമബന്ധം.

## ഒന്നാം അദ്ധ്യായം.

കേശവമേനോൻ എന്തോ തിരക്കോടെ എഴുതികൊണ്ടിരിക്കയാണ്. ആ വിഷയത്തിൽ അദ്ദേഹത്തിൻെറ മനസ്സ് ഏകാഗ്രമായി ഊന്നിയിരിക്കുന്നു. അടുക്കളപ്പണികളിൽനിന്ന് അല്പനേരം അകന്നിരിക്കുവാൻ അവസരം കിട്ടിയപ്പോൾ, ആ സമയത്തെ ഭർത്താവൊന്നിച്ച് വിനോദിക്കുവാനായി വിനിയോഗിക്കാമെന്ന താല്പര്യത്തോടെ അമ്മുക്കുട്ടി മുകളിൽവന്ന് അതാ ആ മുറിയിലേക്ക് കടന്നുചെല്ലുന്നു. ഭർത്താവ് അനന്യചിന്തനായി എഴുതികൊണ്ടിരിക്കയാണെന്ന് കണ്ടപ്പോൾ അമ്മുക്കുട്ടിയുടെ ഭാവം പെട്ടെന്ന് മാറി. അവൾ അനക്കംകൂടാതെ പതുക്കെപ്പതുക്കെ മുന്നോട്ട് നീങ്ങിത്തുടങ്ങി. കൈവളകൾ കാപ്പിൽമുട്ടി കിലുങ്ങാതിരിക്കേണ്ടതിനായി കൈകളെ മാറിൽ ചേർത്തമർത്തി. കസാലയുടെ പിമ്പുറത്തുചെന്നു മറഞ്ഞ് ഒരു നിമിഷനേരം നിശ്ചലയായി നിന്നു. ഉടനെതന്നെ അവൾ ഭർത്താവിൻെറ കണ്ണുകൾ മുറുകെ അടച്ചുപൊത്തി. അങ്ങിനെ അവൾ അവിടെ വിജയഭാവത്തോടെ പുഞ്ചിരിച്ചുകൊണ്ടു നില്പായി.

കേശവമേനോൻ ക്ഷണത്തിൽ ആളെ അറിഞ്ഞു. "അമ്മുക്കുട്ടി! വിട്ടു, വിട്ടു; കളിമതിയാക്കൂ", എന്നിങ്ങിനെ സ്വരഭേദത്തോടെ അദ്ദേഹം ഉച്ചരിക്കയും കൈകളെ ബലത്തോടെ പിടിച്ചുവലിച്ച് അകററുകയും ചെയ്തു. ഭർത്താവിൻെറ ഈ പ്രതികൂലഭാവം അമ്മുക്കുട്ടിക്ക് ഒട്ടും രസമായിട്ടില്ല. അവൾ ഭർത്താവിൻെറ മുഖത്തെ പുഞ്ചിരിയോടാണ് നോക്കിയതെങ്കിലും, ആ പുഞ്ചിരി

വെള്ളക്കാറിന്നിടയിൽക്കൂടിയുള്ള ചന്ദ്രികപോലെ മങ്ങിക്കൊണ്ടിരുന്നു. എഴുതിക്കൊണ്ടിരുന്ന കടലാസ്സിൽ മഷിതെറിച്ച് ചീത്തയായതിനാലും, ഏകാഗ്രമായിരുന്ന മനോഭാവം പര്യാകുലമാകയാലും കേശവമേനോന്ന് കലശലായ ദേഷ്യമുണ്ടായി.

"ആരായാലും കുറെയൊക്കെ പഠിപ്പും പരിചയവും വേണം. അവസരം നോക്കാതെ എന്തെങ്കിലും കാണിക്കുന്നത് തോന്ന്യവാസമാണ്. കളി കുറെ കവിയുന്നു. പോകൂ? പണിവല്ലതുമുണ്ടെങ്കിൽ അതു നോക്കൂ?"

ഉള്ളിൽ കലങ്ങിമറിഞ്ഞു കൊണ്ടുവന്ന ദേഷ്യം കേശവമേനോൻ ബലാൽ അടക്കിനിർത്തി. അമ്മുക്കുട്ടി മുഖം വീർപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അവൾ ഒന്നുംമിണ്ടാതെ തിരിഞ്ഞു നടന്നുതുടങ്ങി. കേശവമേനോൻ ഒന്നുരണ്ടു നിമിഷനേരം മറെറാരിടത്തേക്കു നോക്കി ചിന്താമഗ്നനായിരുന്നതിൽപിന്നെ, തന്നെത്താൻ ഇങ്ങിനെ പിറുപിറുത്തു:—

"കഷ്ടം! ലേശം വിദ്യാഭ്യാസമില്ലാത്തവരോടുകൂടി സഹവാസം ചെയ്യേണ്ടിവരുന്നത് സങ്കടംതന്നെ. പറഞ്ഞുകൊടുത്താൽ അവക്ക് മനസ്സിലാവില്ല; ആലോചിച്ചറിവാൻ അവക്ക് ശക്തിയുമില്ല."

കേശവമേനോൻ വീണ്ടും എഴുതിത്തുടങ്ങുവാനായി കടലാസ്സുകൾ ഒതുക്കിവെച്ച് തൂവലെടുത്തു പിടിച്ചു. എന്നാൽ മനസ്സ് നിലക്കുനില്ക്കായ്കയാൽ, വെറുപ്പോടെ തൂവൽ മേശപ്പുറത്തിട്ട്, ഏതോ ഒരു പുസ്തകം വലിച്ചെടുത്ത്, കസാല തിരിച്ചുനീക്കി, ആ പുസ്തകത്തിലെ ഏടുകൾ അങ്ങുമിങ്ങും മറിച്ചുകൊണ്ടിരുന്നു. അമ്മുക്കുട്ടി ആ മുറി കടന്നുപോയത് വളരെ വേഗത്തിലായിരുന്നുവെങ്കിലും, പിന്നെ കോണിപ്പടിവരെ ഒരുവിധം എത്തിച്ചേരുന്നതിന് വളരെ താമസം വേണ്ടിവന്നു. അവളുടെ മുഖത്തിൽ ദേഷ്യഭാവത്തിന് ഒട്ടും കുറവില്ല; എന്നാൽ ഹൃദയം വിഷാദാകുല

മാണ്. ഭർത്താവിൻെറ ഭാവം എന്തെന്നറിയുന്നതിനും അദ്ദേഹത്തെ സമാധാനിപ്പിക്കുന്നതിനും അവൾക്ക് അത്യധികം ആഗ്രഹമുണ്ട്. തിരിയെ പോകുന്നതിനൊ, തിരിഞ്ഞു നോക്കുന്നതിനോ അഭിമാനം സമ്മതിക്കുന്നില്ലെന്നേയുള്ളു. എന്നാൽ, താഴത്തേക്ക് ഇറങ്ങിപ്പോകാമെന്നു വെച്ചാൽ, അത് പ്രേമപാശവും സമ്മതിക്കുന്നില്ല. അവൾ അങ്ങിനെ കുറച്ചുനിമിഷനേരം അവിടെത്തന്നെ നിന്നു. ഒടുക്കം, അവൾ എന്തോ എടുക്കുവാനെന്ന ഭാവത്തിൽ ബദ്ധപ്പാടോടെ മുറിയിലേക്ക് കടന്നുവന്നു. അവിടെ ഭർത്താവിരിക്കുന്നുണ്ടെന്ന ഭാവംകൂടിയും അവളിൽ അപ്പോൾ കണ്ടില്ല. ഓവറയിൽ ചെന്ന് എന്തോ ചിലത് ശബ്ദപ്പെടുത്തിയതിൽ പിന്നെ അവൾ വന്നപോലെതന്നെ മടങ്ങിപ്പോകയായി.

അമ്മുക്കുട്ടിയുടെ മനോഗതം കേശവമേനോൻ ശരിയായി ഗ്രഹിച്ചു. അവൾ ഒന്നും എടുക്കുവാനായിട്ടല്ലാ അവിടെവന്നത്. ഭർത്താവ് ആദ്യമായി, തന്നെ സമാധാനിപ്പിക്കുന്നതിന് അവൾ തന്നെ വഴിവെച്ചു കൊടുക്കയാണ്. കേശവമേനോൻെറ മനസ്സ് ഇപ്പോൾ ശാന്തമായിരിക്കുന്നു. ഭാര്യയുടെ മുഖശ്രീ അദ്ദേഹത്തിൽ പ്രേമത്തെ ഇളക്കിവിട്ടു. "അമ്മുക്കുട്ടി! ഇവിടെ വരൂ!" എന്ന് അദ്ദേഹം പുഞ്ചിരിയടക്കിക്കൊണ്ടു വിളിച്ചു. അവൾ ഒന്നും മിണ്ടിയില്ല; അവളുടെ നടത്തത്തിന് വേഗം കൂടിയതേയുള്ളു. കേശവമേനോൻ വീണ്ടും വീണ്ടും വിളിച്ചുതുടങ്ങിയപ്പോൾ, "നല്ലപഠിപ്പും പരിചയവും ഉള്ളവരോട് സംസർഗ്ഗം ചെയ്യാൽ മതി" എന്ന് അവൾ മുഖംതിരിക്കാതെ പരുഷസ്വരത്തിൽ പറഞ്ഞുംകൊണ്ടു നടന്നു.

"അതൊക്കെ അങ്ങിനെതന്നെ ആവാം. ഇപ്പോഴൊന്നു ചോദിക്കാനുണ്ട്. എന്നിട്ട് ഇഷ്ടംപോലെ പോയിക്കൊള്ളുക." എന്ന് കേശവമേനോൻ ഗൌരവഭാവത്തിൽ വിളിച്ചുപറഞ്ഞു.

"എന്താത്? പറയൂ?" എന്ന് ചോദിച്ചുകൊണ്ട് അ

വാം മടങ്ങി വാതില്ക്കൽ വന്നുനിന്നു.

കേശവമേനോൻ—"ഇതുനോക്കൂ. കടലാസ്സൊക്കെ മഷി വീണുചീത്തയായി."

അമ്മുക്കുട്ടി മേശപ്പുറത്തേക്ക് എത്തിനോക്കികൊണ്ട് മുറിക്കുള്ളിൽ കടന്നു.

കേശവമേനോൻ മേശപ്പുറത്തേക്കുതന്നെ നോക്കികൊണ്ട് സാവധാനത്തിൽ തുടൎന്നു പറഞ്ഞു:—"എല്ലാം അമംഗളമാണ്. ദേവകിക്കുട്ടിയുടെ വിവാഹകാൎയ്യത്തെപ്പററി എഴുതിക്കൊണ്ടിരുന്ന എഴുത്താണ് ഇതാ ചീത്തയായി കിടക്കുന്നത്. അമ്മുക്കുട്ടിയുടെ നിൎബ്ബന്ധം സഹിക്കവയ്യാഞ്ഞിട്ട് ഇക്കാൎയ്യത്തെപ്പററിവല്ലതും ആലോചിച്ചു തുടങ്ങാമെന്നു കരുതി. അത് ഇപ്പോഠം വേണ്ടെന്നാണെന്നു തോന്നുന്നു ദൈവേച്ഛ."

ദേവകിക്കുട്ടിയുടെ വിവാഹകാൎയ്യത്തെപ്പററിയുള്ള ആലോചനയോളം സന്തോഷകരമായ വൎത്തമാനം അമ്മുക്കുട്ടിക്ക് ഇപ്പോഠം മറെറാന്നും തന്നെയില്ല. ഇതറിഞ്ഞിട്ട്, അവളെ തൻെറ അരികിലേക്കു വരുത്തുവാൻ കേശവമേനോൻ കളവായി ഒരു പൊടിക്കൈ പ്രയോഗിക്കയാണ് ഇപ്പോഠം ചെയ്യുത്. അമ്മുക്കുട്ടി ഇത് വാസ്തവമായിട്ടോ, അവാസ്തവമായിട്ടോ എങ്ങിനെയാണ് ധരിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ. ഭൎത്താവിനെക്കൊണ്ടുതന്നെ എന്തെങ്കിലും കാരണമുണ്ടാക്കി, അദ്ദേഹത്തിൻെറ അരികിൽ ചെന്നുകൂടേണമെന്ന് അവഠംക്ക് നല്ലവണ്ണം ആഗ്രഹമുണ്ടെന്നുമാത്രം എനിക്കറിയാം. അവഠം മേശയുടെ അരികിലേക്ക് പതുക്കെ വന്നുതുടങ്ങി. മേശപ്പുറത്തുള്ള സാമാനങ്ങഠം ഏറക്കുറെ സ്പഷ്ടമായി കാണാവുന്നെടത്തോളം അരികത്തായി അവഠം എത്തിയപ്പോഠം, കേശവമേനോൻ പെട്ടെന്ന് കുതിച്ചെണീററ് അവളെ പിടികൂടി. പിടിയിൽനിന്ന് വിട്ടൊഴിയുന്നതിനായി അവഠം കുറെയൊക്കെ ബലം പ്രയോഗിച്ചുനോക്കിയി

ല്ലെന്നില്ല. അതിലിടക്ക് നാലോ അഞ്ചോ ചുംബനം തനിക്കു കിട്ടുകയാൽ, മനസ്സ് പ്രേമാൎദ്രമാകയും, അങ്ങിനെ ഒരുവക പാരവശ്യം തന്നെ ബാധിക്കയുംചെയ്യു് അവൾ ഭൎത്താവിൻെറ ദേഹത്തിൽ ചാഞ്ഞ് ഒതുങ്ങിനിന്നുപോയി. ആ നിലയിൽത്തന്നെ, കേശവമേനോൻ പിന്നടിയായി നീങ്ങിനീങ്ങി കട്ടിലിന്മേൽ ചെന്നിരുന്നു. അവളുടെ അഴിഞ്ഞുലഞ്ഞ തലമുടി ഒതുക്കിക്കൊണ്ട് കേശവമേനോൻ പറഞ്ഞു:—

"മുഖത്തു നോക്കുമ്പൊഴെക്കും ദേഷ്യം വന്നുകഴിയും. അവസരം നോക്കാതെ എപ്പോഴും കളിതന്നെയായാൽ, എങ്ങിനെയാണ്?"

അമ്മുക്കുട്ടി:—"ആൎക്കാണാവോ ദേഷ്യംവന്നത്? പഠിപ്പും പരിചയവുമില്ലാത്തവർ എന്തുകാണിച്ചാലും വിദ്വാന്മാൎക്ക് രസമാവില്ലല്ലോ."

കേ. മേ:—"ഇനിഅതിനെപ്പററി വീണ്ടും വീണ്ടും പറഞ്ഞു തുടങ്ങും. ദേഷ്യംവരുമ്പോൾ എന്തെങ്കിലും പറഞ്ഞുവെന്നു വരില്ലേ?"

അ. കു:—ദേഷ്യമില്ലാത്തപ്പോൾ എന്തെങ്കിലും പറയുന്നതിനോ?

ദേവകിക്കുട്ടിയുടെ വിവാഹകാൎയ്യത്തെപ്പററി എഴുതിയ കത്തിൽ മഷിവീണ് ചീത്തയായിരിക്കുന്നുവെന്ന് താൻ കളവായി പറഞ്ഞിട്ടുള്ളതിനെയാണ് അമ്മുക്കുട്ടി ഇപ്പോൾ സൂചിപ്പിക്കുന്നതെന്ന് കേശവമേനോൻ ക്ഷണത്തിൽ ഗ്രഹിച്ചു.

"അങ്ങിനെ കളവു പറഞ്ഞിട്ടില്ലെങ്കിൽ അമ്മുക്കുട്ടി ഇപ്പോൾ അരികെ വരുമോ?"

"ഇതിലാണോ പഠിപ്പുംപരിചയവും എനിക്കുംവേണ്ടത്?" എന്ന് അമ്മുക്കുട്ടി ചോദിച്ചു.

കേശവമേനോൻ ഇളിഭ്യനായി. ശകാരം നല്ല കണക്കിൽ

പററി. "അമ്മുകുട്ടീ! ഞാൻ പറഞ്ഞത് തെററിപ്പോയി; സമ്മതമായോ? ഇനിയെങ്കിലും ശകാരിക്കാതിരിക്കു" എന്ന് അദ്ദേഹം ക്ഷമായാചനം ചെയ്തു.

അമ്മുകുട്ടി—"ഞാൻ ആരെയും ശകാരിക്കാറില്ല അതിന്ന് എനിക്ക് അധികാരവുമില്ല. പക്ഷേ—"

കേ. മേ—"പക്ഷേ—?"

അ. കു.—കളിയായിട്ടോ, കളവായിട്ടോ എന്തെങ്കിലും ഇങ്ങിനെ പറഞ്ഞുംകൊണ്ട് നാൾ നീട്ടിക്കൊണ്ടിരുന്നാൽ—"

കേ. മേ—"പറയൂ. തുറന്നു പറയൂ. നാൾ നീട്ടിക്കൊണ്ടിരുന്നാൽ—?"

അ. കു—"കാലം അറിഞ്ഞ് കാര്യം നടത്താതിരുന്നാൽ വരുന്നതൊക്കെ അനുഭവിക്കേണ്ടിവരും: അത്രതന്നെ."

കേ. മേ—"അമ്മുകുട്ടീ! ഇക്കാര്യത്തിൽ ഇത്രയൊക്കെ ആവലാതിപ്പെടാൻ എന്താണുള്ളത്? ദേവകിക്കുട്ടിക്ക് വയസ്സ് പതിനാറ കഴിഞ്ഞല്ലേയുള്ളു. ഒന്നാമത്, വിവാഹകാര്യത്തിൽ ബദ്ധപ്പെടേണ്ട ഘട്ടം ആയിട്ടില്ല. പിന്നെ, മുമ്പും പിമ്പും നോക്കാതെ ആൎക്കെങ്കിലും പിടിച്ചുകൊടുത്താൽ മതിയോ?

അ. കു—"ആൎക്കെങ്കിലും കൊടുത്തുകൂടാ. കൊടുക്കേണ്ടവൎക്ക് കൊടുത്താൽമതി."

കേ. മേ—"അമ്മുകുട്ടി പറയുന്നതൊന്നും എനിക്ക് മനസ്സിലാവുന്നില്ല. കൊടുക്കേണ്ടവൎക്ക് കൊടുത്താൽമതി, എന്നാൽ—? അമ്മുകുട്ടി തക്കആളെ കണ്ടുവെച്ചിട്ടുണ്ടോ?"

ഈ ചോദ്യത്തിന്ന് അമ്മുകുട്ടി ഒന്നുംമിണ്ടാതെ നിന്നതേയുള്ളു.

കേ മേ—"ക്ഷമിക്കൂ. ഞാൻ ആലോചിച്ചുകൊണ്ടു വരുന്നുണ്ട്. ഇക്കാര്യത്തിൽ അമ്മുകുട്ടിക്കുള്ളേടത്തോളം താല്പൎയ്യം എനിക്കും ഇല്ലെന്നാണോ ധാരണ".

അ. കു—"മനസ്സിനെ വളരെ ദൂരത്തിൽ വിടുന്നതുകൊണ്ടാണ് അടുക്കെനടക്കുന്നതൊന്നും കാണാനും അറിവാനും കഴിയാത്തത്. പഠിപ്പും പരിചയവും ഉണ്ടെന്ന് അഭിമാനിച്ചാൽ പോരാ. കുറെയൊക്കെ ആലോചനശക്തി വേണം."

കേ. മേ—"അമ്മുക്കുട്ടി എന്തോമനസ്സിൽ വെച്ചുംകൊണ്ടു പറയുന്നതുപോലെ തോന്നുന്നു. കാര്യം തുറന്നുപറയൂ? ഈ പറയുന്നതൊന്നും എനിക്ക് വെളിവാകുന്നില്ല."

അ. കു—"ദേവകിക്കുട്ടി ഇപ്പോഴും കുട്ടിയല്ല. കുറച്ചൊക്കെ പഠിച്ചിട്ടുമുണ്ട്. കാലം പണ്ടത്തേതുമല്ല. മുമ്പിലിരിക്കുന്ന നല്ലൊരു സാധനത്തിൽ ഇഷ്ടം വൎദ്ധിച്ചതിൽപിന്നെ, അതിനെ വിട്ടുകളഞ്ഞ്, കണ്ടും കേട്ടുമറിയാത്ത ദൂരത്തുകിടക്കുന്ന മറെറാരു സാധനത്തെ കൈക്കൊള്ളുവാൻ പറഞ്ഞാൽ അത് അവൾക്ക് സന്തോഷമായിട്ടല്ല വരിക."

കേശവമേനോൻെറ മനസ്സ് പെട്ടെന്ന് ഒന്നുമിന്നി. ചില പുതിയ വിചാരങ്ങൾ അദ്ദേഹത്തിൻെറ മനസ്സിൽ ഉടനുടൻ ഫലിച്ചു. അമ്മുക്കുട്ടിയുടെ മുഖത്തെ തിരിച്ചുയൎത്തി അദ്ദേഹം അൎത്ഥഗൎഭമായൊന്നു നോക്കി. കുറച്ചുനേരത്തേക്ക് രണ്ടുപേരും ഒന്നും മിണ്ടിയില്ല. പിന്നെ, കേശവമേനോൻ അശ്രദ്ധനെന്ന ഭാവത്തിൽ ചോദിച്ചു:—"കൃഷ്ണനുണ്ണി താഴത്തുണ്ടോ?"

ഭൎത്താവിൻെറ മനോഗതം അറിഞ്ഞതിനാൽ ഈ ചോദ്യത്തിന്ന് അമ്മുക്കുട്ടി മറുവടിയൊന്നും പറയാതെ മൌനമായി നിന്നു. കേശവമേനോന്ന് ആദ്യം അല്പം സംശയമുണ്ടായിരുന്നു; ഇപ്പോൾ അതുതീൎന്നു. അദ്ദേഹത്തിൻെറ മനസ്സിൽ ഇപ്പോൾ ഇളകിമറിയുന്ന വികാരവിശേഷങ്ങൾ ഇന്നിന്നവയെന്ന് വിവരിക്കുവാൻ ഞാൻ ആളല്ല. എന്നാൽ, സന്തോഷമെന്നത് ലേശംപോലും ഇല്ലെന്നും, മറെറല്ലാ വികാരങ്ങളെയും താഴ്ത്തിക്കൊണ്ട് കോപം ഉയൎന്നുയൎന്നു വരുന്നുണ്ടെന്നും മാത്രം അദ്ദേഹത്തിൻെറ

മുഖത്ത് തെളിവായി സ്ഫുരിക്കുന്നുണ്ട്. ഒടുക്കം, സംശയത്തോടും വെറുപ്പോടും കൂടി അദ്ദേഹം ചോദിച്ചു:—"എന്താ, കാര്യമൊക്കെ കൈകടന്നു കഴിഞ്ഞുവോ? തറവാട്ടിൻെറ മാനത്തെ നശിപ്പിച്ചുവോ?"

അ. കു—"അത്ര ബുദ്ധികെട്ടവരല്ലാ അവർ" എന്ന് ചൊടിച്ചുംകൊണ്ടു പറഞ്ഞു.

കേശവമേനോന്ന് അല്പം സമാധാനമായി.

കേ. മേ—"ഇതെല്ലാം മുളയിൽത്തന്നെ നുള്ളിക്കളയേണ്ടതാണെന്നറിഞ്ഞിട്ടും,—കഷ്ടം! ഒളിച്ചും മറച്ചുംകൊണ്ടു പറഞ്ഞാൽ ഞാനെങ്ങിനെ കാര്യം മനസ്സിലാക്കും? ആവട്ടെ; ഇനി വേണ്ടപോലേ ചെയ്യാം. ഇരിമ്പും കാന്തവും അടുത്തടുത്തു വെച്ചുകൂടാ."

അമ്മുക്കുട്ടി കേശവമേനോൻെറ മുഖത്ത് ഒന്നു തിരിഞ്ഞു നോക്കി. ആ നോട്ടത്തിൽനിന്ന് കുറെ തീപ്പൊരികൾ അദ്ദേഹത്തിൻെറ മനസ്സിലേക്ക് പാഞ്ഞുചെന്നുവോ എന്നു തോന്നിപ്പോയി. കേശവമേനോൻ വല്ലാതെയൊന്ന് പരിഭ്രമിച്ചു. തൻെറ മനോഗതിക്ക് അനുകൂലിച്ചുകൊണ്ടാണ് അമ്മുക്കുട്ടിയുടെ പോക്കെന്നായിരുന്നു കേശവമേനോൻ വിശ്വസിച്ചിരുന്നത്. ആ വിശ്വാസം അബദ്ധമാണെന്ന് ഇപ്പോൾ തെളിവായി. "എന്ത്? ഇത് യുക്തമാണെന്നോ അമ്മുക്കുട്ടി പറയുന്നത്?" എന്ന് അദ്ദേഹം മുഖംചുളിച്ചുംകൊണ്ടു ചോദിച്ചു. "ആലോചനകൂടാതെ എന്തെങ്കിലും പ്രവൎത്തിച്ചാൽ ഒടുക്കം അവനവൻതന്നെ ദുഃഖിക്കേണ്ടിവരും. മുററത്തെ മുല്ലക്ക് മണമുണ്ടാവില്ല" എന്ന് പരുഷസ്വരത്തിൽ പറഞ്ഞുംകൊണ്ട് അമ്മുക്കുട്ടി പെട്ടെന്ന് ആ മുറിവിട്ടു പോയി. കേശവമേനോൻ ഒന്നു നെടുവീൎപ്പിട്ട്, ആ കട്ടിലിൽ മലൎന്നുകിടന്ന് ചിന്തയിൽ ആണ്ടു.

## രണ്ടാം അദ്ധ്യായം.

---

സ്ഥാനമാനങ്ങൾകൊണ്ടും, പ്രഭുത്വംകൊണ്ടും പണ്ടേക്കു പണ്ടേ കീൎത്തിപ്പെട്ട തിരുമനത്തറവാട്ടിലെ ഒരംഗമാണ് കേശവമേനോൻ. ഇദ്ദേഹം ബി. എൽ. പരീക്ഷയിൽ ജയിച്ചിട്ട് ൦ദിരാശിയിൽ കുറെക്കാലം വക്കീൽവേലയിൽ പരിചയിച്ചതിൽ പിന്നീട്, പാലക്കാട്ട് വന്നുകൂടീട്ട് ഒരു മൂന്നുകൊല്ലത്തിലധികമായിട്ടില്ല. വയസ്സ് ഏറെക്കുറെ മുപ്പത്തഞ്ചായി. സമ്പാദ്യംതന്നെ കുറവാണെങ്കിലും, തറവാട്ടു സ്വത്തായിട്ടും, സ്വകാൎയ്യസ്വത്തായിട്ടും ധാരാളം പണമുള്ളതുകൊണ്ട് ജീവിതം ഉയൎന്നനിലയിൽ തന്നെയാണ്. പൊതുവേ കീൎത്തിമാനായിത്തീരേണമെന്ന മോഹം ഇദ്ദേഹത്തിന്ന് നല്ലവണ്ണമുണ്ട്. ഇതുനിമിത്തം സ്വാഭിപ്രായത്തെ മറച്ചും, സ്വാനുഭവത്തെ കവിഞ്ഞും പലതും പ്രവൎത്തിക്കേണ്ടതായി വരുന്നുണ്ട്. സഭകളിൽ അഗ്രാസനം വഹിക്കുക, മുൻസിപ്പാലിററി, ലോക്കൽബോർഡ് എന്നീ സ്ഥാപനങ്ങളിൽ അംഗമായിചേരുക എന്നിതുകളിൽ ഇദ്ദേഹത്തിന് ബഹു ഉത്സാഹമാണ്. തന്നെപ്പററി പത്രങ്ങളിൽ വല്ലതും പുകഴ്ത്തി എഴുതുന്നതുപോലെ ഇദ്ദേഹത്തിന് സന്തോഷകരമായി മറെറാന്നും തന്നെഇല്ല. സൎക്കാരുദ്യോഗസ്ഥന്മാരെയും, പത്രാധിപന്മാരെയും സല്ക്കരിക്കുന്നതിന് പണം എത്രയെങ്കിലും ചെലവിടുവാൻ ഒരുക്കമാണ്. കെട്ടുകല്യാണത്തിൻെറ നിരൎത്ഥകത, സ്ത്രീകളുടെ അസ്വാതന്ത്ര്യത, വിവാഹത്തിൻെറ അനിയന്ത്രത എന്നീ വിഷയങ്ങളെപ്പററി പ്രസംഗിക്കയും, താൻ ഒരു ശരിയായ സമുദായ പരിഷ്കാരിയാണെന്ന് ഇതരന്മാരെ ധരിപ്പിക്കുവാൻ ശ്രമിക്കയും ചെയ്യുന്നത് സാധാരണമാണ്. ഇങ്ങിനെ, ഇദ്ദേഹം നാട്ടുകാരുടെ ഇടയിൽ നല്ലൊരുപേർ പരത്തിക്കൊണ്ടു വരുന്നു. വാസ്തവം തുറന്നുപറകയാണെങ്കിൽ—തൻെറ ഈ വക കൎമ്മങ്ങ

ളുടെ ഉദ്ദേശ്യമെന്തെന്ന് കേശവമേനോന്ന് തന്നെ അറികയില്ല. ഇങ്ങിനെയോരോന്നു ചെയ്താൽ യശസ്വിയാവാമെന്ന് ഇദ്ദേഹത്തിന്ന തോന്നീട്ടുള്ളതിനാൽ, മററുള്ളവർ കാട്ടുന്നതുപോലെ താനും ചിലതു കാട്ടിക്കൂട്ടുന്നുവെന്നേയുള്ളു. തൻെറ മനസ്സിൽ ഒര ഭിപ്രായവുംനിലനില്ക്കാറില്ല. കെട്ടുകല്യാണം അരുതെന്ന് വിരോധിക്കുന്നവരിൽ താനും ഒരുവനാണെങ്കിലും, തന്നോട് സമത്വമുള്ള മറെറാരാൾ കേമമായി കല്യാണം കഴിച്ചാൽ, അതിലുംകേമമായിഅതുകൊണ്ടാടുവാൻ താൻഒരുങ്ങിയെന്നുവരും. മററുചിലർ നന്നെന്നു പറയുമെന്നുതോന്നുന്ന ഏതു വിഷയത്തിലും—അവ ഒന്നിനൊന്നു വിരോധമായിരുന്നാൽ കൂടിയും—മുൻപിൻ നോക്കാതെ ഇദ്ദേഹം സന്തോഷത്തോടേ പ്രവേശിച്ചുകഴിയും. എല്ലാവൎക്കും നല്ലവനായിരുന്നിരുവാനുള്ള ഈ ശ്രമങ്ങളുടെ ഫലമായി മററുപലൎക്കും ഒരുവക നീരസമാണ് ഉണ്ടായിക്കൊണ്ടുവരുന്നതെന്ന വാസ്തവം ഈ സാധു അറിയാറില്ല. ലോകംപാടേ പ്രണത്തിൽ മയങ്ങിയിരിക്കുന്ന കാലമായതുകൊണ്ട് ഈ വാസ്തവം ഇദ്ദേഹത്തോട് ആരും തുറന്നുപറയുവാൻ ധൈൎയ്യപ്പെടാറില്ല.

പഠിച്ചുപാസ്സായ മററുചില സ്ത്രീകളെ കാണുമ്പോഴൊക്കെയും തൻെറഭാൎയ്യ വിദ്യാവിഹീനയാണല്ലോ എന്ന് ഇദ്ദേഹം ലജ്ജിക്കാറുണ്ട്. ഇതിനെപ്പററി ഭാൎയ്യയോടുതന്നെ പലപ്പോഴും തുറന്നു പറയാറുമുണ്ട്. എന്നാൽ, വിവാഹംകഴിഞ്ഞിട്ട് ഇപ്പൊഴേക്ക് നാലോ അഞ്ചോ കൊല്ലമായിട്ടും, ഭാൎയ്യയെ വല്ലതുമല്പം പഠിപ്പിക്കുന്നതിന് ഇദ്ദേഹത്തിന് എന്തുകൊണ്ടു കഴിഞ്ഞില്ല? ഇതേചോദ്യം അമ്മുക്കുട്ടിതന്നെ ഇദ്ദേഹത്തോട് ചോദിക്കാറുണ്ട്. അതിന്ന് ഇദ്ദേഹം ഇന്നുവരെ ഒരുശരിയായ മറുവടി പറഞ്ഞിട്ടുള്ളതായി തോന്നുന്നില്ല. കലാശാലാബിരുദം നേടീട്ടുണ്ടെങ്കിലും, മററുള്ളവരെ തെററിധരിപ്പിപ്പാനും ബാഹ്യാഡംബരങ്ങൾക്കായി ഓരോന്ന് കാട്ടിക്കൂട്ടുകയും, പണം അധികമായി ചെല

വിടുകയും ചെയ്യുന്ന കേശവമേനോനോ, അക്ഷരജ്ഞാനം കുറവാണെങ്കിലും, സ്വജീവിതത്തെ ശുദ്ധമായ നിലയിൽ കൊണ്ടു നടത്തുന്ന അമ്മുക്കുട്ടിക്കോ, ആൎക്കാണ് അധികം വിദ്യാഭ്യാസമുള്ളതെന്ന് വായനക്കാർതന്നെ വിചാരിച്ചുനോക്കുക. കേശവമേനോൻെറ ഈവക ചേഷ്ടിതങ്ങളൊന്നും അമ്മുക്കുട്ടിക്ക് രസിക്കാറേയില്ല. ഇതുനിമിത്തം ഇവൎക്കുതമ്മിൽ പലപ്പോഴും മുഷിച്ചിലുണ്ടാവാറുണ്ട്. സൂക്ഷ്മത്തിൽ, അമ്മുക്കുട്ടിയുടെ പിടിത്തം കൊണ്ടാണ് കേശവമേനോന് കുറെയെങ്കിലും നിലയുറപ്പുള്ളത്. ഗൃഹകൃത്യങ്ങളിൽ എപ്പൊഴും ഉണൎച്ചയോടെ ഇരുന്നുകൊണ്ട്, സൎവ്വകൎമ്മങ്ങളും മിതമായും ക്രമമായും നടത്തുന്നതിന് അവൾക്ക് ബഹു സാമൎത്ഥ്യമാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസം അത്യാവശ്യകമാണെന്ന ബോധവും, അതുതനിക്ക് വേണ്ടപോലെ ഇല്ലായ്കയാൽ സങ്കടവും അവൾക്ക് നല്ലവണ്ണമുണ്ട്. എന്നാൽ, സഭകളെന്നോ കാഴ്ചകളെന്നോ പറഞ്ഞ് തെളിഞ്ഞു ചുറ്റിനടക്കുന്ന പെണ്ണുങ്ങളുടെ വിദ്യാഭ്യാസത്തെപ്പററി അവൾക്ക് പുച്ഛമാണുണ്ടാകാറുള്ളത്. പുരാണകഥകൾ, ചരിത്രങ്ങൾ, കാവ്യനാടകങ്ങൾ എന്നിവ വായിച്ചുകേട്ട് ജീവിതതത്വങ്ങൾ ഗ്രഹിക്കുന്നതിന അവൾക്ക് വളരെ താല്പൎയ്യമുണ്ട്. ദിവസേന കുറെനേരം ദേവകിക്കുട്ടിയെക്കൊണ്ടോ, കൃഷ്ണനുണ്ണിയെക്കൊണ്ടോ ഈവക ഗ്രന്ഥങ്ങളോരോന്ന് വായിപ്പിച്ച് താൻ കേട്ടുകൊണ്ടിരിക്കുക പതിവാണ്.

കേശവമേനോൻെറ മരുമകളാണ് ദേവകിക്കുട്ടി. രണ്ടു കൊല്ലത്തിനുമുമ്പേ, അവളുടെ അമ്മ മരിക്കയാൽ പാലക്കാട്ട് വന്ന് അമ്മാമനൊന്നിച്ചു താമസമാക്കി. മലയാളഭാഷ നല്ലവണ്ണം വായിപ്പാനും തെററുകൂടാതെ എഴുതുവാനും അവൾക്കറിയാം. ഒരു മിഡിൽസ്കൂൾ വിദ്യാൎത്ഥികളുടെടത്തോളം ഇംഗ്ലീഷ് ഭാഷാജ്ഞാനവുമുണ്ട്. രാമായണം, മഹാഭാരതം മുതലായ പുരാ

ണകഥകൾ അമ്മയിൽനിന്ന് പറഞ്ഞുകേൾക്കയും, അവയിലെ ഉത്തമപാത്രങ്ങൾക്കുള്ള പോലെ ഉൽകൃഷ്ടമനോഭാവങ്ങൾ തനിക്കും ഉണ്ടാവേണമെന്ന ആഗ്രഹം തന്നിൽ അങ്കുരിക്കയും ചെറുപ്പത്തിൽത്തന്നെ ഉണ്ടായിട്ടുണ്ട്. ഈ ആഗ്രഹത്താൽ പുരാണേതിഹാസങ്ങൾ, നാടകങ്ങൾ, ജ്ഞാനവർദ്ധകങ്ങളായ മററുപല പുസ്തകങ്ങൾ എന്നിവ അവൾ വായിച്ചുരസിച്ചുകൊണ്ടിരിക്കുക പതിവാണ്. അടക്കം, ഒതുക്കം എന്നീഗുണങ്ങൾ അവളുടെ സൌന്ദര്യത്തെ ശതഗുണീകരിച്ചുകൊണ്ടിരുന്നു. അമ്മായി (അമ്മുക്കുട്ടി) ക്കും തനിക്കും തമ്മിൽ അഞ്ചോ ആറോ വയസ്സിനുമാത്രമെ വ്യത്യാസമുള്ളുവെങ്കിലും, അവൾ ഹാർദ്ദമായ ഭക്തിസ്നേഹങ്ങളോടുകൂടിയാണ് അമ്മുക്കുട്ടിയോടു പെരുമാററാറുള്ളത്. പരസ്പരസ്നേഹത്തോടേ സഖികളെന്നവണ്ണം സമഭാവത്തിൽ കളിച്ചുരസിക്കുന്നതിലാണ് ഇവരിരുവൎക്കും അധികം പ്രിയം. പുസ്തകവായനയിൽ ദേവകിക്കുട്ടിക്കുള്ള താല്പൎയ്യവും, അതു കേട്ടുകൊണ്ടിരിക്കുന്നതിൽ അമ്മുക്കുട്ടിക്കുള്ള ആസക്തിയും കൂടിച്ചേരുകയാൽ, നല്ലനല്ല ഗ്രന്ഥങ്ങൾ എപ്പൊഴും വായിച്ചുകൊണ്ടിരിക്കുന്നതിനും, അവയിലെ വിഷയങ്ങളെപ്പററി വിചിന്തനംചെയ്യുന്നതിനും ഇവൎക്ക് ബഹുരസമാണ്. ഇവരെ ഈ വിഷയത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ പുതിയ പുസ്തകങ്ങൾ കൊണ്ടുവന്നു കൊടുക്കുന്നതിനും, അപ്പപ്പൊഴുണ്ടാകുന്ന സംശയങ്ങളെ തീൎക്കുന്നതിനും കൃഷ്ണനുണ്ണി എപ്പൊഴും അരികേ ഉണ്ടുതാനും.

വ്യവഹാരങ്ങൾകൊണ്ടും, ഗൃഹഛിദ്രംകൊണ്ടും തിരുമനത്തറവാട് നാശത്തിലേക്ക് ചാഞ്ഞുതുടങ്ങിയ കാലത്ത് അതിനെ നിലക്കുനിൎത്തി ഇപ്പൊഴത്തെ നിലയ്ക്ക് ഉയൎത്തിഉറപ്പിച്ച കോമരത്ത് നാണുമേനോനെപ്പററി കേൾക്കാത്തവർ ആരുമുണ്ടാകയില്ല. അദ്ദേഹത്തിൻെറ ഒരേ മകനാണ് കൃഷ്ണനുണ്ണി. നാണുമേനോൻ തിരുമനത്തറവാട്ടിലെ മുഖ്യകാൎയ്യസ്ഥനായിരുന്നും

കൊണ്ട്, ആ തറവാട്ടിൻെറ നന്മക്കുവേണ്ടിമാത്രം ജീവകാലം മുഴുവനും ക്ലേശിച്ചുകൊണ്ടിരുന്നതല്ലാതെ, സ്വന്തമായി ഒരു പൈസ്സപോലും സമ്പാദിക്കുന്നതിന് ശ്രമിക്കയുണ്ടായില്ല. തൻെറ ഭാൎയ്യ മരിച്ചുപോയതുകൊണ്ടും, സ്വകുഡുംബത്തിൽ തനിക്ക് വേണ്ടപ്പെട്ടവരായി ആരുമില്ലാതിരുന്നതുകൊണ്ടും പണം സമ്പാദിച്ചുവെക്കേണ്ട ആവശ്യം നാണുമേനോനുണ്ടായില്ല. പണത്തെക്കാൾപഠിപ്പാണ് സുഖജീവിതത്തിന് ഉതകുകയെന്നറിഞ്ഞ് ആ യോഗ്യൻ തൻെറ മകനെ പഠിപ്പിക്കുന്ന കാൎയ്യത്തിൽ എപ്പൊഴും ഉത്സുകനായിരുന്നു. വിദ്യാഭ്യാസ വിഷയത്തിലും, വേറേകാൎയ്യങ്ങളിലും നാണുമേനോനിന്നിന്ന് കേശവമേനോന്ന് പലസഹായങ്ങളും ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. കേശവമേനോൻ നാണുമേനോനെ ഒരു കാരണവരുടെ നിലയിൽ ബഹുമാനിക്കാറാണുള്ളത്. തൻെറ മരണശേഷം തൻെറ മകനെ സംബന്ധിച്ച സൎവ്വഭാരങ്ങളും കേശവമേനോനിലാണ് താൻ ചുമത്തിയിരിക്കുന്നതെന്ന് നാണുമേനോൻ പലപ്പൊഴും പറയാറുണ്ടായിരുന്നു. ഇതിനെപ്പററി ചിലപ്പൊഴെല്ലാം കേശവമേനോനോട് നേരിൽത്തന്നെ പറഞ്ഞിട്ടുമുണ്ട്. നാണുമേനോൻെറ മരണശേഷം കൃഷ്ണനുണ്ണിയെ കേശവമേനോൻ തൻെറ സംരക്ഷണയിൻകീഴിലാക്കുകയും, അവനെ സഹോദരനിൎവ്വിശേഷം സ്നേഹിച്ചുവരികയുംചെയ്തു. കേശവമേനോൻ മദിരാശിയിൽ പാൎക്കുന്നകാലത്ത് കൃഷ്ണനുണ്ണിയെ അങ്ങോട്ടു വരുത്തിയിരുന്നു. അതിന്നുമ്പേ അവൻ മട്രിക്കുലേഷൻ ജയിച്ചിരിക്കുന്നു. പിന്നെ പഠിക്കയുണ്ടായില്ലെങ്കിലും, സൽഗ്രന്ഥങ്ങളോടും സജ്ജനങ്ങളോടും സംസൎഗ്ഗംചെയ്തുംകൊണ്ട് അറിവും അനുഭവവും വളൎത്തിക്കൊണ്ടിരുന്നു. മദിരാശിയിൽചെന്ന് ഒന്നു രണ്ടു കൊല്ലത്തോളമേ പാൎക്കുകയുണ്ടായുള്ളു. അതിലിടയ്ക്ക് അവന്ന് പലപ്പൊഴും ദേഹാസ്വാസ്ഥ്യം നേരിട്ടുകൊണ്ടിരിക്കയാൽ, ദേശസ്ഥിതി യോജിക്കാ

ഷ്ടയാലാണെന്ന് കേശവമേനോൻ ധരിച്ച് അവനെ സ്വഗൃഹത്തിലേക്കുതന്നെ മടക്കിയയച്ചു. പിന്നീട്, കേശവമേനോൻ പാലക്കാട്ട പാപ്പുതുടങ്ങിയ നാൾമുതല്ക്കു കൃഷ്ണനുണ്ണിയും ഒന്നിച്ചു തന്നെയുണ്ട്.

ഒരു കാരണവരുടെ മുമ്പിൽ ഒരനന്തരവനെന്നപോലെ കൃഷ്ണനുണ്ണി കേശവമേനോനോട് ഒതുങ്ങിവണങ്ങിയാണ് പെരുമാറാറുള്ളത്. അങ്ങിനെയാണെങ്കിലും, ചിലസന്ദർഭങ്ങളിൽ അവർ ജ്യേഷ്ഠാനുജന്മാരെപ്പോലെ കുഡുംബകാര്യങ്ങളെപ്പററി സ്വതന്ത്രമായി വിവദിക്കയും, ചിലപ്പോൾ സ്നേഹിതന്മാരെപ്പോലെ വിനോദവർത്തമാനങ്ങൾ പറഞ്ഞ് രസിക്കയും ചെയ്യുന്നതായി കാണാം. എന്നാലും, അപ്പൊഴൊക്കെയും കൃഷ്ണനുണ്ണിയിൽ ഒതുക്കം തെളിവായി സ്ഫുരിക്കുന്നുണ്ടാവും. കേശവമേനോൻെറ മുമ്പിൽ വളരെ ദുർല്ലഭമായിട്ടേ അവൻ ഇരിക്കാറുള്ളു. കുഡുംബകാര്യങ്ങളുടെ സർവ്വാധികർത്തൃത്വമാണ് കൃഷ്ണനുണ്ണിയുടെ ജോലി. നിയമവിഷയത്തിൽ അവന്ന് വാസന കുറവാണ്. എന്നാൽ, ആവക കാര്യങ്ങളിൽ തന്നാൽ ചെയ്യാൻകഴിയുന്നവ, കേശവമേനോൻ പറഞ്ഞിട്ടില്ലെങ്കിൽകൂടിയും, ഉചിതംപോലെ നടത്തുന്നതിൽ അവൻ വീഴ്ചവരുത്താറില്ല. അവൻെറ സ്വഭാവഗുണത്തെപ്പററി കേശവമേനോൻ പലരോടും പുകഴ്ത്തിപ്പറയുക പതിവാണ്. ബഹുജനകാര്യങ്ങളിൽ പ്രവേശിക്കുന്ന ഘട്ടങ്ങളിലെല്ലാം കേശവമേനോന്ന് കൃഷ്ണനുണ്ണിയുടെ സഹായം ആവശ്യമായി വരുന്നുണ്ട്. അദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽ പലതും കൃഷ്ണനുണ്ണിയുടെ തലച്ചോറിൽനിന്ന് ഉണ്ടായിവന്നിട്ടുള്ളതാണെന്ന രഹസ്യം ആരും അറിഞ്ഞിട്ടില്ല.

കേശവമേനോനെക്കാൾ കൃഷ്ണനുണ്ണിയെ അധികം സ്നേഹിക്കുന്നത് അമ്മുക്കുട്ടിയല്ലയോഎന്ന് ഞാൻ സംശയിക്കുന്നു. അവർ തമ്മിൽ മൂന്നോ നാലോ വയസ്സിന്നു വ്യത്യാസമുണ്ടെങ്കിലും,

അങ്ങുമിങ്ങും പേർമാത്രം വിളിക്കയാണ് പതിവ്. സഹോദരീസഹോദരന്മാരെപ്പോലെ അവർ സഹവസിക്കുന്ന സമ്പ്രദായം ഇക്കാലത്ത് പലൎക്കും അത്ഭുതജനകമായിട്ടാണിരിക്കുക. എന്തുകൊണ്ടെങ്കിൽ: യഥാൎത്ഥവും പരിശുദ്ധവുമായ സഹോദരസ്നേഹം ലോകത്തിൽനിന്ന് മറഞ്ഞുതുടങ്ങിയിരിക്കുന്നു. അമ്മുകുട്ടിയും കേശവമേനോനും രഹസ്സല്ലാപം ചെയ്യുന്ന അവസരങ്ങളിൽ കൂടിയും അവിടെ കടന്നുചെല്ലുന്നതിന കൃഷ്ണനുണ്ണിക്ക് സ്വാതന്ത്ര്യമുണ്ട്. അവന്റെ തലമുടി വകഞ്ഞൊതുക്കുന്നതിനോ, ഉടുപ്പുകൾ വെടുപ്പാക്കുന്നതിനോ അമ്മുക്കുട്ടി സംശയിക്കാറില്ല. ചിലപ്പോൾ നേരമ്പോക്കുപറഞ്ഞ് അവനെ പരിഹസിക്കയും, ചിലപ്പോൾ ശാസിക്കയും അവൾ ചെയ്യാറുണ്ട്. ഭൎത്താവൊന്നിച്ചുള്ള ലീലയൊഴികെ, മറേറതു രഹസ്യകാൎയ്യവും അവൾ കൃഷ്ണനുണ്ണിയുടെ മുമ്പിൽ മറച്ചുവെക്കാറില്ല. ഹാ, ഇത്രത്തോളം നിൎമ്മലവും പൂൎണ്ണവുമായ സഹോദരസ്നേഹം ഇപ്പോൾ ലോകത്തിൽ എവിടെയുണ്ട്! ആരുമേതുമില്ലാതെ വളരുന്ന ഒരു യുവാവാണ് താൻ എന്നചിന്ത കൃഷ്ണനുണ്ണിയുടെമനസ്സിൽ വേരുന്നിയിരിക്കുമോ എന്നുവിചാരിച്ച് പലപ്പോഴും അമ്മുക്കുട്ടിയുടെ ഹൃദയം തുടിക്കാറുണ്ട്. ഇതിനെപ്പററി ഭൎത്താവോടുപറഞ്ഞ് ചിലപ്പോൾ അവൾ കരഞ്ഞിട്ടുമുണ്ട്. ഒരിക്കൽ എന്തോസംഗതിക്ക് കേശവമേനോൻ കൃഷ്ണനുണ്ണിയോട് ചിലവാക്കുകൾ അല്പം കടന്നുപറകയുണ്ടായി. ഇതേകാരണത്താൽ, അമ്മുക്കുട്ടിയുടെ മുഖത്തിൽ മൂന്നു നാലു ദിവസത്തേക്കു് പ്രസന്നതക്കു് ഇടം കിട്ടിയിട്ടേയില്ല. ഭാൎയ്യയേയും കൃഷ്ണനുണ്ണിയെയും പ്രസാദിപ്പിക്കുന്നതിന്നായി അന്ന് കേശവമേനോൻ സമ്മാനിച്ച ആ മോതിരമാണ് ഇന്നും കൃഷ്ണനുണ്ണിയുടെ വിരലിൽ കാണുന്നത്. ഇങ്ങിനെയെല്ലാംകൊണ്ടും, അച്ഛനമ്മമാരോ സഹോദര സഹോദരി

മാരോ തനിക്കില്ലെന്നുള്ള കോട്ടം കൃഷ്ണനുണ്ണിക്ക് ചെറുപ്പംതൊട്ടേ അനുഭവിക്കേണ്ടതായി വന്നിട്ടില്ല.

എന്നാൽ, അവൻെറ മനസ്സിൽ ഒരുപെറിയ തീപ്പൊരി വളരെ ആഴത്തിലായി കിടക്കുന്നുണ്ട്. അത് നാൾതോറും ക്രമത്തിൽ ജ്വലിച്ചുംകൊണ്ടു വരുന്നതുമുണ്ട്. സ്വയംകൃതമായ അനൎത്ഥമാണിതെന്ന് അവനുതന്നെ അറിയാമെങ്കിലും, അതിനെ അകററുന്നതിന് അവൻ ശക്തനാവുന്നില്ല. സുശീലനായ ഒരു യുവാവും, ഗുണവതിയായ ഒരു യുവതിയും തമ്മിൽ സ്വതന്ത്ര്യമായി സഹവസിക്കുമാറായാൽ അവർ പ്രേമത്തിൽ കുടുങ്ങാതിരിക്കുമെന്നത് സംഭാവ്യമാണോ ? കൃഷ്ണനുണ്ണിയുടെ സുഖജീവിത കവാടത്തിൻെറ താക്കോൽ ദേവകിക്കുട്ടിയാണെന്നു വന്നിരിക്കുന്നു. അവളെക്കൂടാതെയുള്ള ജീവിതധാരണം പാഴ്ചുമടുപോലെയാണെന്ന് അവന്ന് തോന്നിത്തുടങ്ങിയിരിക്കുന്നു. കൃഷ്ണനുണ്ണിയുടെ മനോഗതം ദേവകിക്കുട്ടി അറികയും, അതേനിലയിൽത്തന്നെയാണ് താനും നില്ക്കുന്നതെന്ന് ഓരോരോ ഭാവവിശേഷങ്ങളാൽ അവൾ അവനെ ധരിപ്പിക്കയും ചെയ്തിട്ടുണ്ട്. എങ്കിലും, ആപൽശങ്ക കൃഷ്ണനുണ്ണിയെ വിട്ടുമാറുവാൻ വഴികാണുന്നില്ല. ഈ അവസരങ്ങളിലാണ് തൻെറ ശരിയായ നിലയെപ്പററിയുള്ള ഓൎമ്മ അവനെ പീഡിപ്പിക്കാറുള്ളത്. കുട്ടിക്കാലത്ത് ഇവർതമ്മിൽ കളിച്ചു രസിച്ചുകൊണ്ടുവരുന്നതിനെ വീട്ടുകാർ കണ്ടു കൊണ്ടാടുകയാണ് ചെയ്തത്. ഇവരുടെ ഈ ഭാവം പിൻകാലത്ത് മറെറാരുരൂപത്തിൽ ഭേദപ്പെടുമെന്ന വാസ്തവം അറിയുന്നതിന് അവൎക്കാൎക്കും കഴിഞ്ഞില്ല. അന്നു വിത്തിട്ടിട്ടുള്ളതാണ് ഇന്ന് കൃഷ്ണനുണ്ണിയിൽ വേരൂന്നി മുളച്ചിരിക്കുന്നത്. അതിനെ ഇനി പുഴക്കിക്കളയുവാൻ താൻ അശക്തനാണെന്ന് അവന്ന് തീൎച്ചപ്പെട്ടുകഴിഞ്ഞു. മദിരാശിയിൽചെന്നു പാൎത്തിരുന്നപ്പോൾ ഇടക്കിടെ കൃഷ്ണനുണ്ണിക്ക് ദേഹാസ്വാസ്ഥ്യമുണ്ടായി

ക്കൊണ്ടിരുന്നത് ദേശാവസ്ഥ യോജിക്കാത്തതുകൊണ്ടല്ല. ദേവകിക്കുട്ടിയെ വേർപിരിഞ്ഞതുകൊണ്ടാണ്. പാലക്കാട്ട് വന്നതിൽപിന്നെ, ഈ ദുരാലഭ്യവസ്തുവിൽ തനിക്കുണ്ടായിട്ടുള്ള ആഗ്രഹത്തെ അകററുവാനായി അവൻ പാടുപെട്ടു തുടങ്ങിയിരുന്നു. അപ്പോഴെക്കും അതേവസ്തുതന്നെ തൻെറമുമ്പിൽ വന്നുചേൎന്നു. ദേവകിക്കുട്ടിയെ കാണുമ്പൊഴും, അവളെ ഓക്കുമ്പൊഴും അവൻെറ ഹൃദയം ബലാൽ ചലിച്ചുതുടങ്ങുന്നു. അപ്പൊഴുണ്ടാകുന്ന താപം അവന്ന് എത്ര പണിപ്പെട്ടാലും ഒതുക്കുവാൻ കഴിയാതാവുന്നു. മുമ്പിലത്തെപ്പോലേ അത്രഅധികം വെളിവായി ദേവകിക്കുട്ടിയുമായി സഹവസിക്കുന്ന കാൎയ്യത്തിൽ, എന്തോ ഒരുശക്തി തന്നെ പിറകോട്ടു വലിക്കുന്നതായി തോന്നുന്നു. ദേവകിക്കുട്ടി അന്യസ്വമായാലുള്ള സ്ഥിതിയെപ്പററി വിചാരിക്കുമ്പൊഴെക്കും അവൻെറ മനസ്സ് വെന്തുനീറുന്നു. അങ്ങിനെവന്നാൽ, അന്നോടെ തൻെറ ജീവിതഗതി അവസാനിച്ചുവെന്ന് അവൻ തീൎച്ചപ്പെടുത്തുകയും കഴിഞ്ഞിരിക്കുന്നു. എന്നാൽ, അത് കിട്ടാത്തൊരു വസ്തുവാണെന്നും അവന്ന് തീൎച്ചയില്ലായ്കയില്ല. എല്ലാംകൊണ്ടും തൻെറഭാവി അന്ധകാരമയമായിക്കണ്ട് അവൻ നടുങ്ങുന്നു. അമ്മുക്കുട്ടിക്ക് തന്നിലുള്ള ആ നിഷ്കളങ്കമായ സ്നേഹം ഒന്നുമാത്രമേ അവൻ അവിടെ ഒരുവെളിച്ചമായി കാണുന്നുള്ളു. ദേവകിക്കുട്ടിക്ക് തന്നിൽ നിൎവ്യാജമായ അനുരാഗമുണ്ടെന്ന് അവന്ന് പൂൎണ്ണബോധമുണ്ട്. എന്നാൽ അത് അവന്ന് സമാധാനത്തെയല്ലാ ഉണ്ടാക്കുന്നത്. വാസ്തവത്തിൽ, അതുതന്നെയാണ് അവനെ സദാ സന്തപിപ്പിച്ചു കൊണ്ടിരിക്കുന്നത്.

കൃഷ്ണനുണ്ണിയെപ്പററി ആരെങ്കിലും പുകഴ്ത്തിപ്പറയുന്നത് കേട്ടുകൊണ്ടിരിക്കയൊ, അവന്ന് രസജനകമായി ഓരോന്ന് പ്രവൎത്തിച്ചുകൊണ്ടിരിക്കയൊ ചെയ്യുന്നതിൻമീതെ ദേവകിക്കുട്ടിക്ക് സന്തോഷകരമായി മറെറാന്നും തന്നെയില്ല. അധികനേരം

അവനെ പിരിഞ്ഞിരിക്കുന്നത് അവൾക്ക് വല്ലായ്മയായിത്തീൎന്നിരിക്കുന്നു. അവനെ കണ്ടുകൊണ്ടിരിക്കയും, അവനെപ്പററി ഓരോന്ന് ചിന്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്നതിൽ അവൾക്ക് ആസക്തി മുഴുത്തിരിക്കുന്നു. മുമ്പിലത്തെപ്പോലെതന്നെ അവനൊന്നിച്ച് വെളിവായി സല്ലാപിക്കുന്നതിൽ അവൾക്ക് സംശയമില്ല; എന്നാൽ, ഒരുവക ലജ്ജാരസം ആ അവസരങ്ങളിൽ പുതുതായി സ്ഫുരിച്ചുകാണാറുണ്ട്. ഇയ്യിടെയായി, തൻെറമുമ്പിൽ വരുമ്പൊഴൊക്കെയും കൃഷ്ണനുണ്ണിയുടെമുഖം വാടി മങ്ങിക്കൊണ്ടിരിക്കുന്നതിൻെറ കാരണം എന്തെന്ന് അവൾ ആലോചിക്കയും അന്വേഷിക്കയും ചെയ്യാതിരിക്കുന്നില്ല. അമ്മാമൻ ഈ വിഷയത്തിൽ വിരോധിയായി നില്ക്കുമോ എന്ന ശങ്ക ചിലപ്പോൾ അവളുടെ മനസ്സിൽ മിന്നാറുമുണ്ട്. എന്നാൽ അവളെ പീഡിപ്പിക്കത്തക്ക ശക്തി ആ ശങ്കക്കുണ്ടായിട്ടില്ല.

ഇവരിരുവരുടെയും മനോഗതി അമ്മുക്കുട്ടിക്ക് നല്ലവണ്ണം അറിയാം. അതിന് അനുകൂലഭാവമൊ, പ്രതികൂലഭാവമോ രണ്ടും അവൾ പ്രകടിപ്പിക്കാറില്ല. ഇവർ ഭാൎയ്യാഭൎത്താക്കന്മാരായിരുന്നു കാണേണമെന്നാണ് അവളുടെ പ്രാൎത്ഥനയെങ്കിലും, ഭൎത്താവിൻെറ അഭിപ്രായം എന്തെന്നറിയാതെ തൻെറമതം വെളിപ്പെടുത്തില്ലെന്ന് കരുതി അടക്കിവെച്ചിരിക്കയാണ്. കൃഷ്ണനുണ്ണിയുടെ ഭാവം മാറിത്തുടങ്ങിയിരിക്കുന്നുവെന്ന് അമ്മുക്കുട്ടി ഒളിവിൽ കണ്ടറിയുന്നുണ്ട്. അത അവൾക്ക് മനോവേദനയുണ്ടാക്കുന്നതുമുണ്ട്. ചിലപ്പോൾ, കൃഷ്ണനുണ്ണി ചിന്താശതങ്ങളാൽ വെന്തുനീറിക്കൊണ്ട് ഒരിടത്ത ഒതുങ്ങിയിരിക്കുന്നതുകണ്ട്, അവനെ രസിപ്പിപ്പാനായി വല്ലനേരംപോക്കും പറഞ്ഞുകൊണ്ട് അമ്മുക്കുട്ടി അവൻെറ അരികെ ചെല്ലുമ്പോൾ, അവൻ ദീനഭാവത്തിൽ അൎത്ഥഗൎഭമായ നോട്ടംകൊണ്ട് അവളുടെ മനസ്സിനെ വല്ലാതെ കലക്കുന്നു. "അയ്യോ, ഘോരാന്ധകാരത്തിലേ

ക്ക് വീഴുവാൻ തുടങ്ങുന്ന എന്നെ രക്ഷിക്കണെ" എന്ന് അവൻ ഉള്ളുരുകി പ്രാർത്ഥിക്കുന്നതുപോലെ അവൾക്ക് അപ്പോൾ തോന്നുകയും, ഉടൻ ദുസ്സഹമായ മനോവേദന അവളെ ബാധിക്കയുംചെയ്യുന്നു. അതുകൊണ്ട കഴിയുന്നവേഗത്തിൽ ഭർത്താവിൻെറ അഭിപ്രായം അറിയേണമെന്നു അവൾ നിശ്ചയിച്ചു. ദേവകികുട്ടിയുടെ വിവാഹകാര്യത്തെപ്പററി ഭർത്താവിനെ അവൾ അലട്ടിത്തുടങ്ങി. അവളുടെ സംഭാഷണവിഷയം എപ്പൊഴും ഇതുതന്നെയായിവന്നു. തൻെറ ഭർത്താവാകട്ടേ, കുഡുംബകാര്യങ്ങളിൽ തനിക്കുള്ള അഭിപ്രായം പ്രവൃത്തികൊണ്ട് അറിയിക്കയല്ലാതെ മററുവിധത്തിൽ വെളിപ്പെടുത്താത്ത സ്വഭാവക്കാരനാണ്. ഇക്കാര്യത്തിൽ അങ്ങിനെ പോരെന്നുവെച്ച് അവൾ പലവിധത്തിൽ ശ്രമിച്ചുകൊണ്ടുവന്നു. ഈ ശ്രമത്തിൻെറ ഒടുക്കത്തെ കാഴ്ചയാണ് ആദ്യത്തെ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതു.

## മൂന്നാംഅദ്ധ്യായം.

ഹാ, കഷ്ടം! അമ്മുക്കുട്ടി വളരെക്കാലമായി പരിപോഷിപ്പിച്ചു വളർത്തിക്കൊണ്ടുവന്ന ആശാവൃക്ഷം ഇതാ ഒരുക്ഷണത്തിൽ അടിയോടെ പുഴങ്ങിവീണുപോയി! അവൾക്ക് ഇനി ആശയ്ക്ക് വഴിയൊന്നും കാണുന്നില്ല. കൃഷ്ണനുണ്ണിയും ദേവകിക്കുട്ടിയും തമ്മിൽ ഇണങ്ങിയിരിക്കുന്നതുകൂടിയും ഭർത്താവിന് അനിഷ്ടമാണെന്നിരിക്കെ, അവൾ ഇനി മറേറപ്പുറം മറിച്ചുനോക്കുന്നതെന്തിന്? കൃഷ്ണനുണ്ണിയുടെ ഭാവിജീവിതം നരകോപമം തന്നെയെന്ന അവൾ ഭയപ്പെട്ടു. അവളുടെ ഭാവിയിലാവട്ടെ, എത്ര ദൂരേചെന്നു നോക്കിയിട്ടും, സുഖത്തിൻെറ ലാഞ്ഛനപോലും അവൾ കാണാതായി. ഭർത്താവിൻെറ അഭിമതം അറിഞ്ഞ ആ നി

വിഷംതന്നെ അവളുടെ മനസ്സ് നിലയററ കലങ്ങിപ്പോയി. അവൾക്ക അപ്പോൾ പ്രജ്ഞയില്ലാതായിരിക്കുന്നു. എന്തിനെന്നില്ലാതെ ഒരു വെറുംപാവയെപ്പോലെയാണ് അവൾ ആ മുറിവിട്ടു പോന്നത്. ഭൎത്താവിനെ നിൎബ്ബന്ധിച്ച് സമ്മതിപ്പിക്കുവാനുള്ള ശക്തി അവൾക്കില്ല അങ്ങിനെ നിൎബ്ബന്ധിക്കുന്നതായാൽത്തന്നെ, അദ്ദേഹം തന്നെ അറിയിക്കാതെ കൃഷ്ണനുണ്ണിയെ ദൂരെ അകററിക്കളകയും, പിന്നെ, അവനെ കണ്ടുകൊണ്ടിരിക്കുന്നതിനുകൂടിയും തനിക്ക കഴിയാതാകയും ചെയ്കയാണുണ്ടാകുക എന്ന് അവൾ സംശയിച്ചു. ഇനി എന്താണ് ചെയ്യേണ്ടതെന്നും, മേലിൽ എന്തെല്ലാമാണ് സംഭവിക്കുകയെന്നും ആലോചിച്ച് ഒരു നിലയും വെളിവും കാണാതെ അവൾ അകായിലെ ഒരുമുറിയിൽ കടന്ന് മാറടച്ചു കിടന്നു. കൃഷ്ണനുണ്ണിയെ കാണായ്കയാൽ ദേവകിക്കുട്ടി ചായകുടിയും കഴിക്കാതെ അകായിൽ പരുങ്ങിക്കൊണ്ടു നില്ക്കുന്നുവെന്ന് അമ്മുക്കുട്ടി അറിഞ്ഞപ്പോൾ, ഒതുക്കുവാൻ കഴിയാതെ അവൾ അവിടെ കിടന്ന് തേങ്ങിത്തേങ്ങിക്കരഞ്ഞുതുടങ്ങി.

നേരം ഒമ്പതുമണി കഴിഞ്ഞിരിക്കുന്നു. കൃഷ്ണനുണ്ണി പുലരും മുമ്പേ എഴുനീററ് എന്തിനോ വെളിയിലെങ്ങാനോ പോയിരിക്കയാണ്. ചായ ആറിത്തുടങ്ങി. ദേവകിക്കുട്ടി പുറത്തേ കോലായിൽവന്ന് അവൻ വരുന്നുണ്ടോഎന്ന് പടിക്കലേക്ക് നോക്കിക്കൊണ്ടു നില്പായി

കൃഷ്ണനുണ്ണി എവിടേ പോയിരിക്കാം? ദൂരെയെങ്ങാനും പോകയാണെങ്കിൽ ദേവകിക്കുട്ടിയെ അറിയിക്കാതിരിക്കുമോ? ഇത്ര നേരമായിട്ടും വരാത്തതെന്താണ്? കേശവമേനോൻ വല്ലകാൎയ്യത്തിനും സ്വദേശത്തേക്ക് അയച്ചിരിക്കുമോ? ഉറങ്ങിക്കിടന്നിരുന്ന ദേവകിക്കുട്ടിയെ വിളിച്ചുണൎത്തേണ്ടെന്നു കരുതി അവളോട യാത്ര പറയാതെ പോയതാണെന്നു വന്നുകൂടെയോ? നാട്ടിലേക്ക പോയിരിക്കയാണെങ്കിൽ മടങ്ങിവരുന്നതിന് രണ്ടു മൂന്നു ദിവ

സത്തെ താമസം വേണ്ടിവരുമല്ലോ. അതുവരെ ദേവകിക്കുട്ടി ഇവിടെ എങ്ങിനെയാണ് കഴിഞ്ഞുകൂടുക. അവൾക്ക് ഒന്നിലും ഉത്സാഹമുണ്ടാവില്ല. എപ്പൊഴും അവളുടെ മുഖം വാടിക്കൊണ്ടിരിക്കയും ചെയ്യും. ദൂരദിക്കിലെക്കാണെങ്കിൽ ദേവകിക്കുട്ടിയോട് പ്രത്യേകം യാത്രപറയാതെ ഇതുവരെ കൃഷ്ണനുണ്ണി പോകയുണ്ടായിട്ടില്ലല്ലോ. ഇപ്പോൾ കുറെദിവസമായി കൃഷ്ണനുണ്ണി എപ്പോഴും ചിന്താമഗ്നനായും ദേവകിക്കുട്ടിയുമായി സല്ലാപിക്കുന്നതിൽ അത്ര രസമില്ലാത്തവനായും കാണുന്ന സ്ഥിതിക്ക് മുമ്പിലത്തെ ഭാവം മാറിയിരിക്കാമെന്നു വന്നുകൂടെയോ?

ഇങ്ങിനെയോരോന്ന് ചിന്തിച്ചുകൊണ്ടാണ് ദേവകിക്കുട്ടി അവിടെ നില്ക്കുന്നത. കൃഷ്ണനുണ്ണിയുടെ മുഖം ഇങ്ങിനെ വാടിക്കാണുന്നതിന് കാരണമെന്ത്? തന്നിൽ അപ്രീതിയുണ്ടാകത്തക്കവണ്ണം താൻ വല്ലതും പ്രവൃത്തിച്ചിട്ടുണ്ടോ? അമ്മാമൻ വല്ലതിനും ദേഷ്യപ്പെട്ടിട്ടുണ്ടെങ്കിൽ, അത് തന്നോട് പറയാതിരിക്കയില്ലല്ലോ. താൻ പലപ്പൊഴും നേരമ്പോക്കായി ദേഷ്യംഭാവിച്ചു കൊണ്ടിരുന്നത് കൃഷ്ണനുണ്ണി വാസ്തവമെന്നു ധരിച്ചിരിക്കുമോ? അന്നു കൊണ്ടുവന്ന പൂമാല, തന്നോടു വളരെ നിർബ്ബന്ധിച്ചിട്ടും താൻ തലയിൽ ചൂടാതിരുന്നതുകൊണ്ട് സുഖക്കേടുണ്ടായിരിക്കുമോ? അന്നൊരിക്കൽ തന്നോട് പാട്ടുപാടുവാൻ ആവശ്യപ്പെട്ടിട്ട് താൻ അനുസരിക്കാതിരുന്നതുകൊണ്ട് മുഷിഞ്ഞിരിക്കുമോ? കൃഷ്ണനുണ്ണിയുടെ ഇപ്പൊഴത്തെ ഭാവഭേദത്തിനുള്ള കാരണം ഇങ്ങിനെ വല്ലതുമായിരിക്കുമോ എന്ന് ഊഹിക്കുവാൻ മാത്രമെ ദേവകിക്കുട്ടിക്ക് ഇപ്പോൾ പ്രാപ്തിയുണ്ടായിട്ടുള്ളു. പരിശുദ്ധവും പരിപൂർണ്ണവുമായ അനുരാഗത്തിൻെറ കിടപ്പും, അത് ഫലപ്പെടുന്നതിന് പ്രതിബന്ധമുണ്ടായാൽ വരാവുന്ന മനോവ്യഥയുടെ കടുപ്പവും ദേവകിക്കുട്ടിക്ക് ഇപ്പോൾ അറികയില്ല. എന്നാൽ, ആ നിലയിലേക്ക് അവൾ അതിവേഗത്തിൽ പാഞ്ഞു

പോകുന്ന കാലമാണിത്. അതിൻെറ ചിഹ്നങ്ങൾ അവളിൽ ഒട്ടൊട്ടായി വെളിപ്പെട്ടു തുടങ്ങിയിരിക്കുന്നു. കൃഷ്ണനുണ്ണി കുറച്ചു നേരമെങ്കിലും, തന്നെവിട്ടകലുമ്പൊഴൊക്കെ അവളുടെ സന്തോഷവും അകലുകയും, അവൻെറമുഖം വാടുമ്പൊഴൊക്കെ അവളുടെ മനസ്സും വാടുകയും ചെയ്യുന്നത് ആവക ചിഹ്നങ്ങളിൽ ചില താണ്.

അവൾ അവിടെ വന്നുനിന്ന് അധികനേരമാവുമ്പൊഴെയ്ക്കും കൃഷ്ണനുണ്ണി പടികടന്നു വരുന്നതായി അവൾ കണ്ടു. അവളുടെ മുഖംതെളിഞ്ഞു. പെട്ടെന്ന ആ മുഖത്തിൽ മനോഹരവും വിശുദ്ധവുമായ പുഞ്ചിരി വിളയാടി. എന്നാൽ, കൃഷ്ണനുണ്ണിയുടെ നിലയോ? തന്നെ കാത്തുകൊണ്ടു നില്ക്കുന്ന ദേവകിക്കുട്ടിയുടെ അപ്പൊഴത്തെ നിലയും, ആ പുഞ്ചിരിയും അവനുള്ള മനോവ്യഥയെ ആകപ്പാടെ ഇളക്കിമറിച്ചു. ഭൂമിയൊന്നായി ചുററിത്തിരിഞ്ഞ് കീഴ്മേൽ മറിയുന്നപോലേ അവനുതോന്നി. എന്നിട്ടും, അവൻ ജീവച്ഛവംപോലെ മുമ്പോട്ടു നടന്നുകൊണ്ടുവന്നു. മനസ്സ് ഒരുവിധം സ്വാസ്ഥ്യതയിൽ വന്നപ്പോൾ വീണ്ടും അവൻ ദേവകിക്കുട്ടിയുടെ മുഖത്തേക്ക് ഒന്നുനോക്കി. ഉടൻതന്നെ അവൻ തല താഴ്ത്തിക്കളഞ്ഞു. അവൻെറ മാറിടം അതിവേഗത്തിൽ ചലിക്കുന്നതായും, മുഖത്തിൽനിന്ന് ഏതാനും കണ്ണീർത്തുള്ളികൾ കീഴെ ഇറങ്ങുന്നതായും ദേവകിക്കുട്ടി കണ്ടു. തൽക്ഷണം എന്തൊക്കെയോ പുതിയ വികാരങ്ങൾ അവളുടെ മനസ്സിൽ ഉയൎന്നിടഞ്ഞു. അവൾക്ക് ഒന്നുംതന്നെ മിണ്ടുവാൻ കഴിഞ്ഞില്ല. അവൾ തൂണിന്മേൽ ചാഞ്ഞ് മുഖംതിരിച്ചുനിന്നു.

ഇവളുടെ ഭാവഭേദങ്ങളൊന്നും കൃഷ്ണനുണ്ണി കാണുകയുണ്ടായിട്ടില്ല. എങ്ങാനുമൊരിടത്തു ചെന്നിരിക്കുന്നതിന് അവന്ന് ബദ്ധപ്പാടായിരിക്കുന്നു. അത്രമാത്രം പാരവശ്യം അവനെ ബാധിച്ചിട്ടുണ്ട്. അവൻ തലതാഴ്ത്തിക്കൊണ്ടുതന്നെ നേരേ അകായിൽക്ക

ടന്ന് ഒരു കസാലയിൽ, താടിയിൽ കൈകൊട്ടത്ത് ചിന്താമഗ്ന നായിരുന്ന വഴിയേ, ദേവകിക്കുട്ടിയും അകായിൽവന്നു, അല്പം പ്രസന്നത നടിച്ചുകൊണ്ട "ചായകഴിച്ചുവോ" എന്ന് അവൾ കൃഷ്ണനുണ്ണിയോട് ചോദിച്ചു. അവൻ ഒന്നും മറുവടിപറഞ്ഞില്ല. അവൾ അതേചോദ്യംതന്നെ വീണ്ടും ചോദിച്ചുകൊണ്ട് കുറെ കൂടി അരികേ ചെന്നുനിന്നു. കൃഷ്ണനുണ്ണി എന്തോ പറവാൻ ഭാവിച്ചിട്ടെന്നപോലെ, അവളുടെ മുഖത്തേക്ക് ഒന്നുനോക്കി. പക്ഷേ, ശബ്ദമൊന്നും പുറപ്പെട്ടുകയുണ്ടായില്ല. ആകപ്പാടെ ദേവകിക്കുട്ടിയുടെ മനസ്സ് കലശലായി തിളച്ചു പൊങ്ങിത്തുടങ്ങി. അതിനെ അടക്കുവാൻ അവൾ ശക്തയായില്ല. അവളുടെ ദേഹം ചുമരിലേക്ക് ചാഞ്ഞു. അവൾ തേങ്ങിത്തേങ്ങി കരഞ്ഞുതുടങ്ങി. എന്തിനവൾ കരയുന്നു ? ആവോ ! അവൾക്കുതന്നെ അറിഞ്ഞുകൂടാ.

തൻെറ മനസ്സിനെ അടക്കിനിൎത്തുകയോ, ദേവകിക്കുട്ടിയെ സമാശ്വസിപ്പിക്കയോ എന്താണ് കൃഷ്ണനുണ്ണി ഇപ്പോൾ ചെയ്യേണ്ടത് ? രണ്ടിനും ശക്തിയില്ലാതെ കുറെനേരം അവൻ അങ്ങിനെ തന്നെ ഇരുന്നുപോയി. പിന്നെ വളരെ പണിപ്പെട്ടെഴുനീററ് ദേവകിക്കുട്ടിയുടെ അരികേചെന്ന പ്രേമത്തോടെ പറഞ്ഞു:—

"ദേവകിക്കുട്ടി എന്തിനാണ് കരയുന്നത് ? എൻെറ സ്ഥിതിയെപ്പററി ഓരോന്ന ആലോചിച്ച് ഞാൻ ഒന്നുമിണ്ടാതെ ഇരുന്നുപോയതാണ്. അതുകൊണ്ട് ദേവകിക്കുട്ടിക്ക് എന്തിനാണ് സുഖക്കേട് ? കരയാതിരിക്കു. എന്താ, പിന്നെയും കരയുകയാണോ? ദേവകിക്കുട്ടി കരയുകയാണെങ്കിൽ എനിക്കതു സഹിക്കാൻ വയ്യ. അരുതേ; കരയരുതേ ! പോയി വാല്യക്കാരനോട് ചായ കൊണ്ടുവരുവാൻ പറയു. എന്നെ ഇഷ്ടമുണ്ടെങ്കിൽ ദേവകിക്കുട്ടി കരയാതിരിക്കണം. ഇങ്ങോട്ടുനോക്കു. എനിക്ക് യാതൊരു സുഖക്കേടുമില്ല. മുഖംതുടയ്ക്കു. പോയി, ചായകൊണ്ടു വരുവാൻ പറയു.

കൃഷ്ണനുണ്ണിയുടെ മുഖഭാവം എങ്ങിനെയിരിക്കുന്നുവെന്നറിവാനായി ദേവകിക്കുട്ടി കളിവിൽ കടക്കണ്ണുകൊണ്ട് ഒന്നുനോക്കി. അല്പം പ്രസന്നത കാണുകയാൽ സമാധാനമുണ്ടായി. മുഖം തുടച്ചു വെടുപ്പാക്കി അവൾ അടുക്കളയിലേക്ക് പോയി, താൻ തന്നെ ചായയും പലഹാരവും കൊണ്ടുവന്ന് മേശപ്പുറത്തുവെച്ചു. ഒന്നും ഉരിയാടാതെതന്നെ അവരിരുവരും ചായകഴിച്ചു. ആ അവസരത്തിൽ അവർ അങ്ങും ഇങ്ങും പലതവണ കണ്ണയക്കലുമുണ്ടായി. അവരുടെ ആ ദൃഷ്ടിവിക്ഷേപം പരസ്പരം വിഭിന്നങ്ങളായ മനോഭാവങ്ങളോടുകൂടിയാണ്. കൃഷ്ണനുണ്ണി ദേവകിക്കുട്ടിയെ ദയനീയമായി ഉററുനോക്കുന്നതിൻെറ ഉദ്ദേശ്യം ഒന്നുവേറേ; ദേവകിക്കുട്ടി ഇടയ്ക്കിടെ കടക്കണ്ണിടുന്നതിൻെറ ഉദ്ദേശ്യം ഒന്നുവേറെ. ചായകഴിച്ചു കഴിഞ്ഞിട്ട്, കൃഷ്ണനുണ്ണി ഒരു ദീഘശ്വാസത്തോടുകൂടി ദേവകിക്കുട്ടിയെ ആപാദചൂഡം ആത്തനായി ഒന്നുനോക്കി. കസാല അല്പംമുന്നോട്ട് വലിച്ചുനീക്കിയിരുന്ന് അവൻ ഇങ്ങിനെ തുറന്നു പറഞ്ഞുതുടങ്ങി:—

"ദേവകിക്കുട്ടി! ഞാൻ നിമിത്തം ഇപ്പോൾ ദേവകിക്കുട്ടിയും സങ്കടപ്പെടുമാറായി ഇല്ലേ? ഇതുവരെയും നാം എത്രയോ സന്തോഷത്തോടു കൂടിയാണ് നാൾകഴിച്ചു കൊണ്ടുവന്നത്. ആ സന്തോഷം വളരെനാൾ മുമ്പേതന്നെ എന്നിൽനിന്ന് നീങ്ങിക്കഴിഞ്ഞിരിക്കുന്നു. എൻെറ മനോവേദന ഇന്നനിലയിലാണെന്ന് ശരിയായി അറിവാൻ ദേവകിക്കുട്ടിക്ക് ഇപ്പോൾ ശക്തിയില്ല. അതെല്ലാം ഒന്നൊഴിയാതെ പറഞ്ഞ് ദേവകിക്കുട്ടിയെ അറിയിക്കേണമെന്ന് ഞാൻ പലതവണ ഒരുങ്ങുകയുണ്ടായിട്ടുണ്ട്. എന്നാൽ, അത് എത്രവെളിവായി പറഞ്ഞാലും ദേവകിക്കുട്ടിക്ക് ശരിയായി മനസ്സിലായിയെന്നു് വരികയില്ല അതിൽനിന്ന് നിസ്സാരസംഗതികളെ മാത്രം ഗ്രഹിച്ച് ദേവകിക്കുട്ടി വെറുതേ കരഞ്ഞുതുടങ്ങുകയുംചെയ്യും. ഇതു വിചാരിച്ചിട്ടാണ്

ഞാൻ ഇതുവരെ അടങ്ങിയിരുന്നത്. എന്നുമാത്രമല്ല, ഇതേവരെ എനിക്ക് ആശയ്ക്ക് അല്പം വഴിയുണ്ടായിരുന്നു. ഇന്ന് അതും അടഞ്ഞു. എൻെറ ഇനിയുള്ള നിലയെപ്പററി ഓക്കുമ്പൊഴെക്കു, പ്രാണൻ പറിഞ്ഞുപോകുന്നതുപോലെ തോന്നുന്നു. ദേവകിക്കുട്ടിക്ക് മനസ്സിലായാലും ഇല്ലെങ്കിലും എൻെറ അവസ്ഥയെ തുറന്നു പറയുന്നതിന് ഇനി ഒരുനിമിഷംപോലും താമസിച്ചുകൂടെന്നായിരിക്കുന്നു. ഇപ്പോഴും അമാന്തിച്ചാൽ, എനിക്ക് അതിനുകൂടിയും കഴിഞ്ഞില്ലല്ലോ എന്നും തപിക്കേണ്ടതായിവരും. ദേവകിക്കുട്ടി സങ്കടപ്പെടേണ്ട. ഞാൻ തുറന്നുപറഞ്ഞേക്കാം. ദേവകിക്കുട്ടിയുടെ കയ്യിൽനിന്ന് ഞാൻ ചായവാങ്ങിക്കഴിക്കുന്നത് ഇത ഒടുക്കത്തേതാണ്."

ഇതുപറഞ്ഞു കഴിയുമ്പൊഴെക്കും കൃഷ്ണനുണ്ണിയുടെ ശബ്ദം ഇടറിപ്പോയി. തൊണ്ട ഒന്നനക്കി ശബ്ദം ശരിപ്പെടുത്തിയതിൽ പിന്നെ വീണ്ടും പറയുവാൻ തുടങ്ങി:—

"അതേ, ഇത് ഒടുക്കത്തെ തവണതന്നെയാണ്. ഈ ഭാഗ്യം എനിക്ക് ഇനി ഉണ്ടാകുകയില്ല. ഞാൻ എന്തൊക്കെയോ ആശിച്ചു കൊണ്ടിരുന്നു. ദേവകിക്കുട്ടിയുമായി സങ്കല്പത്താൽ ഞാൻ എന്തൊക്കെയോ സുഖങ്ങളും അനുഭവിക്കയും ചെയ്തു. അത്രയുംകൊണ്ട് തൃപ്തിപ്പെട്ടുകൊള്ളേണമെന്നാണ് ദൈവേച്ഛ. എൻെറ ഓമനേ!—ഞാൻ ഇതുവരെ വിളിച്ചിട്ടില്ലാത്ത ഈ പേർ ഇപ്പൊഴെങ്കിലും ഒന്നുവിളിച്ചു ആശ തീക്കട്ടെയോ! ഓമനേ! എൻെറ ഓമനേ!—"

കൃഷ്ണനുണ്ണിയുടെ മാറിടം തുടിച്ചുതുടങ്ങി. അധരം വിറച്ചു. കണ്ണിൽ വെള്ളം തുളുമ്പി. ദേവകിക്കുട്ടിയോ? അവളുടെ ദേഹം മുമ്പിലത്തെപ്പോലെതന്നെ ചുമരിലേക്ക് ചരിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഹാ, അവളും കരയുന്നു. കൃഷ്ണനുണ്ണി മനസ്സിനെ ഒരുവിധം അടക്കി വീണ്ടും പറവാൻ തുടങ്ങി. അവൻ ദേവകിക്കുട്ടി

4.

DEPARTMENTAL LIBRARIES
14 MAR 1950

യുടെ നേരേനോക്കാതെ മുഖം അല്പംതിരിച്ചു താഴ്ത്തി എങ്ങോട്ടെന്നില്ലാതെ നോക്കിക്കൊണ്ടിരുന്നു.

"ദേവകിക്കുട്ടി! എനിക്ക് പറവാനുള്ളതെല്ലാം വേഗത്തിൽ പറഞ്ഞുതീർത്തേക്കാം. ഇതൊന്നും ദേവകിക്കുട്ടി കേൾക്കുന്നില്ലെന്നോ, ദേവകിക്കുട്ടിക്ക് മനസ്സിലാവുന്നില്ലെന്നോ വെച്ച് ഇപ്പോൾ അടങ്ങുവാൻ എനിക്ക് കഴിയുന്നില്ല. ഞാൻ ദേവകിക്കുട്ടിയെ മുമ്പിൽനിർത്തി ദൈവത്തോടായിട്ടാണ വിളിച്ചു പറയുന്നത്. ദേവകിക്കുട്ടിയെ എനിക്ക് ഭാര്യയായി കിട്ടേണമെന്ന് ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിലധികം വലിയ ചാപല്യം വേറെയില്ലെന്ന് എനിക്കറിയാം. ഞാൻ അങ്ങിനെ ആഗ്രഹിക്കയല്ലാചെയ്തിട്ടുള്ളത്. ചെറുപ്പംമുതല്ക്കേ നാംതമ്മിൽ സ്നേഹിച്ചു തുടങ്ങി. അത് തടവുകൂടാതെ വർദ്ധിച്ചുവർദ്ധിച്ച് ഇപ്പൊഴത്തെ നിലയിലായി. ഇനി ഈ പ്രേമത്തെ ഒഴിച്ചുനിർത്തുവാൻ ഞാൻ ശക്തനല്ല. അതിനുവേണ്ടി ഞാൻ കുറെനാൾ പണിപ്പെട്ടു നോക്കാതെയില്ല. അത് പാഴ്ശ്രമമാണെന്ന് അനുഭവപ്പെട്ടുകഴിഞ്ഞു. ദേവകിക്കുട്ടിയിൽ എനിക്ക് എത്രത്തോളം സ്നേഹമുണ്ടെന്ന് വാക്കുകളാൽ വെളിപ്പെടുത്തുവാൻ എനിക്കും ആർക്കും കഴിയുന്നതല്ല. ദേവകിക്കുട്ടിയുടെ പേർ മറെറാരാളുടെ പേരോടുകൂടി കൂട്ടിച്ചേർത്തു പറയുന്നതുകൂടിയും കേട്ടുസഹിപ്പാൻ കഴിയാത്തവനാണ് ഞാൻ. അങ്ങിനെയിരിക്കേ ദേവകിക്കുട്ടി അന്യൻെറ ഭാര്യയായാലോ? അതു ഞാൻ കണ്ടുകൊണ്ടിരിക്കയോ? വയ്യ; തീർച്ചയായും എനിക്ക് വയ്യ. എന്നാൽ, ദേവകിക്കുട്ടി എന്നും എൻെറ സ്വന്തമായിത്തന്നെ ഇരിക്കുമോ? ഇല്ല; അതുണ്ടാവാത്തതാണെന്നു തീർച്ചയായി. എൻെറ ബുദ്ധിക്കുറവാൽ ഇന്നുവരെ ഞാൻ അല്പം സംശയിച്ചിരുന്നു. ആ സംശയം ഇന്നോടേ തീൎന്നു. ദേവകിക്കുട്ടി അന്യൻെറ ഭാര്യയാകുമെന്ന കാര്യം തീർച്ചപ്പെട്ടു കഴിഞ്ഞു. അതുകൊണ്ട്, ദേവകിക്കുട്ടി! ഇനി എന്നെ യാത്ര

യയുമ്പോൾ ഞാൻ ഒഴിഞ്ഞേക്കാം. മേലിലുള്ള എൻെറജീവിതം എപ്പൊഴും എരിഞ്ഞുപൊരിഞ്ഞു കൊണ്ടുതന്നെയാണ്. ആ അവസ്ഥകണ്ട് സങ്കടപ്പെടുവാൻ ദേവകിക്കുട്ടിക്കും ഞാൻ എന്തിന് വഴിവെച്ചുതരുന്നു? അതുവേണ്ട. അതുകൊണ്ട, എന്നെന്നേക്കുമായി ഞാൻ ഇതാ യാത്രചോദിച്ചു കൊള്ളുന്നു. കുറെ നാളെക്കു എന്നെപ്പററി ഓൎക്കുമ്പോൾ ദേവകിക്കുട്ടിക്ക് സങ്കടമുണ്ടായിയെന്നുവരാം. കാലപ്പഴക്കംകൊണ്ട് ആ സങ്കടം മാഞ്ഞു പോകും അങ്ങിനെയാണ് മനുഷ്യസ്വഭാവം. അമ്മ മരിച്ചപ്പോൾ ദേവകിക്കുട്ടിക്ക എത്ര സങ്കടമുണ്ടായിരുന്നു. ഇപ്പോൾ ആ സങ്കടം എത്ര കുറഞ്ഞിരിക്കുന്നു. അതുപോലെതന്നെയാണ് ഇതും. ഇന്നുതന്നെ ഈ നാടു വിടേണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത് അതിനു തരമായില്ലെങ്കിൽ, മൂന്നുനാലു ദിവസത്തിലധികം ഞാൻ ഇനി ഇവിടെ തീച്ചയായും താമസിക്കയില്ല. ദേവകിക്കുട്ടി ഇനിഎൻെറ അരികേ വരാതിരിക്കയാണ നല്ലത. നമുക്ക് രണ്ടുപേൎക്കും തമ്മിലുള്ള സംബന്ധം ഇത്രത്തോളമേയുള്ളു. ദേവകിക്കുട്ടി എന്നെ തിരെ മറന്നുകളയണം"

ഇത്രയും പറഞ്ഞിട്ട് അവൻ ഗൌരവഭാവത്തിൽ ഒട്ടുനിമിഷനേരം അടങ്ങിയിരുന്നു. പിന്നീട് ആരോടെന്നില്ലാതെ ഇങ്ങിനെ പറഞ്ഞു:—

"കഷ്ടം! ലോകം മുഴുവനും പണത്തിൽ മയങ്ങുന്നു. അഞ്ചോ ആറോ ആയിരം ഉറപ്പിക കയ്യിലുണ്ടായാൽ അവൻ ഈ നാട്ടിൽ ഒരു വലിയ പ്രമാണിയാണത്രെ! അവൻ എന്തിനും സമൎത്ഥനും, എല്ലാവൎക്കും അഭിനന്ദ്യനും ആണത്രെ! ഒരുവൻ, വേണമെന്നുവെച്ച ഉണൎച്ചയോടേ പ്രയത്നിക്കുന്നതായാൽ ഒരൊററകൊല്ലംകൊണ്ട് ഒരു നാലഞ്ചായിരംഉറപ്പിക സമ്പാദിക്കുവാൻ ഞെരുക്കമുണ്ടോ? ലക്ഷക്കണക്കായി പണം പെട്ടിയിൽ കെട്ടിവെക്കുന്നവർ ഒരൊററ കൊല്ലംകൊണ്ട് പൊളിഞ്ഞ് പാപ്പരാ

കുന്നില്ലേ? ഇതെല്ലാം പലതവണ അനുഭവപ്പെട്ടിട്ടും ലോകം പണമുള്ളവനെ മാത്രമേ പ്രമാണിയായി ഗണിക്കുന്നുള്ളു ! കഷ്ടം !! പ്രേമത്തിന് ഒരു വിലയുമില്ലാതായി!!! ”

കൃഷ്ണനുണ്ണിയുടെ ഈ പ്രസംഗത്തിൽ ദേവകിക്കുട്ടിക്ക് മനസ്സിലായിട്ടുള്ള ഭാഗങ്ങൾ വളരേ ചുരുക്കമായിട്ടേയുള്ളു. എങ്കിലും, ആകപ്പാടെയുള്ള ഭാവം അവൾ ഗ്രഹിച്ചു. അതിലെ ചില വാചകങ്ങൾ അവളുടെ മനസ്സിൽ കഠിനമായി തറയ്ക്കുകയും ചെയ്തു. കൃഷ്ണനുണ്ണി പറയുന്നതിൽ നല്ലവണ്ണം ശ്രദ്ധയുണ്ടാവാനായി, അടിക്കടി തള്ളിത്തിങ്ങിവരുന്ന ദുഃഖത്തെ അവൾ വളരേ പണിപ്പെട്ട് ഒതുക്കിയൊതുക്കിക്കൊണ്ടുവന്നു. കൃഷ്ണനുണ്ണി ഒടുക്കം പറഞ്ഞവാക്കുകളൊന്നും അവൾ കേൾക്കുകയുണ്ടായിട്ടില്ല. അതിനുമുമ്പേതന്നെ, അവൾ ഉച്ചത്തിലല്ലെങ്കിലും വെളിവായി കരയുവാൻ തുടങ്ങി. ശ്വാസവിശേഷംമാത്രം കുറച്ചധികം ദൂരംവരെ കേൾക്കത്തക്കവണ്ണമായിരുന്നു. കൃഷ്ണനുണ്ണി മേശയിൽ മുഖം അണച്ച് കൈകളാൽ ശിരസ്സ് ചുററിക്കെട്ടിക്കൊണ്ട് കുമ്പിട്ട് ഇരിക്കുന്നു. അവനും കരയുകതന്നെയാണോ?

കൃഷ്ണനുണ്ണിയും ദേവകിക്കുട്ടിയുമായി ഇവിടെ നടന്നിട്ടുള്ളവ ഒന്നൊഴിയാതെ അമ്മുക്കുട്ടി കേട്ടിരിക്കുന്നു. അവൾ ആ മുറിയിൽ കിടക്കുന്നുണ്ടെന്ന് ഇവർ അറിഞ്ഞിരുന്നില്ല. കൃഷ്ണനുണ്ണിയുടെ വാക്കുകളിൽനിന്ന്, ഇന്ന് എന്തോ ചിലപുതിയ സംഗതികൾ അവൻ അറിഞ്ഞിരിക്കുന്നുവെന്നും, അത് ദേവകിക്കുട്ടിയുടെ സംബന്ധകാര്യത്തെപ്പററിയാണെന്നും അമ്മുക്കുട്ടി ഊഹിച്ചു. അത് എന്തെന്ന് അറിവാൻ അവൾക്ക് കലശലായ ഉൽകണ്ഠയുണ്ടായി. അവരിരുവരെയും സമാശ്വസിപ്പിക്കാതെ ഇങ്ങിനെ വിടുന്നതിന് അവൾക്ക് ധൈര്യമില്ലാതെയുമായി. അതുകൊണ്ട്, അവൾ ദുഃഖമൊതുക്കി മുറിയിൽനിന്ന് പുറത്തേക്കുവന്നു.

അമ്മുക്കുട്ടിയെ കണ്ടഉടനെ കൃഷ്ണനുണ്ണിയും ദേവകിക്കുട്ടിയും വല്ലാതെ പരിഭ്രമിച്ചു. സങ്കടവും ലജ്ജയും ഇരുവരുടെയും മനസ്സിനെ ഞെരുക്കി. ദേവകിക്കുട്ടി പെട്ടെന്ന് അവിടെനിന്നുമറഞ്ഞു. കൃഷ്ണനുണ്ണി മുൻപോലെ വീണ്ടും കമ്പിട്ടിരുന്നതേയുള്ളു. ആ കാമിനീകാമുകന്മാരുടെ അപ്പോഴത്തെ പരിഭ്രമവും, ദേവകിക്കുട്ടി സലജ്ജം അവിടെനിന്ന് ക്ഷണത്തിൽ മറഞ്ഞതും പെട്ടെന്ന് അമ്മുക്കുട്ടിയിൽ ഒരുവക കൌതുകരസത്തെ ഉദിപ്പിച്ചു. അവർ ഭാൎയ്യാഭർത്താക്കന്മാരായിരുന്നു കൊണ്ട് പരസ്പരം സല്ലാപിക്കയോ, സങ്കടപ്പെടുകയോ, കലഹിക്കുകയോ ചെയ്യുന്നതെല്ലാം കണ്ടാനന്ദിക്കുവാൻ ആഗ്രഹിക്കുന്നവളാണ് അമ്മുക്കുട്ടി. അങ്ങിനെയൊരാനന്ദത്തിൻെറ ഛായ അമ്മുക്കുട്ടിയുടെ മനസ്സിൽ ഇളകത്തക്കവണ്ണമായിരുന്നു അവിടെ അവരിൽ അപ്പൊഴുണ്ടായ ഭാവവിശേഷം. അമ്മുക്കുട്ടിക്കുണ്ടായ ആ കൌതുകരസം ഇടിമിന്നൽപോലെ ഉടനെതന്നെ മറയുകയും, മനസ്സു പൂൎവ്വാധികം സന്തപ്തമാകയും ചെയ്തു. അവൾ കൃഷ്ണനുണ്ണിയുടെ അരികേ ചെന്നുനിന്ന്, "കൃഷ്ണനുണ്ണി! കൃഷ്ണനുണ്ണി! എന്നിങ്ങിനെ അല്പം അധികാരഭാവത്തിൽ വിളിച്ചു. അവൻ അമ്മുക്കുട്ടിയുടെ മുഖത്തു നോക്കിയില്ലെങ്കിലും, തല കുറച്ചൊന്നു ഉയൎത്തുകയുണ്ടായി. അമ്മുക്കുട്ടി ശാസനാഭാവത്തിൽ അവനോട് ഇങ്ങിനെപറഞ്ഞു.

"എന്തൊക്കെ ചാപല്യങ്ങളാണിത്? ഇത്ര ധൈൎയ്യമില്ലാത്തവനാണോ കൃഷ്ണനുണ്ണി. ഇന്ന് ഇത്രയധികം ലഹളക്കൂട്ടുവാൻ എന്താണുണ്ടായത്. ദേവകിക്കുട്ടിയെപ്പററി ആരെങ്കിലും വല്ലതും തെററിദ്ധരിപ്പിച്ചിട്ടുണ്ടോ? പറയൂ. ഇന്നെന്താണുണ്ടായത്?

"തെററിദ്ധരിപ്പിച്ചിട്ടില്ല. യഥാൎത്ഥസംഗതി ഞാൻ അറികയാണുണ്ടായത്" എന്ന് കൃഷ്ണനുണ്ണി ഒട്ടുംതാമസിക്കാതെ ധൈൎയ്യത്തോടേ മറുവടിപറഞ്ഞു.

അ. ക—"എന്ത് യഥാൎത്ഥസംഗതി?"

കൃഷ്ണ—"ദേവകിക്കുട്ടിയുടെ സംബന്ധത്തെപ്പററിത്തന്നെ."

അ: കു—"സംബന്ധത്തെപ്പററി എന്ത്?"

കൃഷ്ണനുണ്ണി അമ്മുക്കുട്ടിയുടെ മുഖത്തേക്ക് ഒ നോക്കി. ഹ്ന്യൂവം തൻെറമുമ്പിൽ കളിച്ചുവെച്ച് അതിനെ തന്നെക്കൊണ്ടു തന്നെ പറയിപ്പിക്കുന്നതിൽ എന്ത ഔചിത്യമാണുള്ളതെന്ന ചോദ്യം ആ നോട്ടത്തിൽ അന്തർഭവിച്ചിരുന്നു.

അ. കു—"എന്ത്! എന്നെയും സംശയിച്ചു തുടങ്ങിയോ? കൃഷ്ണനുണ്ണി! എനിക്ക യാതൊന്നും അറികയില്ല. കൃഷ്ണനുണ്ണി വല്ല വൎത്തമാനവും കേട്ടിട്ടുണ്ടെങ്കിൽ അത് എന്നോട പറയൂ. സത്യമായി എന്നോട പറയൂ?"

കൃഷ്ണ—"മറെറാന്നുമല്ല. ദേവകിക്കുട്ടിയെ കെട്ടി: പത്മനാഭമേനോനെക്കൊണ്ട് സംബന്ധം ചെയ്യിക്കുവാൻ ആലോചിച്ചുവരുന്നില്ലേ?"

അ. കു—"ഞാൻ അറിയില്ല."

കൃഷ്ണ—"ഉണ്ട്; ആലോചിച്ചു വരുന്നുണ്ട. ഇന്നുഞാൻ അവിടെ വേറേചില സംഗതികൾക്കായി ചെന്നിരുന്നു. അപ്പോൾ പത്മനാഭമേനോനും ശങ്കരപ്പണിക്കരുംകൂടി നമ്മളേപ്പററി ചിലത് സംസാരിക്കയുണ്ടായി. അപ്പോൾതന്നെ എൻെറ മനസ്സിൽ സംശയംവീണു. പിന്നെ, പത്മനാഭമേനോൻെറ അമ്മ എന്നെ അകായിലേക്കു വിളിച്ച് സംസാരിച്ചതിൽ കാൎയ്യമൊക്കെ വെളിവായി."

അ കു—"എന്താണ് സംസാരിച്ചത്?"

കൃഷ്ണ—"അധികമൊന്നും പറകയുണ്ടായില്ല. "കേശവമേനോനെ ഒന്ന് നേരിൽ കണ്ടാൽ കൊള്ളാമെന്ന് ഞാൻ ആവശ്യപ്പെട്ടതായി പറയണം അവരുമായുള്ള ബന്ധുത്വം ഞങ്ങൾക്ക ഒന്നുകൊണ്ടും ഒഴിച്ചുകൂടാത്തതാണ. പത്മനാഭന് അവൻെറ അമ്മാമൻെറ മകളിരിക്കുന്നുണ്ട്. അവൾക്ക് കുറെ പഠി

പ്പുണ്ടെന്നതന്നെയല്ലാ, അവർ തമ്മിൽ സ്നേഹവുമാണ്. എങ്കിലും കേശവമേനോൻെറ ആഗ്രഹത്തെ തെററിനടക്കുവാൻ പാടില്ലല്ലോ. എൻെറ നിർബ്ബന്ധംകൊണ്ട് ഞാൻ പത്മനാഭനെ സമ്മതിപ്പിച്ചുകഴിഞ്ഞു. കേശവമേനോന്ന് ഉടനെതന്നെ സംബന്ധം നടത്തേണമെന്നാണ് ആഗ്രഹമെന്ന് ശുബ്ബൻപട്ടർ പറഞ്ഞു. അങ്ങിനെതന്നെ ആയിക്കൊള്ളട്ടെ അദ്ദേഹത്തെ ഇന്നോ നാളെയോ ഒന്ന ഇങ്ങോളം വരുവാൻ പറയണം" ഇത്രത്തോളമേ ആ അമ്മ എന്നോട് പറകയുണ്ടായുള്ളു. മറെറാന്നും ചോദിപ്പാനും അറിവാനും ഞാൻ അവിടെ നില്ക്കാതെ ഉടൻതന്നെ മടങ്ങി വന്നുകളഞ്ഞു."

അമ്മുക്കുട്ടിയുടെ മനസ്സ് പലെടത്തും അതിവേഗത്തിൽ പാഞ്ഞുതുടങ്ങി. കൃഷ്ണനുണ്ണിയോട് ഉടനെ എന്തെങ്കിലും മറുവടി പറയുവാനായി മനസ്സിനെ സ്വാധീനപ്പെടുത്തുവാൻ കുറെനേരത്തേക്ക് അവൾക്ക് കഴിഞ്ഞില്ല. ഒടുക്കം താണസ്വരത്തിൽ അവൾ കൃഷ്ണനുണ്ണിയെ സമാധാനിപ്പിച്ചു:—

"അടങ്ങിയിരിക്കു. ധൈര്യംവിടേണ്ട. ഇവിടെ ഞാനില്ലേ?"

ഇത്രമാത്രമേ അവൾക്ക് അപ്പോൾ പറവാൻ കഴിഞ്ഞുള്ളു. ഇത്രയും പറഞ്ഞതുതന്നെ സ്വബോധത്തോടു കൂടിയാണോ എന്ന് സംശയമാണ്. ഭർത്താവോട് ഇക്കഥ ചോദിച്ചറിയുവാൻ അവളുടെ മനസ്സ് ഒന്നുകുതിച്ചു. തമ്മിൽ പിണങ്ങിയാണ് താൻ താഴത്തേക്കു വന്നിരിക്കുന്നതെന്ന് ഓർമ്മവന്നപ്പോൾ മനസ്സ് പിൻവലിഞ്ഞു. കൃഷ്ണനുണ്ണിയെ സമാധാനിപ്പിക്കുവാൻ അവൾക്ക വാക്കുകളൊന്നും കിട്ടിയില്ല ഇതിലധികം അവിടെ നില്ക്കുവാൻ കഴിയാതെ അവൾ അടുക്കളയിലേക്ക് നടന്നു. അവൾ പോകുമ്പോൾ—"കൃഷ്ണനുണ്ണി! പുസ്തകം വല്ലതുമെടുത്ത് വായിച്ചുകൊണ്ടിരിക്കു. അസംബന്ധമായി വല്ലതും വിചാരിച്ച് വല്ല ചാപല്യവും കാണിക്കേണ്ട"—എന്നു വിളിച്ചുപറക മാത്രം ചെയ്തു.

# നാലാംഅദ്ധ്യായം.

---

ദേവകിക്കുട്ടിയുടെ വിവാഹകാൎയ്യത്തെപ്പററി ഗാഢമായി ആലോചിച്ചുകൊണ്ട് കേശവമേനോൻ മുകളിൽത്തന്നെ ഇരിക്കയാണ്. അപ്പോൾ താഴത്ത് കൃഷ്ണനുണ്ണി അപ്രകൃതസ്വരത്തിൽ എന്തോചിലതു പറയുന്നതായി കേട്ടു. അവന്റെ ആ ദീൎഘപ്രസംഗം എന്തെന്നറിവാൻ അദ്ദേഹത്തിന് ഉൽകണ്ഠയുണ്ടായി. മുറിയിൽനിന്നു പതുക്കെ പുറത്തുവന്ന് താഴത്തേയ്ക്ക് ചെവികൊടുത്തു. കൃഷ്ണനുണ്ണി പറഞ്ഞിട്ടുള്ളതിൽ ഒടുക്കത്തെ പല വാചകങ്ങളും അദ്ദേഹം നല്ലവണ്ണം കേട്ടു. ആദ്യമാദ്യം അവന്റെ പേരിൽ അനുകമ്പ വൎദ്ധിച്ചുകൊണ്ടാണിരുന്നത്. അവൻ ഒടുക്കം പറഞ്ഞവാക്കുകൾ കേശവമേനോനെ ക്ഷോഭിപ്പിച്ചു. തന്നെ അധിക്ഷേപിച്ചുകൊണ്ടാണ അവൻ അങ്ങിനെ പറഞ്ഞതെന്ന് അദ്ദേഹം കരുതി. അമ്മുക്കുട്ടിയും കൃഷ്ണനുണ്ണിയുമായി ഉണ്ടായ സംഭാഷണം കുറേ താണസ്വരത്തിലായിരുന്നതുകൊണ്ട് വ്യക്തമായി കേൾക്കുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞില്ല. എങ്കിലും, സംഗതി ഗ്രഹിച്ചു. കോടതിക്കു പോകുവാൻ നേരമായതുകൊണ്ട്, അപ്പോൾ ഇതിനെപ്പററി അദ്ദേഹം അധികമൊന്നും ആലോചിക്കയുണ്ടായില്ല.

അമ്മുക്കുട്ടിയുടെ നിൎബ്ബന്ധവും പരിഭവവും കലശലായി ദേവകിക്കുട്ടിയെ കൃഷ്ണനുണ്ണിക്ക് വിവാഹംചെയ്തു കൊടുത്തേ കഴിയൂഎന്ന് അവൾ തുറന്നു പറഞ്ഞുതുടങ്ങി. അങ്ങിനെ ചെയ്തില്ലെങ്കിൽ, "ഞങ്ങൾ മൂവരുടെയും ജീവിതം ഒരുപോലെ നശിക്കും" എന്ന് അവൾ വെളിവായി അറിയിക്കയുംചെയ്തു. കേശവമേനോന്ന് കൃഷ്ണനുണ്ണിയിൽ സ്നേഹത്തിന് ഒട്ടും കുറവില്ലെങ്കിലും, അവന്ന് ദേവകിക്കുട്ടിയെ കൊടുക്കുന്നകാൎയ്യത്തിൽ അദ്ദേഹത്തിന് തീരെ വൈമുഖ്യമാണുള്ളത്. കേശവമേനോന്റെ സ്ഥിതി

എവിടെ! ഒരുകാൎയ്യസ്ഥൻെറ മകനായ കൃഷ്ണനുണ്ണിയുടെ നില എവിടെ? അമ്മുക്കുട്ടിയുടെ പ്രീതിക്കുവേണ്ടി ഈ വിവാഹം നടത്തുന്നതായാൽ, പിന്നെ ജനങ്ങളുടെമുമ്പിൽ അദ്ദേഹം തലനിവൎത്തി നടക്കുന്നതെങ്ങിനെ? അഭിമാനികളിൽ അഗ്രേസരനാണ് അദ്ദേഹം. പുതിയ പരിഷ്കാരപ്രകാരം ദേവകിക്കുട്ടിയെ യോഗ്യനായ ഒരാളെക്കൊണ്ട് വിവാഹം ചെയ്യിക്കയും, അങ്ങിനെയും കുറെ യശസ്സ് നേടുവാൻ ശ്രമിക്കയും വേണമെന്നാണ് അദ്ദേഹത്തിൻെറ മോഹം. അമ്മുക്കുട്ടിയുടെ ആഗ്രഹപ്രകാരം താൻ പ്രവൎത്തിച്ചാൽ, ഒരു യോഗ്യനായ വരനെ കിട്ടുവാൻ തനിക്ക് പ്രയാസമായതുകൊണ്ടാണ് ഇത്ര മോശക്കാരനായ ഒരാൾക്ക് തൻെറ മരുമകളെ പിടിച്ച് കൊടുത്തതെന്ന് തന്നെ ജനങ്ങൾ പരിഹസിക്കയില്ലയോ? അതെല്ലാം എങ്ങിനെയോ ആവട്ടെ; തൻെറ ഒരു കാൎയ്യസ്ഥൻെറ മകന്ന് തൻെറ ഒരേ മരുമകളെ വിവാഹം ചെയ്യുകൊടുക്കുക എന്നത് കെശവമേനോൻ ഒരിക്കലും ചെയ്യുന്നതല്ല. അക്കാൎയ്യം അദ്ദേഹം മുമ്പേ തീൎച്ചപ്പെടുത്തി വെച്ചതാണ്. എന്നാൽ—അമ്മുക്കുട്ടിയെ എങ്ങിനെയാണ് സമാധാനിപ്പിക്കേണ്ടത് എന്നുമാത്രമെ ഇപ്പോൾ അദ്ദേഹത്തിന്ന് ആലോചനയുള്ളു. എന്നുതന്നെയല്ലാ, കൃഷ്ണനുണ്ണിയെ കുറെ മാസത്തേയ്ക്കു ഇവിടെനിന്ന് അകററുകയും വേണ്ടിയിരിക്കുന്നു. അങ്ങിനെ ചെയ്കയല്ലാതെ, ദേവകിക്കുട്ടിയുടെ സ്നേഹത്തെ മററൊരിടത്തേയ്ക്ക് തിരിക്കുന്നതിനും, അമ്മുക്കുട്ടിയുടെ പരിഭവത്തെ തീൎക്കുന്നതിനും വഴി വേറെ കാണുന്നില്ല. ഇത്രയും കൂടിയായാൽ അമ്മുക്കുട്ടിയുടെ കഥയെന്ത്?

"ഒരുത്തൻെറ അഭിമാനരക്ഷക്കുവേണ്ടി ഈയുള്ള മൂന്നുപേരുടെ ജിവനെ പാഴിൽ നശിപ്പിച്ചുവെന്നു വരും. കൃഷ്ണനുണ്ണിയും ദേവകിക്കുട്ടിയും തമ്മിലുള്ളസ്നേഹം ചെറുപ്പംമുതല്ക്കേ ഉള്ളുന്നിയുറച്ച് വളൎന്നിട്ടുള്ളതാണ്. ആ ബന്ധത്തെ മുറിക്കുവാൻ ശ്രമി

ച്ചാൽ, തിച്ച്യയായും നാശമാണ് ഫലം ദേവകിക്കുട്ടി അന്യ ന്റെ ഭാൎയ്യയായാൽ അവർതമ്മിൽ ഒരുനേരവും സൈ്വരത്തോ ടെ ഇണങ്ങിയിരിക്കുമെന്നു വരികയില്ല അവളുടെ മനസ്സ് കൃഷ്ണനുണ്ണിയിൽ പതിഞ്ഞുകഴിഞ്ഞു. അതിനെ വലിച്ചെടുക്കു വാൻ ഇനി അവൾക്ക് കഴികയില്ല. അവളുടെ മനസ്സ് കൃഷ്ണ നുണ്ണിയിലും, ദേഹം മറെറാരിടത്തും ആയാൽ, വേറെ ദോഷം കൂടിയുണ്ടാവാൻ തരമുണ്ടെന്ന് ഞാൻ തുറന്നുപറഞ്ഞേ കഴിയൂ എന്നില്ല. നാട്ടുകാർ വല്ലതും പറയുമെന്നുശങ്കിച്ച് നമ്മുടെ സുഖത്തെയും സൌകൎയ്യത്തെയും നശിപ്പിക്കുന്നത് വിഡ്ഢിത്ത മാണ്. അന്യൎക്ക് ഒരുചേതവും ഇല്ലാത്തതും, നമുക്ക് സുഖമു ണ്ടാകുന്നതും ആയ കാൎയ്യങ്ങളിൽ പ്രവേശിക്കുമ്പോൾ നാട്ടുകാ രുടെ അഭിപ്രായത്തെ ഗണ്യമാക്കേണ്ടതില്ല. കൃഷ്ണനുണ്ണിയെ പിരിഞ്ഞിരിക്കേണ്ടി വന്നാൽ കണ്ണീരും കഷ്ടമായിട്ടായിരിക്കും എന്റെ ജീവിതം. ഞങ്ങൾ മൂവൎക്കും പ്രതികൂലമായി ഇക്കാൎയ്യ ത്തിൽ പ്രവൎത്തിച്ചാൽ ഈ കുഡുംബത്തിലെ സൎവ്വസുഖങ്ങളും അടിയോടെ നശിച്ചുപോകുമെന്നതിൽ സംശയം വേണ്ട. ഇതെല്ലാം നല്ലവണ്ണം ആലോചിച്ച് ഉചിതംപോലെ പ്രവൎത്തി ക്കണം."

ഇങ്ങിനെയാണ് അമ്മുക്കുട്ടി കേശവമേനോനെ അറിയി ച്ചത്. ഈ സംഗതികൾ പലതവണകളിലായി അവൾ നല്ല വണ്ണം വിവരിച്ചു പറഞ്ഞിട്ടുണ്ട്. എന്നിട്ടും കേശവമേനോന്റെ മനസ്സ് ഇളകിയതേയില്ല.

"കുറെ ദിവസത്തേക്ക് ഇങ്ങിനെയെല്ലാം തോന്നിക്കൊണ്ടി രിക്കും. ഏതുദുഃഖവും കാലപ്പഴക്കംകൊണ്ട് മാഞ്ഞുപോകാ തിരിക്കയില്ല. തല്ക്കാലസുഖത്തിനു വേണ്ടി നാം മൎയ്യാദകെട്ടു പ്രവൎത്തിച്ചാൽ, നമുക്ക് തറവാടും ബന്ധുക്കളും ആരുമില്ലാതെ ഉഴലേണ്ടിവരും. എന്റെ തറവാട്ടിന് പണ്ടുപണ്ടേയുള്ള മാനം

ഞാനായിട്ടു നശിപ്പിച്ചുവെന്നു വന്നുകൂടാ. കൃഷ്ണനുണ്ണിയുടെ ജാതിയെപ്പററിക്കൂടിയും സംശയിക്കത്തക്ക ചില സംഗതികൾ ഞാൻ കേട്ടിട്ടുണ്ട്. ദേവകിക്കുട്ടി എന്നും കന്യകയായിരുന്നാൽ കൂടി അവളെ കൃഷ്ണനുണ്ണിക്ക് കൊടുക്കുക എന്നത് ഞാൻ ചെയ്യുകയില്ല. അക്കാൎയ്യം മാത്രം അമ്മുക്കുട്ടി എന്നോട് പറകയേ അരുത്. കൃഷ്ണനുണ്ണി കുറെ മാസത്തേയ്ക്കു കോഴിക്കോട്ടോ മറേറാ ചെന്നു താമസിക്കട്ടെ. ഒട്ടുനാളെക്ക് ദേവകിക്കുട്ടിക്ക് സുഖക്കേടുണ്ടാവാമെങ്കിലും, ക്രമേണ അതെല്ലാം മറന്നുപോകാതിരിക്കയില്ല. ഇതെല്ലാം അമ്മുക്കുട്ടിക്കുതന്നെ അനുഭവപ്പെടും. ദേവകിക്കുട്ടിയുടെ വിവാഹം കഴിഞ്ഞ് കുറെനാൾ ചെന്നതിൽ പിന്നെ കൃഷ്ണനുണ്ണി ഇവിടെ മടങ്ങിവന്നാൽമതി. മേലിൽ ഉണ്ടാവേണ്ട നന്മക്കുവേണ്ടി എതാനുംമാസം അവനെ പിരിഞ്ഞിരിക്കുന്നതിൽ അമ്മുക്കുട്ടിക്കു സുഖക്കേടു വേണ്ട. ദേവകിക്കുട്ടി മററാരാളുടെ ഭാൎയ്യയാകയും, അദ്ദേഹവുമായി കുറെദിവസം സഹവസിക്കയും ചെയ്താൽ അവളുടെ സ്നേഹം അവിടെ തിരിഞ്ഞുകൊള്ളും. കൃഷ്ണനുണ്ണിക്ക് നിങ്ങളിരുവരെയും സ്നേഹിക്കുന്നതിനോ, നിങ്ങൾക്ക് കൃഷ്ണനുണ്ണിയെ സ്നേഹിക്കുന്നതിനോ എന്നും വിരോധമില്ലാത്തതാണല്ലോ. തല്ക്കാലത്തെ സങ്കടത്തെയോൎത്ത് അമ്മുക്കുട്ടി കലമ്പൽ കൂട്ടരുത്. നാം കലശലായി സ്നേഹിച്ചിരുന്ന എത്രയെത്രപേർ ഇന്നേവരെ മരിച്ചുപോയിട്ടുണ്ട്? അവർ മരിക്കുമ്പോൾ നമുക്കുണ്ടായിരുന്ന ദുഃഖത്തിൽ ഒരു ശതാംശമെങ്കിലും ഇപ്പോൾ ശേഷിച്ചിട്ടുണ്ടോ? ഇതിനെപ്പററി അമ്മുക്കുട്ടി നല്ലവണ്ണം ആലോചിച്ചു നോക്കുക. കൃഷ്ണനുണ്ണിയെ പിരിയുമ്പോൾ അമ്മുക്കുട്ടിക്കും ദേവകിക്കുട്ടിക്കും വളരെ സുഖക്കേടുണ്ടാകുമെന്ന് എനിക്കറിയാം എന്നാൽ, ആ സുഖക്കേട് ദിവസം ചെല്ലുന്തോറും കുറഞ്ഞുകുറഞ്ഞു വരാതിരിക്കയില്ല. എന്നുതന്നെയല്ലാ, അവൻ അധിക കാലതാമസം കൂടാതെ മടങ്ങിവരുന്നതു

മാണല്ലോ. അതുകൊണ്ട് ഇക്കാൎയ്യത്തിൽ ധൈൎയ്യവും സമാധാനവുമാണ് അമ്മുക്കുട്ടിക്ക് ഉണ്ടാവേണ്ടത്."

കേശവമേനോൻ അമ്മുക്കുട്ടിയെ സമാധാനിപ്പിച്ചത് മേൽപ്രകാരമായിരുന്നു. ഭൎത്താവിൽ പൂൎണ്ണസ്നേഹമുള്ള അമ്മുക്കുട്ടിക്ക്, അദ്ദേഹം പറയുന്നത് ശരിയാവാം എന്നുതോന്നി. കൃഷ്ണനുണ്ണിയെ കുറെ മാസത്തേയ്ക്ക് പിരിഞ്ഞിരിക്കുവാൻ അവൾക്ക് കഴിയായ്കയില്ലെങ്കിലും, കൃഷ്ണനുണ്ണിയിരിക്കേ, ദേവകിക്കുട്ടി അന്യൻെറ ഭാൎയ്യയാകുന്നതായാൽ അതുകൊണ്ടുണ്ടാകുന്ന ദുഃഖം തൻെറ ജീവകാലമത്രയും നിലനില്ക്കുമെന്ന് അവൾക്ക് ഉറപ്പായി തോന്നീട്ടുണ്ട്. എന്നാൽ, ഭൎത്താവിൻെറ മനോഗതിയെ എങ്ങിനെയാണ് അവൾ മാററിത്തിരിക്കേണ്ടത്. അത് അസാദ്ധ്യമാണെന്ന് തീൎച്ചയായിരിക്കുന്നു. എല്ലാം ദൈവേച്ഛപോലെ സംഭവിക്കട്ടെ. എന്നാണ് അവൾ ഒടുക്കം സമാധാനിച്ചത്. യഥാൎത്ഥപ്രേമത്തിൻെറ ശക്തി എന്തുമാത്രമുണ്ടെന്ന് അവൾക്കറിയാമോ? മററവിധത്തിലുണ്ടാകുന്ന ദുഃഖങ്ങൾ കാലപ്പഴക്കംകൊണ്ട് തേഞ്ഞു മാഞ്ഞുപോകുന്നതായി അവൾക്കുതന്നെ അനുഭവപ്പെട്ടിട്ടുണ്ട്. പരിപൂൎണ്ണപ്രേമത്താൽ ബന്ധിക്കപ്പെട്ടിട്ടുള്ളവർ പരസ്പരം പിരിയേണ്ടിവന്നാലുണ്ടാവുന്നദുഃഖം, മനസ്സ് എന്നൊന്നു ഉള്ളെടത്തോളംകാലം മായുന്നതാണോ എന്ന് അവൾക്ക് ഊഹിച്ചറിയുവാൻ ശക്തിയില്ല. ഒരുവൻ തൻെറ സൎവ്വസുഖങ്ങൾക്കും ഏകാസ്പദമെന്നുവെച്ച് സദാ ധ്യാനിച്ചുകൊണ്ടുവരുന്ന ആസ്ഥാനം മറെറാരാൾ കൈകേറിയാൽ ഉണ്ടാവുന്ന അവസ്ഥ അമ്മുക്കുട്ടിക്കും കേശവമേനോന്നും അനുഭവപ്പെട്ടിട്ടുണ്ടോ? ആ അനുഭവം അവൎക്ക് ഇല്ലാത്തതുകൊണ്ടും, ഊഹിച്ചറിവാൻ ശക്തിയില്ലാത്തതുകൊണ്ടും, കേശവമേനോൻ മേൽപുറംമാത്രം നോക്കി നിസ്സാരമെന്നു കരുതുകയും, അങ്ങിനെ തന്നെ തൻെറ ഭാൎയ്യയെ സമാധാനിപ്പിക്കുയും ചെയ്തുപോയി!

ഇങ്ങിനെ ദിവസം രണ്ടുകഴിഞ്ഞു. കേശവമേനോൻ വൈകുന്നേരം കോടതിയിൽനിന്ന് മടങ്ങിവന്നു മുകളിലേക്കു പോകുമ്പോൾ കൃഷ്ണനുണ്ണി അകായിൽ നില്ക്കുന്നതായി കണ്ടു. അവനെ മുകളിലേക്കു വരുവാൻ ആംഗ്യംകൊണ്ട് അദ്ദേഹം അറിയിച്ചു. അതനുസരിച്ച് അവൻ അദ്ദേഹത്തോടൊന്നിച്ചു മുകളിലേക്കു പോയി. കേശവമേനോൻ ഉടുപ്പുകൾ അഴിച്ചു വെച്ച് ചായകഴിച്ച് ഒന്നു മുറുക്കിയപിന്നെ കൃഷ്ണനുണ്ണിയുടെ നേരെ ഗൌരവഭാവത്തിൽ തിരിഞ്ഞിരുന്നു.

കേ. മേ—"കൃഷ്ണനുണ്ണി, ദേവകിക്കുട്ടിയുടെ വിവാഹകാൎയ്യത്തെപ്പററി അമ്മുക്കുട്ടി കലശലായി നിൎബ്ബന്ധിച്ചു തുടങ്ങിയിരിക്കുന്നു. ഇത്രചെറുപ്പത്തിൽ തന്നെ വിവാഹം നടത്തുന്നത് യുക്തമാണോ?"

ഈ ചോദ്യം കൃഷ്ണനുണ്ണിയെ ഒട്ടധികം പരിഭ്രമിപ്പിച്ചു. വിവാഹകാൎയ്യം തീൎച്ചപ്പെടുത്തിയതിൽപിന്നെ, അത് തന്നെക്കൊണ്ടുകൂടി സമ്മതിപ്പിക്കുവാൻ കേശവമേനോൻ പ്രയോഗിക്കുന്ന ഒരു വഞ്ചനയാണിതെന്ന് അവന്ന് ക്ഷണത്തിൽ തോന്നി. അധികമൊന്നും ആലോചിക്കുവാൻ താമസിക്കാതെ—"വിവാഹം ഒന്നുരണ്ടുകൊല്ലംകൂടി കഴിഞ്ഞിട്ടു മതിയെന്നാണ് എനിക്കു തോന്നുന്നത്—" എന്ന് അവൻ വേഗത്തിൽ മറുവടിപറഞ്ഞു.

കേ. മേ—"അമ്മുക്കുട്ടിക്ക് അതുസമ്മതമല്ല. അതുകൊണ്ട്, ഉടനെതന്നെ വിവാഹം കഴിച്ചു കൂട്ടിയേക്കാമെന്ന് ഞാൻ നിശ്ചയിച്ചു. പണവും പഠിപ്പും തികഞ്ഞ ഒരുയോഗ്യനെ കിട്ടുവാനാണ് പ്രയാസമായിരിക്കുന്നത്. നിൻെറ പരിചയത്തിൽ അങ്ങിനെ വല്ലവരുമുണ്ടോ?"

കഷ്ടം! എത്ര ക്രൂരമായ ചോദ്യമാണിത്. എങ്കിലും കൃഷ്ണനുണ്ണിക്ക് കൂസലൊട്ടും ഉണ്ടായില്ല. അവൻെറ മനസ്സിൽ ധൈൎയ്യം നിറഞ്ഞിരിക്കയാണ്. ഈ വക ചോദ്യങ്ങളെ അവൻ

ഒട്ടും വിലവെച്ചിട്ടില്ല. "ദേവകിക്കുട്ടിയെ ആഗ്രഹിക്കുന്നവരായി പലരുമുണ്ടാവാം. എന്നാൽ, ദേവകിക്കുട്ടിക്ക് ഇഷ്ടം ആരിലാണെന്ന് അവളോടുതന്നെ ചോദിച്ചറിയുവാനേ നിവൃത്തിയുള്ളൂ." എന്ന് അവൻ ധൈര്യത്തോടെ മറുവടി പറഞ്ഞു.

കേ. മേ—"പഠിപ്പിനെ മാത്രം നോക്കി മററയാതൊരു ഗുണവും ഇല്ലാത്ത ഒരാളെയാണ് അവൾ ആഗ്രഹിക്കുന്നത് എന്നാലോ? അങ്ങിനെയൊരാളെക്കൊണ്ട് വിവാഹം ചെയ്യിക്കുന്നതിൽ ദോഷമുണ്ടോ?"

കൃഷ്ണ—"ഇക്കാര്യത്തിൽ എനിക്ക് അത്രമാത്രമെ അറിവുള്ളൂ. ഇതെല്ലാം അവരവരുടെ ഗുണത്തെയും സൌകര്യത്തെയും നോക്കി പ്രവർത്തിക്കയാണ് വേണ്ടത്."

കേ. മേ—"ദേവകിക്കുട്ടിയെ നിനക്ക് വിവാഹംചെയ്യുതരാമെന്നാലോ?"

കൃഷ്ണ—"ആ ഭാഗ്യം എനിക്കില്ല."

കേ. മേ—ദേവകിക്കുട്ടി നിൻെറ ഭാര്യയായാൽ ഇരുവരുടെയും ക്ഷേമത്തെ നിലനിർത്തത്തക്ക സാമർത്ഥ്യം നിനക്കുണ്ടോ?"

കൃഷ്ണ—"ഉണ്ടെന്നാണ് എൻെറ ദൃഢവിശ്വാസം."

കേ. മേ—ഇപ്പോൾ ലോകം പണത്തെയാണ് മാനിക്കുന്നത്. പണമില്ലാത്തവർ ഈ ലോകത്തിൽ ഒന്നിനും കൊള്ളരുതാത്തവരാണ്. എൻെറ സമ്പാദ്യത്തിൽ പങ്കുപററി നീ ഉപജീവിക്കുക എന്നായാൽ നിൻെറ ജീവിതത്തിന് എന്തുവിലയാണുള്ളത്. അതുകൊണ്ട് നീ സ്വന്തമായി കുറെ പണം സമ്പാദിച്ചു വെയ്ക്കണം. "ഒരുവൻ വേണമെന്നുവെച്ച് പ്രയത്നിക്കുന്നതായാൽ ഒരൊററ കൊല്ലംകൊണ്ട് അഞ്ചോ ആറോ ആയിരം ഉറുപ്പിക സമ്പാദിക്കുവാൻ അത്ര ഞെരുക്കമാണോ?" ഇന്നുമുതൽ ഒരുകൊല്ലത്തെ ഇട നിനക്ക് തന്നിരിക്കുന്നു. അതിലകത്ത് അയ്യായിരം ഉറുപ്പിക നീ സമ്പാദിച്ചു കൊണ്ടുവരിക.

നിൻെറ സാമൎത്ഥ്യം കാണട്ടെ. അങ്ങിനെ കൊണ്ടുവരുമെങ്കിൽ ദേവകിക്കുട്ടി നിൻെറ ഭാൎയ്യതന്നെയാണ്. ഇഷ്ടമെങ്കിൽ നാളെ ത്തന്നെ പുറപ്പെടാം. ഇത് നിൻെറ ഗുണത്തിനുവേണ്ടി മാത്ര മാണ് ഞാൻ പറയുന്നത്. ഈ ലോകത്തിൽ പണമില്ലാത്ത വരെ ആരും വിലവെയ്ക്കയില്ല. അവനവൻതന്നെ സമ്പാദിച്ച പണമായിരുന്നാലെ അനുഭവിക്കുവാൻ സ്വാദുണ്ടാകയുള്ളു. നിൻെറ അഭിപ്രായമെന്താണ ?"

കൃഷ്ണ—"എല്ലാം നിങ്ങളുടെ ഇഷ്ടംപോലേ. വാസ്തവത്തിൽ എനിക്ക് ഇതൊരു അനുഗ്രഹമാണ്. എനിക്ക് ആശയ്ക്ക് ഒട്ടും വഴിയില്ലെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നത്."

കൃഷ്ണനുണ്ണിക്ക് ആശയ്ക്ക് വഴികിട്ടി. അവൻെറ മനസ്സിൽ ചില പുതിയ വികാരങ്ങൾ കടന്നുകൂടി. വരണ്ടുകിടന്നിരുന്ന അവൻെറ മനസ്സ് ഒട്ടൊന്ന് കുളിൎത്തു. ഒരൊററ കൊല്ലമല്ലേ ദേവകിക്കുട്ടിയെ പിരിഞ്ഞിരിക്കേണ്ടതുള്ളു. തനിക്ക് ലഭിക്കയേ യില്ലയെന്നും, എന്നെന്നേയ്ക്കുമായി ഇതാ കൈവിടാറായിയെന്നു മുള്ള നിലയിലായ ആ ഇഷ്ടവസ്തു, ഇന്നുമുതൽ മുന്നൂറ്റിഅറുപത്തഞ്ചാം നാൾ തൻേറതായിവരുമെന്നു വന്നാൽ, അത് എത്ര വലിയൊരു ആ ശ്വാസമാണ്. ഒരുകൊല്ലംകൊണ്ട് ഒരയ്യായിരം ഉറുപ്പിക സമ്പാദിക്കുകയെന്നത് അസാദ്ധ്യമെന്ന് കൃഷ്ണനുണ്ണിക്ക് തോ ന്നീട്ടില്ല. ദേവകിക്കുട്ടിയെ മനസ്സിൽ വെച്ചുകൊണ്ട് അതിന് ശ്രമിക്കയാണെങ്കിൽ തീൎച്ചയായും സാധിക്കുമെന്ന് അവൻ നിശ്ച യിച്ചു. സന്താപത്താൽ ക്ഷീണിച്ച് ദുൎബ്ബലമായി കിടന്നിരുന്ന അവൻെറ മനസ്സ് ബലിഷ്ഠവും പ്രബുദ്ധവുമായിത്തീൎന്നു. വാടി മങ്ങിയിരുന്ന അവൻെറ മുഖം പ്രസന്നമായി. അവനിൽ ഒരു പുതിയ ജീവൻ പ്രകാശിച്ചു. നാളെത്തന്നെ താൻ പുറപ്പെടുന്നു വെന്നും, അതിനു വേണ്ടുന്ന ഒരുക്കങ്ങൾ ഇപ്പോൾതന്നെ ചെയ്തു തുടങ്ങേണമെന്നും കേശവമേനോനെ അറിയിച്ച് അവൻ താഴ

ത്തേക്കുവന്നു. താൻ ദേവകിക്കുട്ടിയോടു പറഞ്ഞിട്ടുള്ളതെല്ലാം കേശവമേനോൻ അറിഞ്ഞിരിക്കുന്നുവെന്ന് അദ്ദേഹത്തിൻെറ ചില വാക്കുകളിൽനിന്ന് കൃഷ്ണനുണ്ണി ഗ്രഹിച്ചു. "ഒരുവൻ വേണമെന്നുവെച്ച് പ്രയത്നിക്കുന്നതായാൽ ഒരൊററ കൊല്ലം കൊണ്ട് അഞ്ചോ ആറോ ആയിരം ഉറുപ്പിക സമ്പാദിക്കുവാൻ ഞെരുക്കമൊണോ" എന്ന വാചകം തൻെറ മുഖത്തിൽനിന്ന് പുറപ്പെട്ടിട്ടുള്ളതാണെന്ന് അവൻ ഓർമ്മിച്ചു. ഇതെല്ലാം അമ്മുക്കുട്ടിയിൽ നിന്നായിരിക്കാം കേശവമേനോൻ അറിഞ്ഞിട്ടുള്ളതെന്ന് അവൻ സംശയിച്ചു. എന്നാൽ, ഇതൊന്നും അവൻെറ ചിന്തയ്ക്കു് വിഷയമാകുവാൻ ഇടയായില്ല.

അവൻ താഴത്തു വന്ന ഉടനെ ആദ്യമായി കണ്ടത് അമ്മുക്കുട്ടിയെയാണ്. പെട്ടെന്ന് അവനിലുണ്ടായിട്ടുള്ള പ്രസന്നഭാവത്തെ കണ്ട് അമ്മുക്കുട്ടി അത്ഭുതപ്പെട്ടു. മുകളിൽ ചെന്നത് എന്തിനെന്ന് അവൾ ചോദിക്കയും, സംഗതിയൊക്കെയും വിശദമായി അറികയും ചെയ്തു. അമ്മുക്കുട്ടിയുടെ മുഖം വിളർത്തുപോയി. തൻെറ ഭർത്താവിൻെറ വഞ്ചനയിൽ ഗത്യന്തരമില്ലാതെ ഈ സാധു കുടുങ്ങിപ്പോയല്ലോ എന്ന് അവൾ വിഷാദിച്ചു. മറെറാക്കെയും മനസ്സിലൊതുക്കിവെച്ച്—"കൃഷ്ണനുണ്ണി, എന്നെ മനഃപൂർവ്വം സ്നേഹിക്കുന്നുണ്ടോ?" എന്ന് അവൾ ചോദിച്ചു.

കൃഷ്ണ—"അതിൽ സംശയമുണ്ടോ?"

അ. കു—"എന്നാൽ എൻെറ സന്തോഷത്തിനുവേണ്ടി ഞാൻ തരുന്ന ഒരു സാധനം കൃഷ്ണനുണ്ണി സ്വീകരിക്കണം."

കൃഷ്ണ—"അതെന്താണ്?"

അ. കു—"സ്വീകരിക്കാമെന്ന് സത്യമായി പറയൂ?"

കൃഷ്ണ—"എനിക്കും, പ്രത്യേകിച്ച് അന്യക്കും ദോഷമുണ്ടാവാത്ത സാധനമാണെങ്കിൽ ഞാൻ സത്യമായി സ്വീകരിച്ചു കൊള്ളാം."

അ. കു—"കൃഷ്ണനുണ്ണിക്ക് നന്മയല്ലാതെ ഞാൻചെയ്യുമോ?"

കൃഷ്ണ—"ആ സാധനം എന്താണ്, പറയൂ?"

അ. കു—"അയ്യായിരം ഉറുപ്പിക."

കൃഷ്ണ—"ആൎക്ക്? എന്തിന?"

അ. കു—"കൃഷ്ണനുണ്ണിക്ക്. എന്റെ മനസ്സന്തോഷത്തിന്"

"ശരി. ഞാനതു സ്വീകരിച്ചു. ഞാൻ മടങ്ങിവരുന്നതു വരെക്കും അത് അമ്മുക്കുട്ടികൈവശം സൂക്ഷിക്കുവാൻ ഞാൻ തന്നിരിക്കുന്നു. വിദേശവാസകാലത്ത് ആ സംഖ്യ ഞാൻ കൈവശം വെക്കുന്നതു യുക്തമല്ല." എന്ന് കുറഞ്ഞൊന്ന് ആലോചിച്ചപിന്നെ കൃഷ്ണനുണ്ണി മറുവടി പറഞ്ഞു.

തന്റെ വിചാരം കൃഷ്ണനുണ്ണി അറിഞ്ഞുവെന്നും ഈ വഴിക്കു പോയാൽ അവൻ വഴിപ്പെടുകയില്ലെന്നും അമ്മുക്കുട്ടിക്ക് ബോധ്യമായി.

അ. കു—"ഒരുകൊല്ലം കൊണ്ട് ഇത്രയുംസംഖ്യ സമ്പാദിക്കുവാൻ കൃഷ്ണനുണ്ണിക്ക് സാധിച്ചില്ലെങ്കിലോ?"

കൃഷ്ണ—"സാധിച്ചില്ലെങ്കിൽ—; സാധിക്കും. തീൎച്ചയായും എനിക്കതു സാധിക്കും.

അ. കു—"സാധിച്ചില്ലെങ്കിൽ—?

കൃഷ്ണ—സാധിക്കാതിരിക്കയില്ല.

അ. കു—"സാധിച്ചാലും സാധിച്ചില്ലെങ്കിലും തീൎച്ചയായും കൃഷ്ണനുണ്ണി മടങ്ങിവരുമോ?"

കൃഷ്ണ—"സാധിച്ചില്ലെങ്കിൽ ഞാൻ ആൎക്കുവേണ്ടിയാണ് ഇവിടെ വരേണ്ടത്?" എന്ന് അല്പം വാടിയ മുഖത്തോടെ ചോദിച്ചു.

അ. കു—"എനിക്കുവേണ്ടി" എന്ന് പെട്ടെന്ന് സഗൽഗദം മറുവടി പറഞ്ഞുപോയി.

കുറച്ചുനേരത്തേയ്ക്ക് കൃഷ്ണനുണ്ണി ഒന്നും മിണ്ടിയില്ല. "അമ്മു

ക്കുട്ടി, അധൈയ്യപ്പെടേണ്ട. ഒരുകൊല്ലംകൊണ്ട് ഇത്രയംസംഖ്യ സമ്പാദിക്കുവാൻ എനിക്ക് സാധിക്കാതെ വരികയില്ല. ഇന്നു തുടങ്ങി മുന്നൂറ്റ-ാം നാൾ ഞാൻ ഇവിടെ ഉണ്ടെന്നു് അമ്മുക്കുട്ടി ദൃഢമായി വിശ്വസിച്ചുകൊള്ളുക" എന്നു് അവൻ സധൈയ്യം പറഞ്ഞു.

"എന്നിൽ കൃഷ്ണനുണ്ണിക്ക് പൂൎണ്ണമായ സ്നേഹമുണ്ടെങ്കിൽ പണം കിട്ടിയാലും ഇല്ലെങ്കിലും തീൎച്ചയായും മടങ്ങിവന്നു് എന്നെ കണ്ടുകൊള്ളാമെന്നു് ഇപ്പോൾ എന്നോടു സത്യംചെയ്യണം. അല്ലെങ്കിൽ, കൃഷ്ണനുണ്ണി മടങ്ങിവരുന്നകാലത്ത് എന്നെ ഇവിടെ കണ്ടില്ലെന്നുവരാം." എന്നിങ്ങിനെ അവൾ കണ്ണീരോടെ പറഞ്ഞു.

കൃഷ്ണ—"ഞാൻ ഇതാ സത്യംചെയ്യുന്നു: തീൎച്ചയായും ഞാൻ മടങ്ങിവന്നു് അമ്മുക്കുട്ടിയെ കണ്ടുകൊള്ളാം. ഞാൻ മടങ്ങിവരുന്നതുവരെ ദേവകിക്കുട്ടിയെ ആശ്വസിപ്പിക്കേണ്ടഭാരം അമ്മുക്കുട്ടിക്കാണ്. ഞാൻ മടങ്ങിവരുമ്പോഴെക്കും ദേവകിക്കുട്ടി അന്യാധീനയായിപ്പോയാൽ—ഇല്ല, അങ്ങിനെ വരില്ല. കേശവമേനോൻ വാക്കുതെററി നടക്കയില്ലെന്നു് ഞാൻ അറിയും.

അ. കു—എന്തു ചാപല്യമാണിത്. ഈ ഒരൊററ വിചാരംകൊണ്ടുതന്നെ കൃഷ്ണനുണ്ണിയുടെ ജീവിതം കഴിഞ്ഞുകൂടുമോ? കൃഷ്ണനുണ്ണി ഭൂമിയിൽ ജനിച്ചിരിക്കുന്നത് ഒരു സ്ത്രീക്കുവേണ്ടി—ഒരു നശ്വരമായ ദേഹത്തിനുവേണ്ടി സ്വജീവിതത്തെ നശിപ്പിക്കാനാണോ? പുരുഷന്മാൎക്ക് തൻെറയും തൻെറ നാട്ടിൻെറയും ഗുണത്തിനായി പ്രവൎത്തിക്കേണ്ടവ പലതുമുണ്ട്. അതിലേതിലെങ്കിലും മനസ്സുവെച്ച് ജീവിതത്തെ ഉൽകൃഷ്ടമാക്കുവാനാണ് ശ്രമിക്കേണ്ടത്. കേവലം ഒരു പാമരനെപ്പോലേ നിസ്സാരവിഷയത്തിൽ ഭ്രമിച്ച് അധഃപതിക്കയല്ലാ വേണ്ടത്. ദേവകിക്കുട്ടിയെ കിട്ടിയാലെന്ത്? കിട്ടിയില്ലെങ്കിലെന്ത്? ധീരോദാത്തൻ്റെയെ

കൈവിടുന്നത് പുരുഷധമ്മമല്ല. ജീവിതയാത്രയിൽ നാം പലരെയും കാണുന്നുണ്ട്. അവർ ഓരോരുത്തരായി അകന്നകന്നു പോകുന്നതുമുണ്ട്. അതിലൊന്ന് ദേവകിക്കുട്ടി അവളും ഒരിക്കൽ മറഞ്ഞുപോകുമെന്ന് നിശ്ചയമാണ്. അങ്ങിനെയുള്ള വസ്തുവിൽ ആശവെച്ച് മററൊക്കെയും മറന്ന് ഈ ദുല്ലഭമായ മനുഷ്യജീവിതത്തെ പാഴിലാക്കേണ്ട. ദേവകിക്കുട്ടിയെ സ്നേഹിക്കേണ്ടെന്നല്ലാ ഞാൻ പറഞ്ഞത്. ജീവിതോദ്ദേശ്യം അതാവരുതെന്നേയുള്ളൂ. കൃഷ്ണനുണ്ണി ക്ഷമയോടുകൂടി ഞാൻ ഈപ്പറഞ്ഞതിനെപ്പററി നല്ലവണ്ണം ആലോചിച്ചുകൊള്ളുക"

അവൾ ഇതെല്ലാം വേഗത്തിൽ പറഞ്ഞവസാനിപ്പിച്ചിട്ട്, കൃഷ്ണനുണ്ണി മറുവടി എന്തുപറയുന്നുവെന്ന് കേൾക്കുവാൻ നില്ക്കാതെ ഉടനെതന്നെ അവിടെനിന്നു പോയി.

## അഞ്ചാംഅദ്ധ്യായം.

നേരം പുലന്നു. ശോകരസവും നിശ്ശബ്ദഭാവവും അവിടെ എങ്ങും പരന്നു. അല്പം സന്തോഷം കൃഷ്ണനുണ്ണിയുടെ മുഖത്തിൽ മാത്രമുണ്ട്. അവൻ യാത്രക്കുള്ള ഒരുക്കങ്ങൾ ചെയ്യുതുടങ്ങി. കയ്യിലെടുക്കാവുന്നെടത്തോളം അത്യാവശ്യങ്ങളായ സാമാനങ്ങൾ ഒരു കൈപ്പെട്ടിയിലിട്ടു പൂട്ടിവെച്ചു. അവൻെറ നിബ്ബന്ധത്താൽ അമ്മുക്കുട്ടിയും ദേവകിക്കുട്ടിയും അടുത്തു വന്നിരുന്ന് അവർ മൂവ്വരുമൊന്നിച്ചു ചായകഴിച്ചു. ആ അവസരത്തിൽ കൃഷ്ണനുണ്ണി ഇടയ്ക്കിടെ ചിലത് സംസാരിക്കയുണ്ടായിയെങ്കിലും, മററവരിരുവക്കും ഒരക്ഷരംപോലും മിണ്ടുന്നതിനു കഴിഞ്ഞില്ല.

പുറപ്പെടേണ്ട നേരമായി. കേശവമേനോനോട് യാത്ര പറയുവാനായി കൃഷ്ണനുണ്ണി മുകളിൽചെന്നു. അവിടെ ഓവറയിൽ അമ്മുക്കുട്ടി പാതിമറഞ്ഞ് നില്ക്കുന്നു. കേശവമേനോൻ

ഒരു ചാരുകസേരയിൽ മലൎന്നു കിടക്കയാണ്. അദ്ദേഹത്തിൻെറ മുഖം മ്ലാനമായിരിക്കുന്നു. കൃഷ്ണനുണ്ണിയോട എന്താണ് പറയേണ്ടതെന്നറിയാതെ കുറച്ചുനേരം കേശവമേനോൻ മൌനമായി ത്തന്നെയിരുന്നു.

കൃഷ്ണ—"എന്നാൽ ഞാൻ പോയിവരാം. നിങ്ങളുടെ എല്ലാം അനുഗ്രഹമുണ്ടെങ്കിൽ കാൎയ്യം സാധിച്ചുകൊണ്ട് നിശ്ചിത സമയത്ത ഞാൻ മടങ്ങിവന്നു കണ്ടുകൊള്ളാം"

കേ. മേ—കൃഷ്ണനുണ്ണി, എനിക്ക് നിൻെറപേരിൽ സ്നേഹത്തിന് ഒട്ടെങ്കിലും കുറവുണ്ടെന്ന് നീ വിചാരിക്കരുത്. നീ പോകുന്നതിൽ എനിക്ക് മനസ്സന്തോഷം ലേശമില്ല എന്നാൽ, നമ്മുടെ എല്ലാരുടെയും ഗുണത്തിനുവേണ്ടി, ഞാൻ വളരെയെല്ലാം ആലോചിച്ച് വേറേവഴി കാണാത്തതുകൊണ്ടാണ് നിന്നോട് ഇത്ര കഠിനമായി പ്രവൎത്തിക്കേണ്ടിവന്നത്. നിനക്കു പണം സമ്പാദിക്കുവാൻ കഴിഞ്ഞാലും ഇല്ലെങ്കിലും, ഒരു കൊല്ലത്തിലധികം നീ അന്യദേശത്തിൽ താമസിക്കരുത്. നീ, തീൎച്ചയായും മടങ്ങിവരണം. പണം കിട്ടിയില്ലെന്നുവെച്ച് നിരാശപ്പെട്ട് എങ്ങാനും ചുററിത്തിരിയരുത്; നീ ഇങ്ങോട്ടുതന്നെ മടങ്ങിവന്നേയ്ക്കുക. എന്തുപറയുന്നു?"

കൃഷ്ണ—"പണവും കൊണ്ടുതന്നെ ഞാൻ മടങ്ങിവരും." എന്ന് ഊൎജ്ജസ്വലതയോടും; "ഇല്ലെങ്കിലും മറെറാരാൾക്കുവേണ്ടി ഞാൻ മടങ്ങിവന്നുകൊള്ളാമെന്ന് ശപഥംചെയ്തിട്ടുണ്ട്" എന്ന് അമ്മുക്കുട്ടി നില്ക്കുന്നെടത്തേയ്ക്കു് ഒന്നു നോക്കിയിട്ട് ക്ഷീണസ്വരത്തിലും മറുവടി പറഞ്ഞു.

"എന്നാൽ, നിന്നെ ദൈവം അനുഗ്രഹിക്കട്ടെ" എന്ന് അല്പം ഇടറിക്കൊണ്ട് പറഞ്ഞിട്ട് കേശവമേനോൻ കുറഞ്ഞൊന്ന് തിരിഞ്ഞിരുന്നു.

കൃഷ്ണനുണ്ണി മനസ്സുകൊണ്ട കേശവമേനോനെ നമസ്കരി

ച്ച്, അമ്മുക്കുട്ടിയെ ഒന്നു നോക്കിയപിന്നെ, മുറിയിൽനിന്ന് പുറത്തേയ്ക്കു വന്നു. ആ നോട്ടം തന്നെ ഒരു ചങ്ങലകൊണ്ട് കെട്ടിവലിക്കുന്നതുപോലേ അമ്മുക്കുട്ടിക്കുതോന്നി. അവൾ നിർജ്ജീവിയെന്നപോലേ കൃഷ്ണനുണ്ണിയെ പിന്തുടൎന്നു. താഴത്തുവന്നതിൽ പിന്നെ, കൃഷ്ണനുണ്ണി ദേവകിക്കുട്ടിയോടു യാത്രപറഞ്ഞു വന്നതിനു ശേഷം താൻ അവൻെറ മുമ്പിൽ ചെല്ലാമെന്നുവെച്ച് അമ്മുക്കുട്ടി മറെറാരു മുറിയിൽ ചെന്നിരുന്നു.

കൃഷ്ണനുണ്ണി ദേവകിക്കുട്ടിയെ അന്വേഷിച്ചു. അവൾ ഒരു മുറിയിൽ മാറടച്ചുകിടന്ന് കരയുകയാണ്. അവളുടെ അരികെ ചെന്നുനിന്ന്, "ദേവകിക്കുട്ടി, ദേവകിക്കുട്ടി" എന്നിങ്ങിനെ പ്രേമത്തോടെ അവൻ വിളിച്ചു. അവൾ അനങ്ങിയതുതന്നെയില്ല. കൃഷ്ണനുണ്ണി വീണ്ടും വീണ്ടും വിളിച്ചു. എന്നിട്ടും അവളൊന്നും മിണ്ടിയില്ല. "ദേവകിക്കുട്ടി, എന്തിനാണ് കരയുന്നത്! ഇതിന്മുമ്പും ഞാനിങ്ങിനെ അധികമാസകാലം പിരിഞ്ഞിരിക്കയുണ്ടായിട്ടില്ലേ? വാസ്തവത്തിൽ നമുക്ക് ഇപ്പോൾ സന്തോഷിക്കേണ്ട കാലമാണ്. ദേവകിക്കുട്ടിയെ എനിക്ക് കിട്ടുകയേയില്ലെന്നായിരുന്നു ഞാൻ സങ്കടപ്പെട്ടിരുന്നത്. ഇന്നുതുടങ്ങി മുന്നൂററി അറുപത്തഞ്ചാം നാൾ ദേവകിക്കുട്ടി എൻേറതാകുമെന്നു വന്നിരിക്കയാൽ, ഇതിലധികം വലിയ സന്തോഷം നമുക്ക് വേറെ എന്താണ് വരാനുള്ളത്? എണീക്കു. എന്നോട് സന്തോഷത്തോടെ മധുരമായി രണ്ടുവാക്കു സംസാരിക്കു. ഞാൻ അതു കേട്ട് ആനന്ദിക്കട്ടെ. ആ ആനന്ദത്തോട് കൂടിയാണെങ്കിൽ എനിക്ക് ദുഷ്കരമായി ലോകത്തിൽ ഒരുകാൎയ്യവുമില്ല. എണീക്കു. എന്നോട് സംസാരിക്കു. ഞാൻ പോയിവരട്ടെയോ?" എന്നിങ്ങിനെ കൃഷ്ണനുണ്ണി തുടരെത്തുടരെ പറഞ്ഞുകൊണ്ട് വളരെ അടുക്കേ ചെന്നുനിന്നു. ഇതിനെല്ലാം ദേവകിക്കുട്ടി എന്തുമറുവടിയാണ് പറയേണ്ടത്? എന്താണ് ഇവിടെ പറയേണ്ടതെന്ന്

അവൾക്കറികയില്ല. വല്ലതും പറയാമെന്നു വെച്ചാൽ വാക്കൊന്നം പുറപ്പെടുന്നില്ല. പിന്നെ, അവൾ എങ്ങിനെയാണ് മധുരമായി സംസാരിക്കേണ്ടത് ! അവൾ മുൻപോലേതന്നെ ഒന്നും മിണ്ടാതെ കിടന്നതേയുള്ളു. കൃഷ്ണനുണ്ണി വീണ്ടും വീണ്ടും പല വിധത്തിൽ യാചിച്ചുനോക്കി; ഒരു ഫലവുമുണ്ടായില്ല പുറപ്പെടുവാൻ നേരം വൈകിത്തുടങ്ങിയിരിക്കുന്നു. "എന്നാൽ—ഞാൻ പോയിവരാം. ദേവകിക്കുട്ടിയിൽനിന്ന് സന്തോഷത്തോടെ ഒരു വാക്കെങ്കിലും കേട്ടുപോകുന്നതിന് എനിക്ക ഭാഗ്യമില്ലായിരിക്കാം ഞാൻ ഇതാ പോകുന്നു." എന്ന് അല്പം പരിഭവിച്ചു പറഞ്ഞുകൊണ്ടു കൃഷ്ണനുണ്ണി തിരിഞ്ഞുനടന്നു. അവൻ അരാവാതിൽ കടക്കുന്നു. (ദേവകിക്കുട്ടി പെട്ടെന്ന് വാവിട്ടു കരഞ്ഞുപോയി. അവൾ പിടഞ്ഞെണീററ് വികൃതഭാവവേഷങ്ങളോടെ മുന്നോട്ട് കുതിച്ചു ക്ഷണത്തിൽ കൃഷ്ണനുണ്ണി തിരിച്ചുവന്നു.) ദേവകിക്കുട്ടിയുടെ കരച്ചിൽ ചെടുന്നനെ ഒതുങ്ങി. അവൾ ചുമർ ചാരി തലതാഴ്ത്തിനിന്നു. ദേവകിക്കുട്ടി ഇങ്ങിനെ തടഞ്ഞില്ലെങ്കിൽ കൂടിയും കൃഷ്ണനുണ്ണി പോകയില്ലായിരുന്നു. ദേവകിക്കുട്ടിയെ സമ്മതിപ്പിച്ചു സമാധാനിപ്പിച്ചല്ലാതെ അവന്ന് പോകുവാൻ ശക്തിയില്ല അവളെ എഴനീല്പിക്കുവാൻ മാത്രം ഇങ്ങിനെയൊരു വിദ്യ അവൻ പ്രയോഗിച്ചതാണ്.

കൃഷ്ണ—"ദേവകിക്കുട്ടി, ഇത്രത്തോളം സങ്കടപ്പെടത്തക്കതായി ഇവിടെ എന്താണ് സംഭവിക്കുന്നത്. ഇത്ര ധൈര്യമില്ലാത്തവളാണ് ദേവകിക്കുട്ടി എന്ന് ഞാൻ ഇതുവരെ വിചാരിച്ചിരുന്നില്ല. ഇങ്ങിനെയാണെങ്കിൽ ഞാൻ പോകുന്നില്ലെന്നു വെച്ചേക്കാം. ദേവകിക്കുട്ടിക്ക് സമ്മതമല്ലാത്ത ഏതുകാര്യവും എനിക്ക് ചെയ്യാൻ ശക്തിയില്ല. ഞാൻ ഇവിടെത്തന്നെ താമസിച്ചേക്കാം. ദേവകിക്കുട്ടി അന്യൻെറ ഭാര്യയായിരിക്കുന്നതു കണ്ട് ഉള്ളുരുകി ഞാൻ ഇവിടെത്തന്നെ മരിച്ചേക്കാം."

ദേ കു—"അന്യൻെറ ഭാൎയ്യ! എനിക്ക് ആരുടെയും ഒന്നും ആകുവാനില്ല ആൎക്കുവേണ്ടിയാണ് പണം സമ്പാദിക്കുവാൻ പോകുന്നത? അമ്മാമൻെറ പണമില്ലെങ്കിൽ എൻെറ അച്ഛൻ തന്ന പണം എനിക്കുണ്ട്. അത് ആരുടെതാണ? ഇവിടെ ത്തന്നെ താമസിക്കണം. എവിടെയ്ക്കും പോകേണ്ട. ഞാൻ വേറെ ആരുടേയുമല്ല. ആരെന്തുപറഞ്ഞാലും ഞാൻ ഇനി മറെറാരാളുടെ ആകയുമില്ല."

ദേവകിക്കുട്ടി ഇത്ര ധൈൎയ്യത്തോടെ ഇത്രയും തുറന്നുപറഞ്ഞ തായി ഇതുവരെ കേട്ടിട്ടില്ല. മററു കാൎയ്യങ്ങളിൽ അവൾ ചൊ ടിയോടെ സംസാരിക്കാറുണ്ടെങ്കിലും അവളെയും കൃഷ്ണനുണ്ണിയെ യും പ്രത്യേകം സംബന്ധിക്കുന്ന കാൎയ്യത്തിൽ അവൾ ലജ്ജയോ ടെ വാക്കുകൾ ഒതുക്കുകയാണ് പതിവ. ഇദം പ്രഥമമായി ദേവകിക്കുട്ടിയിൽനിന്ന ധീരതയോടെ പുറപ്പെട്ട ഈ വാക്കുകൾ കൃഷ്ണനുണ്ണിയെ കുറച്ചുനേരം ആലോചനയിൽ അകപ്പെടുത്തി.

കൃഷ്ണ—"ദേവകിക്കുട്ടി ആലോചനകൂടാതെ ഇത്ര കഠിന മായി സംസാരിക്കരുത്. നമ്മുടെ എല്ലാവരുടെയും മാനത്തെ രക്ഷിപ്പാൻ വേണ്ടി മാത്രമാണ് അമ്മാമൻ എന്നെ ഇതിനായി നിയോഗിച്ചിരിക്കുന്നത്. ഞാൻ അമ്മാമൻെറയോ, അല്ലെങ്കിൽ ദേവകിക്കുട്ടിയുടെയോ പണംകൊണ്ട് ഉപജീവിച്ച ദേവകിക്കു ട്ടിയെ വിവാഹം ചെയ്യുന്നതായാൽ അത് ദേവകിക്കുട്ടിയുടെ തറവാട്ടിന് അപയശസ്സാണുണ്ടാകുക. ലോകരീതിയിൽ എ ൻെറയും ദേവകിക്കുട്ടിയുടെയും നിലയ്ക്കുതമ്മിലുള്ള വ്യത്യാസം കുറ ച്ചൊന്നുമല്ല. ലോകം പണമുള്ളവരെയാണ് മാനിക്കുന്നത്. പണമുണ്ടെന്നുവന്നാൽ അതിൽ മറെറല്ലാദോഷവും മറഞ്ഞു പോകുന്നു. എനിക്ക് സ്വന്തമായി പണമുണ്ടെന്നോ, അല്ലെ ങ്കിൽ ആവശ്യമുള്ളെടത്തോളം പണം സമ്പാദിക്കുവാൻ എനിക്കു കഴിയുമെന്നോ നാട്ടുകാർ അറിഞ്ഞാൽ എന്നെ എല്ലാരും മാനി

ച്ചുകൊള്ളും. അങ്ങിനെയായാൽ, നമ്മുടെവിവാഹത്തെപ്പററി വിരോധമായി ആക്കും ഒരു വാക്കുപോലും പറയുന്നതിന്ന ധൈൎയ്യമുണ്ടാകയില്ല. ലോകഗതിയെ അനുസരിച്ചല്ലാതെ—ദോഷമായിരുന്നാൽ കൂടിയും അതിനെ അനുസരിച്ചല്ലാതെ—പ്രവൎത്തിച്ചാൽ ലൌകിക ജീവിതത്തിന്ന് ഹാനിയുണ്ടാവും. മററുള്ളവരുടെ ഇഷ്ടത്തെ നോക്കാതെ നാം വല്ലതും പ്രവൎത്തിക്കയാണെങ്കിൽ അതിലെന്തു സുഖമാണുള്ളത്. എന്നെന്നും നിലനില്ക്കുന്ന ഒരു വിഷയത്തിൽ—മററെല്ലാവരും വിരോധമായി നില്ക്കുമ്പോൾ, ഒരുവൻ പ്രവേശിക്കയാണെങ്കിൽ അവൻ ദുഃഖത്തിലേക്കാണ് കാലുവെക്കുന്നത്. അങ്ങിനെ പ്രവൎത്തിക്കാതിരുന്നാലും തനിക്ക് നാശമാണുണ്ടാകുക എന്നു വന്നാൽ മററുള്ളവരുടെ തൃപ്തി നേടിട്ടുണ്ടല്ലോ എന്നു സമാധാനിക്കയെങ്കിലും ചെയ്യാം. അതുകൊണ്ട ദേവകിക്കുട്ടി അടങ്ങിയിരിക്കണം. നമുക്ക് എല്ലാരുടെയും സമ്മതത്തോടുകൂടി, മാനമൎയ്യാദകൾ വിടാതെതന്നെ വിവാഹം നടത്താമെന്നു വന്നിട്ടുണ്ടല്ലോ. ഏതാനുംമാസം ക്ഷമിച്ചിരിപ്പാൻ ശക്തിയില്ലാതെ അപകടത്തിൽ ചാടിയെന്നു വന്നുകൂടാ. ഇതൊക്കെ ആലോചിച്ചുതന്നെയാണ് ഞാൻ ഇപ്പോൾ ധൈൎയ്യത്തോടും സന്തോഷത്തോടും കൂടി പുറപ്പെടുന്നത്. ദേവകിക്കുട്ടി തടസ്ഥമൊന്നും പറയേണ്ട. ഞാൻ പോയിവരട്ടേ?"

കൃഷ്ണനുണ്ണിയുടെ ഈ പ്രസംഗത്തിന് ആ തരുണിക്ക് എന്തു മറുവടിയാണ പറവാൻ കഴിയുക. ഒന്നുരണ്ടു കൊല്ലം കൂടി കഴിഞ്ഞിട്ടാണെങ്കിൽ ഇതിനെല്ലാം തക്കസമാധാനം അവൾ പറയുമായിരുന്നു. ന്യായം പലതും അവളുടെ മനസ്സിൽ ഉദിച്ചുയരുന്നുണ്ടെങ്കിലും, അവയെ വെളിപ്പെടുത്തുവാൻ എല്ലാംകൊണ്ടും അവൾ ഇപ്പോൾ ശക്തയല്ല. മററെല്ലാരുടെയും ഇഷ്ടംപോലെ തന്നെ ആയിക്കൊള്ളട്ടെ എന്ന് ഒടുക്കം അവൾ സമാധാനിച്ചു. എന്നാലും, ഒന്നും മിണ്ടാതെ തന്നെ അവൾ അവിടെ നിന്നു.

കൃഷ്ണനുണ്ണി അവളുടെ മുഖത്തെ ആഗ്രഹത്തോടെ നോക്കികൊണ്ട, "ദേവകിക്കുട്ടി, ഞാൻപോയിവരട്ടേ?" എന്ന വീണ്ടും ചോദിച്ചു.

ദേവകിക്കുട്ടി നിന്നെടത്തുനിന്ന് ഒന്നിളകി. അവൾ കൃഷ്ണനുണ്ണിയുടെ മുഖത്തിനുനേരെ തന്റെ മുഖത്തെ അല്പം ഉയൎത്തി അവളുടെ കൈകൾ ഒട്ടൊന്നുചലിച്ചു. ആ ഭാവമെന്തെന്ന് കൃഷ്ണനുണ്ണി അറിഞ്ഞു. അവൻഒന്നു ദീൎഘശ്വാസിച്ചിട്ട്, "ഓമനേ, എന്നെ കഷ്ടപ്പെടുത്തരുതേ! അല്ലെങ്കിൽതന്നെ, ഏതോ ഒരു ശക്തി എന്റെ ദേഹത്തെ ദേവകിക്കുട്ടിയുടെനേരെ വളരെനേരമായി തള്ളിക്കൊണ്ടിരിക്കുന്നു. എത്രയോ പണിപ്പെട്ടിട്ടാണ് ഒരു വിധം ഞാൻ ഇവിടെ ഉറച്ചുനില്ക്കുന്നത്. ആ ശക്തിയോട് ദേവകിക്കുട്ടികൂടി യോജിക്കയാണെങ്കിൽ-അയ്യോ, ഞാൻ കഷ്ടത്തിലാവും" എന്നിങ്ങിനെ ദീനനായി ഉച്ചരിച്ചു. ദേവകിക്കുട്ടി കൃഷ്ണനുണ്ണിയെ തൊട്ടുതൊടാത്ത നിലയിലായിരുന്നു. അവളുടെ ദേഹം വീണ്ടും മുന്നോട്ട ചലിക്കുന്നുണ്ട്. കൃഷ്ണനുണ്ണിയുടെ ഹൃദയം കഠിനമായി തുടിച്ചുതുടങ്ങി. നിദ്രയോ, മോഹമോ, വിഷവ്യാപ്തിയോ എന്താണിതെന്ന് നിൎണ്ണയിക്കുവാൻ കഴിയാത്ത ഒരവസ്ഥ തന്നെ അതിവേഗത്തിൽ ബാധിക്കുന്നുവെന്ന് അവന്ന് തോന്നി. അവന്ന് പ്രജ്ഞയില്ലാതായി. കൈകാലുകൾ ഉലഞ്ഞ് അവൻ ഇതാ വീഴാറായി. ക്ഷണനേരത്തിൽ ദേവകിക്കുട്ടി രണ്ടുകൈകൊണ്ടും കൃഷ്ണനുണ്ണിയെ താങ്ങിപ്പിടിച്ചു. അവന്റെ മുഖം അവളുടെ കവിളിൽ ഉരസിക്കൊണ്ട് ചുമരിന്മേലക്ക് ചാഞ്ഞു. ആ നിലയിൽ അധികനിമിഷം നിന്നില്ല. അപ്പൊഴെക്കും അവൻ ഉണൎന്നു. തന്റെ അപ്പൊഴത്തെ സ്ഥിതി അവൻ അറിഞ്ഞപ്പോൾ അധിക പാരവശ്യം ബാധിക്കയും, എന്നാൽ കുറെക്കൂടി അണഞ്ഞുകൊണ്ട് പിന്നെയും രണ്ടുനാലുനിമിഷംകൂടി അവൻ അങ്ങിനെതന്നെ നില്ക്കയും ചെയ്തുപോയി. ഉടനെ വിട്ടകന്നു. ദേവകിക്കുട്ടിയുടെ

മുഖം സുപ്രസന്നമായിരിക്കുന്നതായി അവൻ കണ്ടു. "ദേവകി കുട്ടി, നേരംവൈകി. ഞാൻ പോയിവരട്ടേ?" എന്ന് അവൻ ബദ്ധപ്പാടോടെ ചോദിച്ചു. അവളുടെ മുഖത്തിൽ അല്പം സമ്മതഭാവം അവൻ കണ്ടു "എന്നാൽ, കഴിയുന്നവേഗത്തിൽ നമ്മുടെ സംയോഗത്തിന് ദൈവം അനുഗ്രഹിക്കട്ടെ" എന്ന് പ്രാത്ഥിച്ചു അവൻ തിരിഞ്ഞുനടന്നു.

അമ്മുക്കുട്ടി അകായിൽ നില്ക്കുന്നുണ്ടായിരുന്നു. അവളോട് അധികമൊന്നും പറയേണ്ടതായി വന്നില്ല. "ഞാൻ പറഞ്ഞിട്ടുള്ളത് ഓമ്മവേണേ" എന്ന് അവൾ ഒന്നിലധികം തവണ പ്രത്യേകം പ്രത്യേകം അപേക്ഷിച്ചു. ദുഃഖത്തോടെ വന്നുനില്ക്കുന്ന വാല്യക്കാരെ യാത്രപറയുന്നഭാവത്തിൽ സ്നേഹപൂവ്വം ഒന്നുനോക്കിയപിന്നെ അവൻ പുറത്തേയ്ക്കു കടന്നു. മിററത്തേക്കിറങ്ങുമ്പോൾ ദേവകിക്കുട്ടിയേയും, പിന്നെ അമ്മുക്കുട്ടിയേയും ആഗ്രഹത്തോടെ ഓരോന്നു നോക്കി. പിന്നെ അവൻ പിന്തിരിയാതെ ധൈയ്യത്തോടെ വലിഞ്ഞുനടന്നു. അവൻെറ ആ നോട്ടം ഈ രണ്ടു സാധ്വികളുടെയും ഹൃദയത്തെ കുത്തിപ്പിളന്നു. ഒരു ഞൊടി പോലും അവിടെ നില്ക്കുവാൻകഴിയാതെ അമ്മുക്കുട്ടി ക്ഷണത്തിൽ അകായിൽ ചെന്നുവീണു. ദേവകിക്കുട്ടിയെ പ്രേമപാശം കൃഷ്ണനുണ്ണിയുടെ പിന്നാലെ വലിച്ചുതുടങ്ങി. അവൾ അവൻ പോകുന്നതു നോക്കിക്കൊണ്ട് നടയോളം വന്നുനിന്നു. പെട്ടെന്ന് അവളുടെ മനസ്സിൽ ഒരു പുതിയ ഓമ്മ ഉദിച്ചു. അവൾ അകായിലേക്ക് പാഞ്ഞുവന്ന് "അമ്മായി, അമ്മായി, വിവരത്തിന് ഇടയ്ക്കിടെ എഴുത്തയയ്ക്കേണമെന്ന് പറഞ്ഞില്ലല്ലോ. ഒന്നുചെന്നു പറയൂ എണീക്കു, വേഗം എണീക്കു" എന്നിങ്ങിനെ ആവേഗത്തോടെ പറഞ്ഞു. ദേവകിക്കുട്ടിയുടെ പേരിൽ അനുതാപം കൊണ്ടുമാത്രം അമ്മുക്കുട്ടി എഴുനീററ് പുറത്തേക്ക് വന്നു. അപ്പൊഴെക്കും കൃഷ്ണനുണ്ണി മറഞ്ഞു കഴിഞ്ഞിരിക്കുന്നു. ദേവകിക്കുട്ടി

മിററത്തേക്കിറങ്ങി, കഴിയുന്നെടത്തോളം തലയുയൎത്തിയും തിരിച്ചും നോക്കി. കൃഷ്ണനുണ്ണി വീടുകൾക്കും മരങ്ങൾക്കുംഇടയിൽ മറഞ്ഞു കഴിഞ്ഞിരിക്കുന്നു. അവൾ ഇച്ഛാഭംഗത്തോടെ മടങ്ങി.

എങ്ങും ഒരുവക നിശ്ശബ്ദത അവിടെ വ്യാപിച്ചിരിക്കുന്നതായി അവൾക്കുതോന്നി. കൃഷ്ണനുണ്ണി പോയവഴിയേ നോക്കികൊണ്ട് അവൾ വീണ്ടും വെളിയിലേക്കുവന്നു. അവിടെ കുറെ നേരം നിന്ന് വീണ്ടും അകായിലേക്കുതന്നെ പോയി അങ്ങുമിങ്ങും ചുററിനടന്നു. കൃഷ്ണനുണ്ണി തന്നോട് യാത്രപറഞ്ഞുനിന്ന ആ മുറിയിൽ കടന്ന് അവിടെയെല്ലാം ഒന്നുനോക്കി. പുറത്തുവന്ന് അവൻ ഇരിക്കാറുള്ള കസാല, വായിച്ചിട്ടിരുന്ന പത്രങ്ങൾ, എന്നിവ ഓരോന്നിലും അവൾ വെവ്വേറെ കണ്ണയച്ചു. ഇങ്ങിനെ അവൾ ഒരിടത്തും ഇരിക്കാതെയും ഒരിടത്തും നില്ക്കാതെയും ഒരു ഭ്രാന്തിയെപ്പോലെ അവിടെ ചുററിത്തിരിഞ്ഞുതുടങ്ങി.

കൃഷ്ണനുണ്ണി പോയതോടുകൂടി അവളുടെ സന്തോഷവും പോയിക്കഴിഞ്ഞിരിക്കുന്നു അവൾ ആരോടും ഒന്നും സംസാരിക്കാതായി. ഒന്നിലും ഉത്സാഹമില്ലാതായി. കൃഷ്ണനുണ്ണിയെപ്പററി ആരെങ്കിലും വല്ലതും പറയുന്നതു കേട്ടുകൊണ്ടിരിക്കയോ, അവൻ ഉപയോഗിച്ചിരുന്നതും ഇരുന്നിരുന്നതും ആയ സാധനങ്ങളും സ്ഥലങ്ങളും നോക്കിക്കൊണ്ടിരിക്കയോ ചെയ്യുന്നതിൽമാത്രമെ അവൾക്ക് തൃപ്തിയുള്ളു. കുറെനാളെയ്ക്ക്, തപാൽശിപായി വരുമ്പൊഴെല്ലാം ആഗ്രഹത്തോടെ അരികേചെന്ന് എഴുത്തുകളെല്ലാം പരിശോധിക്കയും, അപ്പൊഴെല്ലാം അവൾ ഇച്ഛാഭംഗപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. എഴുത്തുകാണാതെ പലദിവസങ്ങളിലും അവൾ കരയുകയുമുണ്ടായി.

ഇങ്ങിനെ ദിവസങ്ങളും മാസങ്ങളും ഒന്നൊന്നായി കഴിഞ്ഞുകൊണ്ടുവന്നു. ഇനി വിവാഹകാൎയ്യത്തിൽ ശ്രമിക്കാമെന്ന് കേശവമേനോൻ കരുതി. ഇക്കാൎയ്യത്തെപ്പററി അമ്മുക്കുട്ട

യോട്ട സംസാരിച്ചപ്പോൾ, ഇതിൽ താൻ ഒന്നിനും ആളല്ലഎന്നു പറഞ്ഞൊഴിഞ്ഞു. ഈ ദംപതികൾ തമ്മിൽ മുഷിച്ചിൽ തീൎന്നിട്ടുള്ളനേരം കുറവായിരിക്കുന്നു. വിവാഹകാൎയ്യത്തിൽ ദേവകിക്കുട്ടിയുടെ മനോഗതം എന്തെന്ന് കേശവമേനോൻ അന്വേഷിച്ചു. താൻ കൃഷ്ണനുണ്ണിയെയല്ലാതെ വിവാഹം ചെയ്കയില്ലെന്നും, അമ്മാമൻ നിൎബ്ബന്ധിക്കയാണെങ്കിൽ, കൃഷ്ണനുണ്ണി വരാമെന്നു പറഞ്ഞിട്ടുള്ള ആ ദിവസം കഴിഞ്ഞല്ലാതെ തന്നോട് വിവാഹകാൎയ്യത്തെപ്പററി ആരും ഒന്നും പറഞ്ഞുകൂടെന്നും അവൾ ഉറപ്പായി പറഞ്ഞു. പണം കിട്ടിയല്ലാതെ കൃഷ്ണനുണ്ണി മടങ്ങിവരികയില്ലെന്നും, ഒരുകൊല്ലംകൊണ്ടു ഇത്രയും വലിയസംഖ്യ സമ്പാദിക്കുവാൻ അവനാൽ ആവുകയില്ലെന്നും കേശവമേനോൻ വിശ്വസിച്ച്, ആ ഒരു കൊല്ലം കഴിഞ്ഞിട്ടുള്ള ആദ്യത്തെ ദിവസത്തെ പ്രതീക്ഷിച്ചു കൊണ്ടിരുന്നു.

## ആറാം അദ്ധ്യായം.

കൃഷ്ണനുണ്ണി ഇപ്പോൾ സാധിക്കേണ്ടതായിരിക്കുന്ന കാൎയ്യം എത്രയോ വലിയതാണ്. എന്നാൽ, ആദ്യംതന്നെ വലിയനിലയിലേക്കു ചാടുവാൻ ശ്രമിക്കുന്നതായാൽ ദോഷമേ ഉണ്ടാകയുള്ളു. അതുകൊണ്ട്, ഇപ്പോൾ സ്വല്പശമ്പളമുള്ള ജോലിയായാലും, അതിൽ തൃപ്തിയോടെ പ്രവേശിച്ച്, അതിനെ അവലംബിച്ചുകൊണ്ട് മേല്പോട്ട് കയറുവാൻ യത്നിക്കാമെന്ന് കൃഷ്ണനുണ്ണി തീൎച്ചയാക്കി. അവൻ നേരേ കോഴിക്കോട്ടെക്കാണ് വണ്ടി കയറിയത്. അവിടെ ഇറങ്ങി ഡിപ്ടികലക്ടർ നാരായണൻനായർ അവർകളെ ചെന്നുകണ്ടു. അദ്ദേഹം കേശവമേനോൻെറ ഒരു സ്നേഹിതനാണ്. പാലക്കാട്ട് താസിൽദാരായിരുന്നപ്പോൾ

കൃഷ്ണനുണ്ണി ഇദ്ദേഹത്തെ പലപ്പോഴും കണ്ടു പരിചയമായിട്ടുണ്ട്. കൃഷ്ണനുണ്ണി അവിടെ ചെല്ലുമ്പോൾ ഓരോ ആവശ്യത്തിനായി അദ്ദേഹത്തെ കാണുവാൻ വന്നിട്ടുള്ളവർ പലരും അവിടെ നില്ക്കുന്നുണ്ടായിരുന്നു. തിരക്കെല്ലാം ഒരുവിധം കഴിഞ്ഞതിൽപിന്നെ കൃഷ്ണനുണ്ണി അദ്ദേഹത്തിൻെറ മുമ്പിൽ ചെന്നുനിന്നു.

"എവിടുന്നാ?" എന്ന് അദ്ദേഹം സംശയത്തോടെ ചോദിച്ചു.

കൃഷ്ണ—"പാലക്കാട്ടിൽനിന്നാണ്. കോമരത്ത് നാണുമേനെൻറ മകൻ."

അദ്ദേഹം—"ശരി, ശരി കേശവമേനെൻറ........."

കൃഷ്ണ—"അതേ, കേശവമേനെൻറ ഒന്നിച്ചായിരുന്നു."

അദ്ദേഹം—"ഇപ്പോൾ അവിടുന്ന് വിട്ടുവോ?"

കൃഷ്ണ—"സ്വതന്ത്രമായി വല്ല ജോലിയിലും പ്രവേശിച്ചാൽ കൊള്ളാമെന്ന് ആഗ്രഹിച്ച് ഇങ്ങോട്ടു വന്നതാണ്."

അദ്ദേഹം—"കേശവമേനെൻറ സമ്മതപ്രകാരമോ?"

കൃഷ്ണ—"അതെ."

അദ്ദേഹം—"എത്രയോ ബി. എ. ക്കാരുംകൂടി എട്ടോ പത്തോ ഉറുപ്പിക മാസപ്പടി കിട്ടിയാൽ മതിയെന്നുപറഞ്ഞ് ഇവിടെ വന്ന് ചുററിത്തിരിയുന്നുണ്ട്. വലിയ ഉപദ്രവം! കേശവമേനെൻറ ആളായതുകൊണ്ട്—ആട്ടെ, ശ്രമിക്കാം. നാളെ എന്നെവന്നു കാണുക."

കൃഷ്ണനുണ്ണിക്ക് അല്പം സമാധാനമുണ്ടായി. എന്തെങ്കിലുമൊരുജോലി അധികം ബുദ്ധിമുട്ടുകൂടാതെ കിട്ടാറായല്ലോ എന്ന് അവൻ സന്തോഷിച്ചു. പിറെറന്നാൾ അവൻ അവിടെചെന്ന് അദ്ദേഹത്തെ കണ്ടു. അദ്ദേഹം ഭാവഭേദത്തോടെ—"എന്നെ ഇവിടെവന്ന് കണ്ടിട്ട് എന്താകും? ഞാനിവിടെ ഉദ്യോഗങ്ങൾ നട്ടുവളർത്തിട്ടുണ്ടോ? നാളെ ആപ്പീസ്സിൽവന്ന് എന്നെകാണുക" എന്നു പറഞ്ഞു.

അദ്ദേഹത്തിൻെറ ഭാവഭേദവും ഈ വാക്കുകളും കൃഷ്ണനുണ്ണിയുടെ മനസ്സിനെ അല്പമൊന്നു ചലിപ്പിച്ചു. അത് അടക്കി പിറെറന്നാൾ അദ്ദേഹത്തെ ആപ്പീസ്സിൽ ചെന്നുകണ്ടു. "നിൻെറ ഹരിജി എവിടെ?" എന്ന അദ്ദേഹം ചോദിച്ചു. ഈ വക കാൎയ്യങ്ങളൊന്നും കൃഷ്ണനുണ്ണിക്ക പരിചയമില്ല. അവൻെറ കയ്യിൽ ഹരിജിയുമില്ല. ആപ്പീസ്സിലെ ചില ജോലിക്കാരോട് അതിൻെറ വിവരം ചോദിച്ചറിഞ്ഞ് പിറെറന്നാൾ ഒരു ഹരിജി എഴുതിക്കൊണ്ടുവന്നു കൊടുത്തു. "ഇന്ന് ഹരിജി സ്വീകരിക്കേണ്ട സമയം തെററിപ്പോയിരിക്കുന്നു. നാളെ കൊണ്ടുവരിക" എന്നുപറഞ്ഞ് അദ്ദേഹം ആ ഹരിജി മടക്കി. പിറേറദിവസം സമയം തെററാതെചെന്ന് ഹരിജി ഹാജരാക്കി. അത് അദ്ദേഹം വാങ്ങി; "ശരി, രണ്ടുദിവസം കഴിഞ്ഞ് എന്നെ വന്നു കാണുക" എന്നു പറഞ്ഞയച്ചു. ആ രണ്ടു ദിവസവും കഴിഞ്ഞു. പിന്നെ അദ്ദേഹത്തെ ചെന്നുകണ്ടപ്പോൾ, "നാളെ വരിക" എന്നുമാത്രം മറുവടി പറഞ്ഞു.

ഇങ്ങിനെ ഒരാഴ്ചയോളം കൃഷ്ണനുണ്ണി പാഴിൽ അലഞ്ഞു കളയേണ്ടിവന്നു. അതിലിടക്കു് വേറെവിധത്തിലും ശ്രമിച്ചു നോക്കാതിരുന്നില്ല. ഇവിടെ ഇങ്ങിനെ 'ഇന്ന്', നാളെ' എന്നിങ്ങിനെ ചുററിത്തിരിഞ്ഞ് ദിവസം പോകുന്നതുകണ്ട് അവൻ സംഭ്രമിച്ചു. തൻെറ ഉദ്ദേശ്യം ഈ നാട്ടിലിരുന്ന് സാധിക്കുവാൻ ഞെരുക്കമാണെന്ന് അവൻ കണ്ടു. പിന്നെ അവിടെ ഒരു ദിവസംപോലും അവൻ താമസിക്കയുണ്ടായില്ല. മദിരാശിയിൽ ചെന്നാൽ വല്ലവഴിയും കാണുമെന്നും, അഥവാ, വല്ല കമ്പനിക്കാരെയും ആശ്രയിച്ചാൽ നല്ല സമ്പാദ്യത്തിന് വകയുണ്ടാകുമെന്നും കേട്ടറികയാൽ അവൻ അങ്ങോട്ടേക്ക് വണ്ടികയറി. പണം സമ്പാദിക്കേണ്ട ഒരേ വിഷയം മാത്രമെ അവൻെറ മനസ്സിലുള്ളൂ. അതിനെപ്പററിത്തന്നെ ഓരോന്ന് ഗാഢമായി ചി

ന്തിച്ചുകൊണ്ടാണ് അവൻ വണ്ടിയിലിരിക്കുന്നത്. ഒലവക്കോട് എത്തിയപ്പോൾ, ഓമ്മകേടോടെ അവൻ അവിടെ ഇറങ്ങുവാൻ തുടങ്ങി. ഉടനെ അവന്ന് പ്രജ്ഞയുണ്ടായി. പിന്നെ, ദേവകിക്കുട്ടിയെ ഓത്ത് കുറെനേരം അവൻ വ്യാകുലപ്പെട്ടു കൊണ്ടിരുന്നു. മുമ്പെല്ലാം എവിടെയെങ്കിലും പോയിട്ട് മടങ്ങി ഈ സ്റ്റേഷനിൽ ഇറങ്ങുമ്പോൾ ദേവകിക്കുട്ടിയെ ഉടനെ കാണാമല്ലോ എന്നുവെച്ച് അവന്നുണ്ടാകാറുള്ള സന്തോഷത്തെ അവൻ സ്മരിച്ചു. ഇപ്പോൾ, അതേ സ്ഥലത്തുകൂടിത്തന്നെ അവളറിയാതെ അവൻ ദീഘയാത്ര ചെയ്യുന്ന നിലയെയും ഓത്തു. ഈ വിചാരം അവനെ ഒട്ടധികം സന്തപിപ്പിച്ചു. ഈ വക ചിന്തകളെയെല്ലാം ക്ഷണത്തിൽ അടക്കിവെച്ച്, പണം സമ്പാദിക്കേണ്ട കായ്യത്തെപ്പററിയ ആലോചനയിൽ വീണ്ടും ചെന്നു മുങ്ങി.

രാവിലെ മദിരാശിയിലെത്തി. അവനു ആ വലിയ പട്ടണത്തിൽ എവിടെയാണ് പോകേണ്ടത്. ആരെയാണ് ചെന്നു കാണേണ്ടത്. സ്വദേശികളെമാത്രം അന്വേഷിച്ചുകൊണ്ടും അവരെ ചെന്നു കണ്ടുകൊണ്ടും നാലഞ്ചുനാൾ അവൻ അവിടെ ഉഴന്നുനടന്നു. ഉയന്ന ഉദ്യോഗത്തിലിരിക്കുന്ന ചില മലയാളികളെയും അവൻ കാണാതിരുന്നില്ല. അതിൽനിന്നുണ്ടായ അവൻെറ അനുഭവങ്ങളെ ഇവിടെ വിവരിച്ച് എൻെറ നാട്ടുകാരുടെ ദോഷങ്ങളെ വെളിയിലറിയിക്കുവാൻ ഞാൻ ലജ്ജിക്കുന്നു. ഇങ്ങിനെഒരു വൈകുന്നേരം അവൻ തിരുവല്ലിക്കേണിയിൽകൂടി നടക്കുമ്പോൾ ഒരു വലിയ ബങ്കളാവിൻെറ ഉമ്മറത്ത് ഒരു മാന്യൻ നില്ക്കുന്നതായികണ്ടു. അദ്ദേഹത്തിൻെറ മുഖശ്രീ കൃഷ്ണനുണ്ണിയിൽ ബഹുമാനത്തെ അങ്കുരിപ്പിക്കയാൽ അവൻ അദ്ദേഹത്തെ ഒന്നു സൂക്ഷിച്ചുനോക്കി. ഈ വിദേശീയ യുവാവിൻെറ ഭാവം കണ്ട് ആരുമേതുമില്ലാത്തവനാണെന്നു തോന്നി അദ്ദേഹം അന്നു

കമ്പാകുലനാകയാൽ അവനെ അരികിലേക്ക് മാടിവിളിച്ചു.

"രാജ്യം ഏത്?"

കൃഷ്ണ—"മലയാളം."

അദ്ദേഹം—"ഇവിടെ എന്തിനുവന്നു?"

കൃഷ്ണ—വല്ലജോലിയും കിട്ടിയാൽ കൊള്ളാമെന്നുവെച്ച്."

അദ്ദേഹം—"വന്നിട്ട് എത്രനാളായി."

കൃഷ്ണ—ഒരാഴ്ചയോളമായി."

അദ്ദേഹം—"എന്നിട്ടോ."

കൃഷ്ണ—"ഫലമൊന്നും ഉണ്ടായിട്ടില്ല."

അദ്ദേഹം—"ഇംഗ്ലീഷറിയാമോ?"

കൃഷ്ണ—"മട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ചിട്ടുണ്ട്."

അദ്ദേഹം കൃഷ്ണനുണ്ണിയെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. കൃഷ്ണനുണ്ണിയുടെ ഭാവവും സംഭാഷണരീതിയും അദ്ദേഹത്തെ വളരെ സന്തോഷിപ്പിച്ചു. അവൻെറ മനസ്സ് നീചമല്ലെന്നും, അവൻ വിവേകവും വിനയവുമുള്ളവനാണെന്നും അവൻെറ ഭാവത്തിൽ നിന്ന് അദ്ദേഹം ഗ്രഹിച്ചു. അദ്ദേഹം അവിടെ ഒരു വലിയ പ്രഭുവാണ്. കണ്ണുപിള്ള എന്നാണ് പേർ. ഒന്നുരണ്ടു ദിവസം തൻെറ ഒന്നിച്ചു താമസിക്കണമെന്നും, അതിലകത്ത് തന്നാൽ കഴിയുന്ന സഹായംചെയ്യാൻ ശ്രമിച്ചു കൊള്ളാമെന്നും അദ്ദേഹം പറഞ്ഞു. അങ്ങിനെ രണ്ടുദിവസം കഴിഞ്ഞു. അതിലകത്ത് കൃഷ്ണനുണ്ണിയും കണ്ണുപിള്ളയും പരസ്പരം സ്നേഹപാശത്താൽ ബന്ധിതരായിക്കഴിഞ്ഞു. ഇത്രയും ഉൽകൃഷ്ടമനോഭാവത്തോടും തെളിഞ്ഞ ലോകപരിജ്ഞാനത്തോടും കൂടിയ ഒരാൾ തൻെറ സ്നേഹിതനായി കിട്ടിയതിനെപ്പററി അദ്ദേഹം സന്തോഷിക്കയും, അതേ സമയത്തുതന്നെ, ഇങ്ങിനെയുള്ള മാന്യമനസ്കന്മാരെ ദാരിദ്ര്യം പീഡിപ്പിക്കുന്നുവല്ലോ എന്ന് അദ്ദേഹം സന്താപിക്കയുംചെയ്തു. വേറെ വല്ല ജോലിയും കിട്ടുന്നതുവരെ, തൻെറ

കുട്ടികളെ സ്കൂളൊഴിവുള്ള സമയങ്ങളിൽ പാഠം ചൊല്ലിക്കൊടുക്കുവാൻ തരമുണ്ടോഎന്ന് കണ്ണപ്പിള്ള ചോദിച്ചു. അങ്ങിനെ കൃഷ്ണനുണ്ണി തൃപ്തിയോടെ സമ്മതിച്ചു അതിന് ചെലവുകഴിച്ചു പത്തുറുപ്പിക മാസപ്പടി നിശ്ചയിച്ചു. രണ്ടുമൂന്നു ആഴ്ചവട്ടങ്ങൾ ഈ നിലയിൽ കഴിഞ്ഞു. വേറെ ജോലിയൊന്നും കിട്ടുകയുണ്ടായില്ല ദിവസങ്ങൾ നീങ്ങിനീങ്ങി പ്പോകയും. തന്റെ കാര്യസാദ്ധ്യം ഇപ്പോഴും ഊഹത്തിന് അപ്പുറത്തായിക്കിടക്കുകയും ചെയ്യുന്നത് കണ്ടപ്പോൾ കൃഷ്ണനുണ്ണിയുടെ മനസ്സ് കലങ്ങിത്തുടങ്ങി. വേറെ ജോലിക്കായി കണ്ണപ്പിള്ളയെ കുറെഅധികം നിർബ്ബന്ധിക്കാനും തുടങ്ങി.

"ഇപ്പോൾ ഉള്ളതുകൊണ്ട് തൃപ്തിപ്പെടാത്തതെന്താണ്? മാസംതോറും ഒരുചുരുങ്ങിയ സംഖ്യ ബാക്കിവെക്കത്തക്ക നിലയിലായിട്ടില്ലേ? ഒന്നുകിട്ടുമ്പോഴേക്കും നൂറുകിട്ടേണമെന്നുവെച്ചു് ബദ്ധപ്പെടുന്നത് യോഗ്യതയാണോ? സ്വദേശത്ത് ഉററവർ ആരുമില്ലെന്നും താങ്കൾ ഏകനാണെന്നുമല്ലേ എന്നോട് പറഞ്ഞത്. എന്നിട്ടും പണത്തിൽ ഇത്രയധികം മോഹംവെക്കുന്നത് എനിക്ക് അത്ഭുതത്തെ ഉണ്ടാക്കുന്നു" എന്നിങ്ങിനെ കണ്ണപ്പിള്ള ഒരു ദിവസം സ്നേഹഭാവത്തിൽ കൃഷ്ണനുണ്ണിയോടു പറഞ്ഞു.

കൃഷ്ണ—"സ്നേഹിത, താങ്കൾ എന്റെ പ്രാണസ്നേഹിതനാണ്. താങ്കളെ അന്നു ഞാൻ പാതയിൽവെച്ചു കണ്ടക്ഷണം തന്നെ താങ്കളുടെ പേരിൽ ഒരുവക ബഹുമാനം എനിക്കുണ്ടായിരിക്കുന്നു. അതു നാൾക്കുനാൾ വളർന്നുവരുന്നതുമുണ്ട്. അതുകൊണ്ട്, ഇനി എന്റെ അന്തരംഗകാര്യങ്ങൾ തുറന്നുപറയുവാൻ ഞാൻ മടിക്കുന്നില്ല. നിങ്ങളെല്ലാവരും വിചാരിക്കുന്നതുപോലെ, ഞാൻ കേവലം ഉദരംഭരണത്തിനു വേണ്ടി ഇവിടെ വന്നിട്ടുള്ളവനല്ല. ഞാൻ എത്രയും ഉയർന്നനിലയിൽ വളർന്നിട്ടുള്ളവനാണ്. ഇനി നാട്ടിൽ ചെന്നാലും അങ്ങിനെതന്നെയാണ്

ഞാൻ വളരുക എന്നാണ് എന്റെ ദൃഢവിശ്വാസം. ഞാൻ ഇതുവരെ ആരുടെ മുമ്പിലും തലകുനിച്ചിട്ടില്ല. ഉദരപൂരണത്തിനുവേണ്ടി മറെറാരാളോട് യാചിക്കുക എന്നത് പ്രാണസങ്കടത്തിലും ഭീതിയാണ. എന്നാൽ—കഷ്ടം! എന്നാൽ—പ്രേമബന്ധത്താൽ ഞാൻ ഈ നിലയിലായി."

ഇത്രയും പറഞ്ഞ് കൃഷ്ണനുണ്ണി മൌനമായിരുന്നു. ശേഷം കേൾക്കുവാൻ കണ്ണുപിള്ള ഉൽകണ്ഠയോടും അത്ഭുതത്തോടും കൂടി നോക്കിക്കൊണ്ടിരുന്നു. കൃഷ്ണനുണ്ണി ഒരു ദീർഘശ്വാസത്തിനു ശേഷം കുറേക്കൂടി കണ്ണുപിള്ളയുടെ അരികിലേക്ക് നീങ്ങിയിരുന്ന്, തന്റെ കഥകൾ ഒന്നൊഴിയാതെ തെളിവായി പറഞ്ഞവസാനിപ്പിച്ചു. കണ്ണുപിള്ളയുടെ മനസ്സിൽ പലവികാരങ്ങളും കടന്നു തിരക്കുകയാൽ കുറച്ചുനേരത്തേക്ക് ഒന്നും മറുവടി പറയുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. "ഒരയ്യായിരം ഉറുപ്പിക താങ്കളുടെ നന്മക്കുവേണ്ടി തരുന്നതിന് ഞാൻ ഇപ്പോൾ ശക്തനാണ്" എന്ന്, പിന്നെ, അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു.

കൃഷ്ണനുണ്ണി ഒന്നു മന്ദഹസിച്ചു. "കഷ്ടം! ഇത്രയൊക്കെ പറഞ്ഞിട്ടും, താങ്കളുടെവാക്ക് നേരമ്പോക്കായിട്ടാണിരിക്കുന്നത്. എന്റെ യത്നംകൊണ്ട് ഞാൻ സമ്പാദിക്കയല്ലാതെ, മറെറാരാളുടെ സമ്പാദ്യത്തിൽ പങ്കു പററുകയെന്നത് ഇപ്പോൾ മാത്രമല്ലാ എപ്പൊഴും ഉണ്ടാവാത്തതാണ്. അങ്ങിനെ ചെയ്യാമെന്നിരിക്കിൽ, ഈ സംഖ്യ എനിക്ക് അവിടെത്തന്നെ കിട്ടുമായിരുന്നുവെന്ന് ഞാൻ പറഞ്ഞതിൽനിന്ന് താങ്കൾക്ക് അറിവാൻ കഴിഞ്ഞില്ലയോ? ഞാൻ ഈ നാട്ടിൽ അപരിചിതനായതുകൊണ്ട്, താങ്കൾക്ക് എന്നെ സഹായിപ്പാൻ കഴിയുമെങ്കിൽ, വേറെ വല്ല ജോലിയിലും പ്രവേശിക്കുന്നതിന എനിക്ക് വഴി കാട്ടിത്തരികയാണ് വേണ്ടത."

"അയ്യായിരം ഉറുപ്പിക! അയ്യായിരം ഉറുപ്പിക!! ഒരു കൊല്ലം കൊണ്ട് !!!" എന്നിങ്ങിനെ ചിന്താമഗ്നനായിരുന്നു

MUL
044494

കൊണ്ട് കണ്ണപ്പിള്ള ഉച്ചരിച്ചു. കൃഷ്ണനുണ്ണി ഒന്നും മിണ്ടിയില്ല. പിന്നെയും കുറെനേരം ആലോചിച്ചശേഷം "ആട്ടെ, ശ്രമിച്ചു നോക്കാം" എന്ന് അദ്ദേഹം പറഞ്ഞടങ്ങി.

ദിവസം നീങ്ങിനീങ്ങിപ്പോകുന്നു. ഇപ്പോൾ മാസവും കഴിഞ്ഞുതുടങ്ങി. കൃഷ്ണനുണ്ണിയുടെ മനസ്സ് ഉഴറവാൻ തുടങ്ങി. അവൻ ഒരുദിവസം സങ്കടത്തോടെ കണ്ണപ്പിള്ളയോടു പറഞ്ഞു.

"സ്നേഹിത, ഓരോനിമിഷവും എനിക്ക് എത്രയോ വിലയേറിയതാണ്. എന്നാൽ, ദിവസങ്ങൾ ഒന്നൊന്നായി ഇങ്ങിനെ പാഴിൽ നീങ്ങിനീങ്ങിപ്പോകുന്നത് ഞാൻ എങ്ങിനെയാണ് കണ്ടുസഹിക്കുക. വേറെ ജോലി കിട്ടുവാൻ ഞെരുക്കമാണെങ്കിൽ കൂലിവേലയെങ്കിലും ചെയ്യുവാൻ ഒരുക്കമാണ്."

"കൂലിവേലയെങ്കിലും ചെയ്യുവാൻ ഞാൻ ഒരുക്കമാണ്" എന്ന് കൃഷ്ണനുണ്ണി ഗൽഗദത്തോടെ പറഞ്ഞതു കേട്ടപ്പോൾ കണ്ണപ്പിള്ളയുടെ കണ്ണിൽ വെള്ളം കരന്നുപോയി. അദ്ദേഹം കുറെനേരം ഒന്നും മിണ്ടാതെയിരുന്നു. "അതേ, കാര്യസാദ്ധ്യത്തിന്ന വേണ്ടി ഇതിൽ മറിച്ചൊന്നും വിചാരിക്കേണ്ടതില്ല ഇരുപതോ, മുപ്പതോ മാസപ്പടി കിട്ടാവുന്ന മററു ജോലികളെക്കാൾ, പ്രയത്നത്തിന്നു തക്കവണ്ണം ധാരാളം സമ്പാദ്യമുണ്ടാകാവുന്ന കൂലിവേലതന്നെയാണ് ഇപ്പോൾ ഉത്തമം" എന്നിങ്ങിനെ, ഒടുക്കം, അദ്ദേഹം തന്നെത്താൻ പറഞ്ഞു.

"ദേവകിക്കുട്ടിക്കുവേണ്ടി ഞാൻ ഒരു കൂലിക്കാരനായിരുന്ന് ഭാരം ചുമന്നുകൊള്ളാം. അങ്ങിനെയെങ്കിലും, ദൈവമേ! എന്നെ അനുഗ്രഹിക്കണേ!" എന്ന് കൃഷ്ണനുണ്ണി ഇടനെഞ്ചു പൊട്ടി പ്രാത്ഥിച്ചു.

കണ്ണപ്പിള്ളയ്ക്ക് വാക്കുകളൊന്നും പുറപ്പെടാതായി. കുറെനേരത്തേക്ക് രണ്ടുപേരും ഒന്നും മിണ്ടാതെയിരുന്നു. "സ്നേഹിത, മടിക്കേണ്ട. പരിശുദ്ധോദ്ദേശ്യത്തോടു കൂടിയും ഉൽകൃഷ്ടമനോ

ഭാവത്തോടുകൂടിയും ആണെങ്കിൽ എത്ര നീചമായ ജോലിയായി രുന്നാലും, അത് എൻെറ അഭിവൃദ്ധിക്ക് ആസ്പദമായിത്തന്നെ യിരിക്കും. ഞാൻ ഇതാ തയ്യാറായിരിക്കുന്നു. നല്ല സമ്പാദ്യ മുള്ള കൂലിവേല ഏതാണെന്ന് താങ്കൾക്ക് അറിയാമോ?" എന്ന് കൃഷ്ണനുണ്ണി കണ്ണുപിള്ളയെ ധൈര്യപ്പെടുത്തിക്കൊണ്ടു ചോദിച്ചു.

"കപ്പലിലെ കൂലിക്കാർ ദിവസേന രണ്ടും മൂന്നും ഉറുപ്പിക വീതം സമ്പാദിക്കുന്നതായി ഞാൻ അറിയും. അധികം പ്രയ ത്നിക്കാമെങ്കിൽ അതിലധികവും സമ്പാദ്യം കിട്ടും." എന്ന് മറ്റൊരിടത്തേക്ക് മുഖം തിരിച്ചുകൊണ്ട് കണ്ണുപിള്ള മറുവടി കൊടുത്തു.

കൃഷ്ണനുണ്ണിയുടെ നിർബ്ബന്ധം സഹിക്കവയ്യാതെ കണ്ണുപിള്ള ഈ വിഷയത്തിൽ ശ്രമിക്കയും അവനെ കപ്പലിൽ കൂലിവേല ക്കായി നിയോഗിക്കപ്പെടുകയും ചെയ്തു.

ഈ വേലയിൽ കൃഷ്ണനുണ്ണിക്ക് ഒട്ടും മനശ്ചാഞ്ചല്യമുണ്ടാ യില്ല. അവൻ രാപ്പകലൊരുപോലെ പണിയെടുത്തുതുടങ്ങി. ദേവകിക്കുട്ടിയെ മനസ്സിൽ വെച്ചുകൊണ്ടുള്ള ആ പ്രയത്നത്തിൽ അവന്ന് ഒട്ടും ക്ഷീണം തോന്നിയില്ല. രണ്ടു നാലു ദിവസം കൊണ്ട്, നല്ല സമ്പാദ്യമുള്ള ഒരു തൊഴിലാണിതെന്ന് അവൻ അറിഞ്ഞു. ഊണുറക്കങ്ങൾ കൂടി കുറച്ചുകൊണ്ടുള്ള ഈ പരിശ്ര മത്താൽ അവൻ ദിവസേന അഞ്ചും എട്ടും ഉറുപ്പിക വീതം സമ്പാദിക്കുവാൻ തുടങ്ങി.

കൃഷ്ണനുണ്ണി ഒരു ഉയന്ന നിലയിൽ വളന്നിട്ടുള്ളവനല്ലയോ? അവൻെറ മനോഭാവങ്ങൾ ഉൽകൃഷ്ടങ്ങളല്ലയോ? അവൻെറ ബുദ്ധിവിസ്തൃതമല്ലയോ? അങ്ങിനെയുള്ളവൻ നരകത്തിൽ പോയാലും ഉയന്നിട്ടേ നില്ക്കയുള്ളു. മറ്റുള്ള കൂലിക്കാരെല്ലാം അ വനെ സ്നേഹിച്ചുതുടങ്ങി. ജാതിമതഭേദം കൂടാതെ അവരോടെ ല്ലാം അവൻ സഹോദരഭാവത്തിൽ പെരുമാറിക്കൊണ്ടുവന്നു.

അവനെ അവരെല്ലാം ഒരുവലിയ ബുദ്ധിമാനെന്നു കൊണ്ടാടുകയും, അവക്കുതമ്മിൽ തക്കമുണ്ടാകുമ്പൊഴെല്ലാം അവൻെറ മുമ്പിൽ വന്ന് കാൎയ്യം പറഞ്ഞ് സമാധാനപ്പെടുകയും ചെയ്യുയായി. അവൻെറ മുമ്പിൽ അക്രമം പ്രവൎത്തിക്കുന്നതിന് അവൎക്ക് ഭയം തോന്നി. അവൻെറ ആജ്ഞ എന്തായിരുന്നാലും അതിനെ അനുസരിക്കുന്നതിന്ന അവൎക്കെല്ലാം സന്തോഷമുണ്ടായി. ഇങ്ങിനെ, ഏതാനും നാൾകൊണ്ടു കൃഷ്ണനുണ്ണി കൂലിക്കാരുടെയിടയിൽ ഒരു മേസ്ത്രിയായിത്തീൎന്നു.

കൺട്രാക്ടർമാൎക്കെല്ലാം കൃഷ്ണനുണ്ണിയുടെ പേരിൽ നല്ല വിശ്വാസമാണ്. ഏതുസമയത്തായാലും, ഏതു നാഴികകൾകകമായാലും നിശ്ചിത സമയത്തിനുള്ളിൽ സാമാനങ്ങൾ കപ്പലിൽ കയററുകയോ ഇറക്കുകയോ ചെയ്തുകൊടുക്കുന്നതിൽ ഒരിക്കലും അവന്ന തെററുവരില്ല. അതുകൊണ്ടു കൃഷ്ണനുണ്ണിക്ക വേല അധികമായി കിട്ടിത്തുടങ്ങി. കിട്ടിയതൊന്നും കൈവിടാതെ രാവും പകലും അവൻ അദ്ധ്വാനിച്ചു. കൺട്രാക്ടർമാരിൽ നിന്ന് തുകയായി കിട്ടുന്നപണം കൂലിക്കാൎക്ക് അപ്പപ്പോൾ പകുത്തു കൊടുക്കുന്നതിൽ അവനുള്ള വകതിരിവാൽ അവൻെറ കീഴിൽ പണി എടുക്കുവാൻ കൂലിക്കാർ അധികമായി തിരക്കിത്തുടങ്ങി. അവൻ വിളിക്കുന്നതായാൽ, കൂലിക്കാർ വേറെ തൊഴിലുണ്ടെങ്കിൽ അതു വിട്ടുകളഞ്ഞിട്ടുകൂടിയും അവൻെറ കീഴിൽ നില്ക്കുക പതിവായി.

ഇങ്ങിനെ മൂന്നുമാസം കഴിഞ്ഞു. കൃഷ്ണനുണ്ണി കപ്പലിൽ പണിയെടുത്തു കൊണ്ടിരിക്കയാണ്. ആ അവസരത്തിൽ കപ്പലിലെ തലവനും മറെറാരു സായ്വും കൂടി ഇംഗ്ലീഷിൽ സംസാരിച്ചു കൊണ്ടിരുന്നത് കൃഷ്ണനുണ്ണിയുടെ ശ്രദ്ധയെ ആകൎഷിച്ചു. ആ മറേറ സായ്പ് ഒരു വലിയ വൎത്തകനാണ്. അദ്ദേഹത്തിന് ആ കപ്പലിൽ വളരെഅധികം സാമാനങ്ങൾ വന്നു കിടപ്പുണ്ട്.

കപ്പൽ ഇനി നാലുനാളിലധികം ഇവിടെ നിൎത്തുവാൻ തരമില്ലെന്നു കപ്പൽത്തലവൻ പറയുന്നു. ഇത്ര ചുരുങ്ങിയനാൾകൊണ്ട് സാമാനങ്ങളൊക്കെയും ഇറക്കുവാൻ സാധിക്കയില്ലെന്ന് ആ വൎത്തകൻ വാദിക്കുന്നു. അധികംപണം ചെലവിട്ട് അധികം കൂലിക്കാരെ കൂട്ടി കാൎയ്യം ഉടനെ നിവൎത്തിക്കേണമെന്ന് കപ്പൽത്തലവൻ നിൎബ്ബന്ധിക്കുന്നു ഇരട്ടിക്കൂലി കൊടുത്താൽ കൂടിയും നാലുദിവസംകൊണ്ട് തീൎച്ചയായും സാധിക്കയില്ലെന്ന് വൎത്തകൻ നിഷേധിക്കുന്നു. ഇത് ആ കപ്പൽത്തലവനെ അനുഭവപ്പെടുത്താനായി വൎത്തകൻ ഒരു കൺട്രാക്ടരെ വിളിച്ചു ചോദിച്ചു. എത്ര അധികം കൂലിക്കാരെ ചേൎത്താലും, എത്രഅധികം പണം കിട്ടിയാലും പത്തുദിവസത്തെ താമസംകൂടാതെ കഴികയില്ലെന്ന് കൺട്രാക്ടർ പറഞ്ഞു. ഒരായിരം ഉറുപ്പിക സമ്മാനം തരാമെന്നുകൂടി ആ വൎത്തകൻ കൺട്രാക്ടരെ സന്തോഷിപ്പിച്ചുനോക്കി. ഒരാഴ്ചയിൽ കുറഞ്ഞിട്ട് തന്നാൽ ആവുകയേയില്ലെന്ന് കൺട്രാക്ടർ മുഖംതിരിച്ചു. ഈ ഘട്ടത്തിൽ കൃഷ്ണനുണ്ണി അവരുടെ മുമ്പിൽ ചെന്നു. താൻ നാലുനാൾക്കകം ഈ സാമാനങ്ങളൊക്കെയും ഇറക്കിവിടാം. എന്ന് കൂസൽകൂടാതെ പറഞ്ഞു. അവന്റെ മുഖഭാവം കണ്ടപ്പോൾ അവൎക്ക് വിശ്വാസം തോന്നി; ആ ജോലി അവനെ ഏല്പിക്കയും ചെയ്തു. നിശ്ചിതസമയത്തിനുള്ളിൽ അവൻ സാമാനങ്ങളൊക്കെയും കപ്പലിൽനിന്നിറക്കി. കൂലിക്കാരെ ധാരാളമായി ശേഖരിക്കുന്നതിനോ, അവരെക്കൊണ്ട് രാപ്പകൽ മുഷിവുകൂടാതെ പണിയെടുപ്പിക്കുന്നതിനോ അവന്ന് പ്രയാസമില്ല വൎത്തകന്ന് വലിയ സന്തോഷമായി. ഇരട്ടിക്കൂലിയും കൃഷ്ണനുണ്ണിക്ക് പ്രത്യേകമായി രണ്ടായിരം ഉറുപ്പിക സമ്മാനവും ആ വൎത്തകൻ കൊടുത്തു. അന്നുമുതൽ കൃഷ്ണനുണ്ണിയും ഒരു കൺട്രാക്ടരായി.

ഇങ്ങിനെ മാസം പതിനൊന്നു കഴിഞ്ഞു. തന്റെ സമ്പാദ്യത്തെ നോക്കിയതിൽ ൫൦൦൦ക. തികയുന്നതിന് ഇനി വളരെ

കുറച്ചു സംഖ്യമാത്രമേ തികയേണ്ടതുള്ളുവെന്ന് അവൻ കണ്ടു എതാനും നാൾകൊണ്ട് ആ സംഖ്യ അവൻ തികച്ചു. ഒന്നു കൂടി അവൻ എണ്ണിനോക്കി. അയ്യായിരം ഉറുപ്പിക!! ഹാ, അയ്യായിരം ഉറുപ്പിക !! കൃഷ്ണനുണ്ണി സന്തോഷത്തിൽ മുങ്ങി. "ദേവകിക്കുട്ടി എന്റെ തന്നെ" എന്ന് അവൻ തന്നെത്താൻ പറഞ്ഞുപോയി.

## ഏഴാം അദ്ധ്യായം.

കൃഷ്ണനുണ്ണി പോയിട്ട് അധികംനാൾ കഴിയുംമുമ്പേതന്നെ അമ്മാമൻ വിവാഹകാര്യത്തിൽ ശ്രമിക്കുന്നതു കണ്ടപ്പോൾ ദേവകിക്കുട്ടിക്ക് പല സംശയങ്ങളും ഉണ്ടായിത്തുടങ്ങി. അമ്മാമൻ കൃഷ്ണനുണ്ണിയെ അയച്ചത് സദുദ്ദേശ്യത്തോടുകൂടിയാണെന്നാണ് ഇതുവരെ ദേവകിക്കുട്ടി കരുതിയിരുന്നത്. അങ്ങിനെയാണെങ്കിൽ അദ്ദേഹം അവന്റെ വരവിനെ പ്രതീക്ഷിക്കാതെ വിവാഹത്തിന് വട്ടംകൂട്ടുന്നതെന്തുകൊണ്ട്? എങ്ങിനെയെങ്കിലും അവനെ ദൂരെ അകററി മററാക്കോ തന്നെ വിവാഹംചെയ്തു കൊടുക്കുവാനാണ് അമ്മാമന്റെ കരുതലെന്ന് ദേവകിക്കുട്ടി സംശയിച്ചു. അതിൽപിന്നെ, വിരഹവേദനയ്ക്കു പുറമെ ആപൽഭീതിയും അവളെ പീഡിപ്പിച്ചുതുടങ്ങി. കൃഷ്ണനുണ്ണി വരാമെന്നു പറഞ്ഞിട്ടുള്ള ആ ദിവസം കഴിഞ്ഞല്ലാതെ വിവാഹകാര്യത്തെപ്പററി ഒന്നും തന്നോട് പറഞ്ഞുകൂടെന്ന് അവൾ ഉറപ്പായി പറഞ്ഞിട്ടുള്ളതിനെ അമ്മാമൻ വിസംവദിക്കാതിരിക്കുന്നത് അവൾക്ക് അല്പം ആശ്വാസം നല്കുന്നുണ്ട്. പണം കിട്ടിയാലും ഇല്ലെങ്കിലും, താൻ വന്നെത്തിക്കൊള്ളാമെന്ന് കൃഷ്ണനുണ്ണി അമ്മുക്കുട്ടിയോട്

പറഞ്ഞിട്ടുള്ള വാക്കും അവന്ന് തന്നിലുള്ള പ്രേമവുംകൂടിയോൎത്തിട്ട് അവന്റെ വരവിൽ അവൾക്ക ലേശംപോലും സംശയത്തിന് അവകാശമുണ്ടായില്ല എന്നാൽ—കൃഷ്ണനുണ്ണി വരുവാൻ വൈകിയാലോ? അതിലിടക്ക വിവാഹം നടന്നാലോ? അങ്ങിനെ വരില്ല. ഈ സംശയം കൃഷ്ണനുണ്ണിക്കും ഉണ്ടാകാമല്ലോ. അതുകൊണ്ട് എന്തുതന്നെയായാലും നിശ്ചിതസമയത്ത് അവൻ ഇവിടെ വരാതിരിക്കയില്ല.

ഇങ്ങിനെ സമാധാനിച്ചുകൊണ്ട് ദേവകിക്കുട്ടി കൃഷ്ണനുണ്ണിയുടെ വരവിനെ കാത്തുകാത്തു കൊണ്ടിരിക്കുന്നു. ദിവസേന വരവുനോക്കിക്കൊണ്ട് അവൾ ഉമ്മറത്തെ കോലായിൽ വന്നു നില്ക്കും. വരേണ്ടസമയം തെറ്റിയാൽ എഴുത്തുണ്ടാവുമെന്ന് ആശപ്പെട്ടും അതും കാണാതെ അവൾ നിരാശയായി അകായിലേക്ക് മടങ്ങിവരുന്നതു കണ്ടാൽ ആരുടെ മനസ്സും ഒന്നുരുകാതിരിക്കയില്ല. ഇങ്ങിനെ, ഉമ്മറത്തുവന്നു നില്ക്കുമ്പൊഴൊക്കെ അവൾ സങ്കല്പത്താൽ അല്പം മനസ്സന്തോഷം അനുഭവിക്കുന്നുണ്ടാവാം. പിന്നീട് നൈരാശ്യത്തോടെ അകായിലേക്ക് വരുമ്പോൾ ഒരു ഭയങ്കരസ്ഥലത്തേക്കു കടക്കുംപോലെയാണ് അവളുടെ മുഖഭാവം. ഈ ഭാവം കണ്ടുകണ്ട് മനസ്സ് പുണ്ണായിട്ട് ഇനി ഇതിനു വയ്യെന്നുവെച്ച് അമ്മുക്കുട്ടി ആ സമയത്തെല്ലാം വേറെയെങ്ങാനും അകന്നിരിക്ക പതിവായി.

ഒരു ദിവസം ദേവകിക്കുട്ടി തന്റെ അറയിൽ കൃഷ്ണനുണ്ണിയുടെ പടം കയ്യിലെടുത്ത് എന്തൊ ചില ചാപലങ്ങൾ കാട്ടിക്കൊണ്ടു കിടക്കയായിരുന്നു. പെട്ടെന്ന് അമ്മുക്കുട്ടി ആ അറയിൽ കടന്നുവന്നു. ദേവകിക്കുട്ടി അപ്പോൾ ലജ്ജിക്കയല്ലാ പൊട്ടിക്കരയുകയാണുണ്ടായത്. അമ്മുക്കുട്ടി തൽക്ഷണം മുഖംതിരിച്ചുകളഞ്ഞു. അവളും കരയുന്നുവൊ? എന്തൊ! അല്പനേരം അങ്ങിനെകഴിഞ്ഞിട്ട് അമ്മുക്കുട്ടി പറഞ്ഞു.

"ദേവകിക്കുട്ടി! ഈ ഒരു കാൎയ്യത്തെപ്പററി ഞാൻ ഒന്നും പറകയില്ലെന്നായിരുന്നു വിചാരിച്ചിരുന്നത്. നിന്റെ ഈ വക ഭാവങ്ങൾ കണ്ട് സഹിക്കവയ്യാതെയാണ ഞാൻ ഇതാ ഈ രണ്ടുവാക്കുപറയുന്നത്. നീ മറെറാന്നും വിചാരിച്ച് വ്യസനിക്കേണ്ട. നിന്റെയും നിന്റെ തറവാട്ടിന്റെയും മാനത്തെ രക്ഷിക്കാൻ വേണ്ടി അമ്മാമൻ വേറെ വഴികൊണ്ട ആലോചന നടത്തിവരുന്നത്. അദ്ദേഹം കൃഷ്ണനുണ്ണിയെക്കൊണ്ട് നിന്നെ സംബന്ധം ചെയ്യിക്കയില്ലെന്ന് തീൎച്ചപറഞ്ഞു. അവൻ മടങ്ങിവന്നാലും ഇല്ലെങ്കിലും നിന്റെ ഭൎത്താവ് വേറെ ആളായിരിക്കും. കൃഷ്ണനുണ്ണി ഒരു കാൎയ്യസ്ഥന്റെ മകൻ; നാടും വീടുമില്ലാത്ത ഏകൻ; അവന്റെ ജാതിയെപ്പററിയും സംശയമുണ്ട. അതുകൊണ്ട് നിങ്ങൾ തമ്മിലുള്ള സംബന്ധകാൎയ്യത്തിൽ നാട്ടുകാരും വീട്ടുകാരും അനുകൂലിക്കയില്ല. നീ അവനെപ്പററിയുള്ള വിചാരം വിട്ടുകളയുക. അവനെ നമ്മുടെ സഹോദരനെപ്പോലെ നമുക്ക് എന്നും സ്നേഹിക്കാമല്ലോ? അമ്മാമൻ ഇനി വേഗത്തിൽ വിവാഹം നടത്തും. കൃഷ്ണനുണ്ണി മടങ്ങിവരുംമുമ്പെ നടത്തുവാനാണ് അദ്ദേഹം ബദ്ധപ്പെടുന്നത്. നിനക്കൊരാളുടെ ഭാൎയ്യയായാലും കൃഷ്ണനുണ്ണിയെ ഒരു സഹോദരന്റെനിലയിൽ സ്നേഹിക്കുന്നതിന് എന്തു വിരോധമാണുള്ളത്. അവനെപ്പററി വേറെവിധത്തിൽ വിചാരിച്ച് ചാപല്യങ്ങളൊന്നും കാണിക്കാതിരിക്കയാണ് നല്ലത്."

ഇത്രയും പറഞ്ഞിട്ട് അമ്മുക്കുട്ടി ഉടനെതന്നെ അവിടെനിന്നു പോയി. വിവാഹംകഴിഞ്ഞ കാമിനീകാമുകന്മാർ സഹോദരീസഹോദരന്മാരെപ്പോലെ സഹവസിക്കയോ? ദേവകിക്കുട്ടിയും കൃഷ്ണനുണ്ണിയും തമ്മിൽ അന്തഃകരണവിവാഹം കഴിഞ്ഞിട്ട് നാളേറെ കഴിഞ്ഞു. പാണിഗ്രഹണവും കഴിഞ്ഞു. ഇനിയെന്തോ സഹോദരീസഹോദരഭാവം! അനുരാഗത്തിന്റെ വിലയും നിലയും അമ്മുക്കുട്ടിക്ക് അറികയില്ലയോ? ഒരുവൻ ഒന്നിലേക്ക്

ധൈൎയ്യത്തോടെ തുനിഞ്ഞുകഴിഞ്ഞാൽ, പിന്നെ അതിൽനിന്ന് അവളെ പിൻമാററുവാൻ ശ്രമിക്കുന്നത് ഭോഷത്തമാണ്. അതിൻെറ ഫലം അവളെക്കൊണ്ടുതന്നെ അനുഭവിപ്പിച്ച് തൃപ്തിപ്പെടുത്തുകയാണ് വേണ്ടത്. പ്രത്യേകിച്ച്, പ്രേമപ്രേരണയാൽ ഒരുവൻ മുന്നോട്ടു കുതിക്കയാണെങ്കിൽ അവനെ തടഞ്ഞുനിറുത്തുന്നതിന് ലോകത്തിൽ ഏതൊന്നിനാണ് ശക്തിയുള്ളത്. കാൎയ്യസ്ഥൻെറ മകൻ, ജാതി താണവൻ, ആരുമേത്തുമില്ലാത്തവൻ എന്നിങ്ങിനെ മററുള്ളവർ കൃഷ്ണനുണ്ണിയിൽ കാണുന്ന ആ ദോഷങ്ങൾക്കൊന്നിനും ദേവകിക്കുട്ടിയുടെ അനുരാഗഗതിയെ പ്രതിബന്ധിക്കുവാൻ ശക്തിയുണ്ടോ! കഷ്ടം! അമ്മുക്കുട്ടി ദേവകിക്കുട്ടിക്ക് ഗുണം ചെയ്യാനാണല്ലോ ശ്രമിച്ചത്. ആ ശ്രമത്തിൻെറ ഫലമായി, തനിക്ക് ഒരേ സഹായമെന്നു കരുതിയിരുന്ന അമ്മായിയും പ്രതികൂലമായിട്ടാണല്ലോ പറയുന്നത് എന്ന് അവൾ കഠിനമായി സന്തപിക്കയാണ് ചെയ്യുത്; തനിക്ക് ഒരാധാരവുമില്ലല്ലോ എന്ന് അവൾ അമ്മയെയോൎത്ത് കരയുകയാണ് ചെയ്യുത്; തന്നെ ഈ ഭയങ്കര നരകത്തിൽനിന്ന് വേഗംവന്ന് കരകയററണേ എന്ന് അവൾ കൃഷ്ണനുണ്ണിയെ സങ്കല്പിച്ച് ദീനയായി വിളിച്ചു പറകയാണ് ചെയ്യുത്.

ദിവസങ്ങൾ എണ്ണിക്കഴിഞ്ഞിട്ടു മാസങ്ങൾ എണ്ണിത്തുടങ്ങി. രണ്ട്, നാല്, എട്ട്, പത്ത് എന്നിങ്ങിനെ പതിനൊന്നു മാസവും കഴിഞ്ഞു. കൃഷ്ണനുണ്ണിയെപ്പററി ഒരു വിവരവുമില്ല. കേശവമേനോൻ വിവാഹത്തിനുള്ള വട്ടങ്ങൾ മുറയ്ക്കു കൂട്ടിത്തുടങ്ങിയിരിക്കുന്നു. കൃഷ്ണനുണ്ണി വരാതിരുന്നാൽ, ആ ദിവസം കഴിഞ്ഞ് മൂന്നാംനാൾ നല്ലദിവസമായതുകൊണ്ട് അന്ന് വിവാഹമാണെന്ന് അദ്ദേഹം വെളിവായി പറഞ്ഞുകഴിഞ്ഞു. കൃഷ്ണനുണ്ണി അത്ര വേഗത്തിൽവരില്ലെന്ന് അദ്ദേഹത്തിന് ദൃഢവിശ്വാസമുണ്ടല്ലോ. കെ. ടി. പത്മനാഭമേനോൻ തന്നെയാണ് വരൻ.

ഇക്കാര്യം അദ്ദേഹം ബന്ധുജനങ്ങളേയും സുഹൃത്തുക്കളേയും അറിയിച്ചുകൊണ്ടുവരുന്നു.

ആ മുന്നൂററി അരുപത്തഞ്ചാംനാഠം പുലന്നു. "ഇന്ന് നിശ്ചയമായും വരും" എന്ന് ദേവകിക്കുട്ടി തന്നെത്താൻ തീച്ചപറഞ്ഞ് ദൈവത്തെ പ്രാത്ഥിച്ചുകൊണ്ട് ഉന്മാത്തുവന്നു നില്പായി. വരേണ്ടസമയം തെററി. രാത്രിവണ്ടിക്ക് വരുമെന്ന്, പിന്നെ അവഠം ധൈയ്യപ്പെട്ടു. നാലുമണിവരെയും അവഠം ഉറങ്ങിയില്ല. അതിൽപിന്നെ അല്പമൊന്നു മയങ്ങിപ്പോയി. ഞെട്ടിയുണന്ന്, കൃഷ്ണനുണ്ണി വന്നിരിക്കുമെന്ന വിശ്വാസത്തോടെ അവഠം ആ വീട്ടിൻെറ നാലുപുറവും നടന്നുതിരഞ്ഞു. "ഇന്നലെ പുറപ്പെട്ടിരിക്കും; ഇന്ന് എത്താതിരിക്കയില്ല" എന്ന് വീണ്ടും ആശയോടെ അവഠം പ്രതീക്ഷിച്ചു. അങ്ങിനെ ഒരുദിവസം കഴിഞ്ഞു. രണ്ടാം ദിവസവും കഴിഞ്ഞു. മൂന്നാംദിവസം പുലന്നു. സൂൎയ്യൻ ഉദിച്ചതോടുകൂടി അവളുടെ പുറമേ ഘോരമായ അന്ധകാരവും മനസ്സിൽ ഘോരമായ തപനവും പരന്നു. അന്നാണ് വിവാഹം. ഉച്ചയാകുന്നതുവരെ ഒരു ചെറിയ ആശ അവളിൽ മിന്നുങ്ങികൊണ്ടിരുന്നു. അതും നശിച്ചു. അവഠം അറയിൽ ചെന്ന് വാതിലടച്ച് വളരെനേരം കരഞ്ഞുകിടന്നു. കണ്ണീരെല്ലാം വററിവരണ്ടതുകൊണ്ടോ എന്തോ പിന്നെ വെള്ളംവരാതായി. അവഠം അവിടെ കിടന്ന് എരിപൊരി കൊള്ളുവാൻ തുടങ്ങി.

ദേവകിക്കുട്ടി ഇനി എന്താണ് ചെയ്യേണ്ടത്? ഈ അററം കാണാത്ത ആധിയിൽനിന്ന് മോചിക്കുന്നതിന് അവഠക്ക് എന്തുവഴിയാണുള്ളത്? ആത്മഹത്യയോ? എന്നാൽ, തല്ക്കാലം അവഠക്ക് അതിനു മനസ്സില്ല. എന്തുകൊണ്ട്? വീണ്ടും ഒരു ചെറിയ ആശ അവളുടെ മനസ്സിനെ ചലിപ്പിക്കുന്നു. താൻ മരിക്കുന്നത് —കൃഷ്ണനുണ്ണിയെ എന്നെന്നേക്കുമായി വേർപെടുന്നത്, അവനെ ഒരു നോക്കുകൂടി കണ്ടിട്ടാവാം എന്ന് അവഠം ആശി

കന്നു. ഹേമമ്മ എല്ലാ ആശകളും അവളിൽനിന്ന് അകന്നു കഴിഞ്ഞു. അവൾക്കായുള്ള ദാമ്പത്യസുഖങ്ങളും ഇതാ ഇന്നു രാത്രി നശിച്ചുപോകുമെന്നായിരിക്കുന്നു. എന്നാൽ, നാട്ടുവിട്ടു പോയാലോ? ഭർത്തൃഗേഹത്തിൽനിന്നു എങ്ങാനും ഒളിച്ചു ചാടുവാൻ അവൾക്കു ഇഷ്ടമില്ല. കൃഷ്ണനുണ്ണി ഇവിടെ വരാതൊന്നു തിരികെയില്ലെന്ന് അവൾക്കു ദൃഢവിശ്വാസമുണ്ട്. അതിന്മുമ്പ് ഇവിടെ എന്തുതന്നെ സംഭവിച്ചാലും, അവൻ വരുംവരെക്കും തന്റെ ദേഹത്തെ സൂക്ഷിക്കുവാൻ അവൾ ധൈര്യപ്പെട്ടു. വിവാഹം നടന്നുകൊള്ളട്ടെ. വരുന്നവരെല്ലാം വന്നുപോയിക്കൊള്ളട്ടെ. തന്റെ സുഖത്തിനുവേണ്ടി മാത്രം അമ്മാമന്റെ അഭിമാനത്തെ കെടുക്കുവാനോ, അന്യന്റെ സന്തോഷത്തിനുവേണ്ടി തന്റെ മനസ്സിനെ വ്യഭിചരിപ്പിക്കുവാനോ, രണ്ടിനും അവൾ ഒരുക്കല്ല. ഇവിടെ നടക്കുന്നതെല്ലാം നടന്നുകൊള്ളട്ടെ. എന്തുതന്നെ വന്നാലും, കൃഷ്ണനുണ്ണിക്കായി സമപ്പിച്ചിട്ടുള്ള തന്റെ ദേഹം മറ്റൊരാൾക്കു അനുഭവിക്കുവാൻ അവൾ കൊടുക്കയില്ല. ആശയററ് ആധിമുഴുത്ത വാടിവീണുപോയ തന്റെ ശരീരം ഇനി തെളിഞ്ഞുനില്ക്കയില്ലെന്ന അവൾ കണ്ടു. ഈ അവസ്ഥ, പരോപദ്രവം കൂടാതെ തന്റെ ദേഹത്തെ സൂക്ഷിക്കുവാൻ ഉതകുന്നതുതന്നെയെന്ന് അവൾ സന്തോഷിച്ചു. ഇങ്ങിനെയുള്ള ഉറപ്പോടുകൂടി അവൾ പതുക്കെ കിടന്നെത്തുനിന്നാണിരുന്നു. അപ്പോൾ നേരം നാലുമണി കഴിഞ്ഞിരിക്കുന്നു.

ഹാ, ദേവകിക്കുട്ടി! ആ പാവപ്പെട്ട കൃഷ്ണനുണ്ണിക്ക് ആരാണൊരാശ്രയം? അവൻ തന്റെ സർവ്വസുഖങ്ങൾക്കും ഒരേ ആസ്പദമെന്ന് കരുതിവന്ന നീ പരഹസ്തപ്രാപ്തയായാലും പരലോകപ്രാപ്തയായാലും അവന്ന് എന്തുഗതിയാണുള്ളത്? നിന്നെക്കൂടാതെയുള്ള അവന്റെ ജീവിതത്തിൽ ഒരുതുള്ളിപോലും സുഖം നീ കാണുന്നുണ്ടോ? നിന്റെ നോട്ടം ആ ശാശ്വതസുഖസ്ഥാന

മായ സ്വൎഗ്ഗത്തിലേക്കാണ്. നിന്റെ കമിതാവിനെ ഈ ഭൂലോകനരകത്തിൽ നിൎദ്ദയമായി തള്ളിവിട്ടിട്ടാണ് നീ ആ സുഖസ്ഥാനത്തേക്കു പോകുവാൻ ശ്രമിക്കുന്നതെന്ന് നിനക്ക് അറികയില്ലയോ?

കൃഷ്ണനുണ്ണിയുടെ ദുസ്സഹ ദുഃഖപൂൎണ്ണമായിരിക്കുന്ന ഭാവിയെപ്പററിയുള്ള ചിന്തകളാൽ പീഡിതയായിനില്ക്കുന്ന ദേവകിക്കുട്ടിയുടെ ദൃഷ്ടികൾ പെട്ടെന്ന് കൃഷ്ണനുണ്ണിയുടെ ഛായാപടത്തിൽ പതിഞ്ഞു. "എന്റെ ഓമനേ, എന്നെ എന്നെന്നേക്കുമായി വേർപെട്ടുപോകുന്നുവോ? എന്നെ എന്നെന്നേക്കുമായി ദുഃഖത്തിൽ തള്ളുന്നുവോ" എന്നിങ്ങിനെ അവൻ തന്റെ മുമ്പിൽ നിന്നുകൊണ്ട് കണ്ണീരോടെ ചോദിക്കുന്നതായി അവൾക്കുതോന്നി. അവളുടെ അടിമുതൽ മുടിവരെ ഒന്നായൊന്നു കാളിനീറി. അവൾ തലചുററി വീണുപോയി.

നേരം സന്ധ്യകഴിഞ്ഞു. വിവാഹഘോഷം കേമമായിട്ട് തന്നെയാണ്. വീട്ടുകാരും നാട്ടുകാരുമെല്ലാം വന്നു നിറഞ്ഞിട്ടുണ്ട്. ദേവകിക്കുട്ടി എവിടെ എന്നു ചിലർ അന്വേഷിച്ചു അവിടെയെല്ലാം വിളിച്ചുനോക്കി; പലേടത്തും തെരഞ്ഞുനോക്കുകയും ചെയ്തു. എങ്ങും കണ്ടില്ല. അറവാതിൽ അടച്ചു സാക്ഷയിട്ടിരിക്കുന്നു. പലരും പലതും സംശയിച്ചുതുടങ്ങി ഒടുക്കം അറവാതിൽ കുത്തിപ്പൊളിക്കുകതന്നെ വേണ്ടിവന്നു ഈ കോലാഹലമെല്ലാം ദേവകിക്കുട്ടി കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ടെങ്കിലും, അവൾക്ക് ഒന്നും മിണ്ടുവാൻ വയ്യാതെ കിടക്കയാണ്. അനങ്ങുവാൻപോലും അവൾക്കുവയ്യ. എന്തോ, എങ്ങിനെയോ ഒരു തലചുററലുണ്ടായിയെന്നും, ഇപ്പോൾ തനിക്ക് അത്യധികം തളൎച്ചയുണ്ടെന്നും ഇവിടെ ആരും തിരക്കാതെയും വിസ്രബ്ധമായും ഇരിക്കയാണ് വേണ്ടതെന്നും ദേവകിക്കുട്ടി ഒരുവിധം പറഞ്ഞൊപ്പിച്ചു. ചിലർ ദേവതാബാധയായിരിക്കാമെന്ന് സംശയിച്ചുതു

ല്ലാതെ, നാഡിനോക്കിയതിൽ ആക്കും ആപൽശങ്കയ്ക്കു് അവകാശമുണ്ടായില്ല. എങ്കിലും ഈ ശുഭാവസരം ഇങ്ങിനെ അമംഗളമായിട്ടാണല്ലോ കലാശിക്കുന്നതെന്ന് എല്ലാരും നന്നെ വിഷാദിച്ചു.

ദേവകിക്കുട്ടി അമ്മുക്കുട്ടിയെ വിളിച്ചു് രഹസ്യമായി പറഞ്ഞു:—"അമ്മായി, എനിക്ക് ഒരപേക്ഷയുണ്ട്. അതെങ്കിലും സാധിപ്പിച്ചുതരണേ. അമ്മാമന്റെ അഭിമാനരക്ഷക്കുവേണ്ടി എന്റെ സവ്വസുഖങ്ങളെയും ഇതാ നശിപ്പിക്കയാണല്ലോ. അത് ങ്ങിനെതന്നെ ആവട്ടെ. എന്നാൽ, എനിക്ക് ദേഹത്തിന് നല്ല സുഖമുണ്ടാവുന്നതുവരെക്കും എന്റെ അരികെ യാതൊരാളും വരാതിരിക്കണം. ഇന്നത്തെ വട്ടങ്ങൾ ഇങ്ങിനെ അശുഭമായി കഴിയുന്നതിൽ അമ്മാമനുംമററും സങ്കടപ്പെട്ടുമായിരിക്കാം. ഇത് ദൈവഗത്യാ വന്നതാണെന്ന് അവർ സമാധാനിക്കട്ടെ. എന്റെ സമ്മതംകൂടാതെ ആരെങ്കിലും എന്റെ അരികേ വരുന്നതായാൽ—പിന്നെയുണ്ടാകുന്ന അനുഭവം കുറേ കടന്നനിലയിലായിരിക്കും"

അവൾ തിരിഞ്ഞുകിടന്നു. ചാഞ്ചല്യമൊട്ടും കൂടാതെ ആജ്ഞാസ്വരത്തിൽ ദേവകിക്കുട്ടിയിൽനിന്ന് പുറപ്പെട്ട ഈ വാക്കുകൾക്ക് ഒന്നുംതന്നെ മറുവടി പറയാതെയാണ് അമ്മുക്കുട്ടി അവിടെനിന്നു പോയത്. അപ്പോൾതന്നെ അവൾ തന്റെ ഭത്താവിനെ വിളിച്ചു്, ദേവകിക്കുട്ടിയുടെ തല്ക്കാലസ്ഥിതിയെയും അമംഗളമായി കഴിയുന്ന ഇന്നത്തെകമ്മത്തെയും പററി പറഞ്ഞശേഷം, "ഇതാ രണ്ടു ജീവനെ നശിപ്പിച്ചു; മററൊരുജീവനെ, ആധിയിലാഴ്ത്തുകയും ചെയ്തു. ഈ മഹാപാപം കണ്ടുകൊണ്ടുനില്പാൻ ഞാനില്ല" എന്നുകൂടി പറഞ്ഞിട്ടു് അവൾ തളത്തിൽ മുകളിൽചെന്ന് അറയിൽകടന്ന് വാതിലടച്ചു. കേശവമേനോൻ പലതവണ വിളിച്ചിട്ടും അവൾ വാതിൽ തുറക്കയുണ്ടായില്ല.

ദേവകിക്കുട്ടിയുടെ ദീനം, അമ്മുക്കുട്ടിയുടെ വാക്കുകൾ, ഇന്നു താൻ നടത്തുന്ന അമംഗളകർമ്മം—ഇതെല്ലാംകൂടി ഓർത്ത് കേശവമേനോൻ വിഷണ്ണനായി. അദ്ദേഹം തന്നെത്താൻ ശപിക്കയും ചെയ്തു. കാര്യമൊക്കെയും കൈകടന്നുപോയ ഈ ഘട്ടത്തിലാണ് "ഇതൊന്നും വേണ്ടിയിരുന്നില്ല" എന്ന് തൻെറ ഉദ്യമത്തെപ്പററി അദ്ദേഹത്തിന് വെറുപ്പുണ്ടായത്.

വായനക്കാരെ, ഇന്ന് ഇവിടെ നടക്കുന്ന വിവാഹഘോഷത്തെപ്പററി വർണ്ണിച്ചുകേൾക്കുവാൻ നിങ്ങൾക്ക് സന്തോഷമുണ്ടോ? കേശവമേനോൻ ഒരു വലിയ പണക്കാരൻ; ഒരു വലിയ അഭിമാനിയും കൂടിയാണ്. ഇങ്ങിനെയുള്ള ഒരാളുടെ ശ്രമത്തിൽ നടക്കുന്ന ഈ വിവാഹം എത്രയോ അധികം ആഡംബരത്തോടു കൂടിത്തന്നെയായിരിക്കുമല്ലോ. വർണ്ണനീയമായ വൈഭവം ഈ ആഘോഷത്തിനുണ്ടെന്ന് ഞാൻ സമ്മതിച്ചേക്കാം. എന്നാൽ കൃഷ്ണനുണ്ണിയുടെയും ദേവകിക്കുട്ടിയുടെയും ഭാവിസുഖത്തെ ഛേദിക്കുവാനുള്ള ഒരു കോടാലിയായ ഈ കർമ്മത്തെപ്പററി സ്മരിക്കുവാൻപോലും എനിക്കു വയ്യ. നിങ്ങൾ കേൾക്കുവാൻ തയ്യാറാണെങ്കിൽ കൂടിയും വർണ്ണിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല.

വരനും കൂട്ടുകാരും വന്നെത്തി. ദേവകിക്കുട്ടി കിടപ്പിലാണെന്നറിഞ്ഞപ്പോൾ അവരും നന്നെ വിഷണ്ണരായി. മററുള്ള വട്ടങ്ങളെല്ലാം കഴിഞ്ഞ് വരൻ കിടപ്പറയിൽ പ്രവേശിച്ചു. പുരുഷന്മാരുടെ തിരക്കുകഴിഞ്ഞ് സ്ത്രീകളുടെ കുശലപ്രശ്നം ആരംഭിച്ചു. അതും അവസാനിക്കാറായ ഘട്ടത്തിൽ ദേവകിക്കുട്ടിയുടെ തല്ക്കാലസ്ഥിതി നേരിൽ തനിക്കൊന്നു കണ്ടാൽ കൊള്ളാമെന്ന് പത്മനാഭമേനോൻ ആവശ്യപ്പെട്ടു. അതിനുമുന്നം അദ്ദേഹത്തെ ദേവകിക്കുട്ടി കിടക്കുന്ന അറയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അദ്ദേഹം ആ അറയിൽ കടന്നഉടനെ വാതിൽ ചാരിക്കളഞ്ഞു.

പത്മനാഭമേനോനെ ദേവകിക്കുട്ടി കണ്ടുകഴിഞ്ഞു. ഹാ,

അവളുടെ ഹൃദയം 'അയ്യോ' എന്നു വിളിച്ചുകൊണ്ട് ഒന്നായി പുഴങ്ങി തലകീഴായി മറിയുന്നപോലെ തോന്നി. ഘോരമായ നിശ്ശബ്ദതയും അന്ധകാരവും നിറഞ്ഞ ഒരു ശൂന്യാകാശത്തിൽ താൻ അലയുന്നതായി അവൾ കണ്ടു. ഒരു ഭയങ്കരരൂപിയായ പിശാച് തന്റെ നേരെ പാഞ്ഞുവരുന്നു അത അടുത്തെത്തിപ്പോയി. അവൾ ഉറക്കെ നിലവിളിക്കുവാൻ കഴിയുന്നെടത്തോളം പണിപ്പെട്ടുവെങ്കിലും ഒച്ച പൊങ്ങുന്നില്ല. ആ പിശാച അവളെ തൊടുവാൻ ഇതാ തുടങ്ങുന്നു. അവൾ ദുസ്സഹമായ മനോവേദനയോടെ നിലവിളിച്ചു. അവൾ സുഷുപ്തിപോലെയുള്ള മറെറാരവസ്ഥയിൽ ലയിച്ചു.

പത്മനാഭമേനോൻ ദേവകിക്കുട്ടിയുടെ അടുത്തായി നില്ക്കുന്നു. പെട്ടെന്ന് അവളിൽനിന്ന് പുറപ്പെട്ട വികൃതസ്വരത്താൽ അദ്ദേഹം ഭയപ്പെട്ടുപോയി; പുറത്തുനിന്നവർ വല്ലാതെ പരിഭ്രമിക്കയും ചെയ്തു. ഉടനെ വാതിൽ ഉന്തിത്തുറന്ന് പലരും അകത്തുകടന്നു. ദേവകിക്കുട്ടിയുടെ ശരീരം ഒരു വെറും മരത്തടിപോലെയാണ് കിടക്കുന്നത്. ആവിയും അനക്കവും ആയിനില്ല. അങ്ങോട്ടും ഇങ്ങോട്ടും ഉരുട്ടിനോക്കീട്ടും ചലനമില്ല. ഹാ, വെറും ശവം.

പിന്നത്തെ കഥയൊന്നും പറവാൻ വയ്യ. ആ അറയിൽനിന്ന് ആരംഭിച്ചു കരച്ചിലും തേങ്ങലും ആ വീട്ടുമുഴുവൻ പരന്നു. അതുവരെ അറയടച്ചുകിടന്നിരുന്ന ജാനകിക്കുട്ടി പരിഭ്രമിച്ച് പാഞ്ഞെത്തി വർത്തമാനം അറിഞ്ഞതുടനെ "ഈശ്വരാ, ചതിച്ചുവല്ലോ" എന്നു നിലവിളിച്ചുകൊണ്ട് അവൾ ദേവകിക്കുട്ടിയുടെ മീതെ വീണു. കേശവമേനോൻ ഇപ്പോൾ കേവലം ജീവച്ഛവം തന്നെ. കുറേനേരത്തേക്ക് അദ്ദേഹം ഒന്നും തോന്നാതെ ഒരു പിശാചിനെപ്പോലെ നിന്നു. ഒടുക്കം ഡാക്ടരെ വരുത്തി പരിശോധിപ്പിച്ചു. ഇതൊരുവക ബോധക്ഷയം മാത്രമാ

ണ്ടെന്നും തല്ക്കാലം ഭയപ്പെടേണ്ടതില്ലെന്നും ഡാക്ടർ സമാധാനിപ്പിച്ചു. ഔഷധത്തിന്റെ ചില ക്രിയകളാൽ ക്രമത്തിൽ ദേവകിക്കുട്ടിയുടെ ദേഹത്തിൽ വായുസഞ്ചാരം തുടങ്ങി. അവളുടെ ഓൎമ്മക്ക് തെളിവും മനസ്സിന് ഒരുവിധം സ്വസ്ഥതയും ഉണ്ടായി കണ്ടു.

ആ മുന്നൂററി അറുപത്തഞ്ചാംനാൾ കഴിഞ്ഞ നാലാംദിവസവും എത്തി. കിടന്നകിടപ്പിൽ തന്നെയാണ് ദേവകിക്കുട്ടി. ആരും അടുക്കപോകയോ സംസാരിക്കയോ ചെയ്യരുതെന്ന് ഡാക്ടർ ശാസിച്ചിരുന്നതിനാൽ അമ്മുക്കുട്ടിമാത്രം അടുക്കലിരുന്ന് ശുശ്രൂഷിക്കുന്നുണ്ട്. ദേവകിക്കുട്ടി ഇനി ഇങ്ങോട്ടില്ലെന്ന് അമ്മുക്കുട്ടിക്ക തോന്നിക്കഴിഞ്ഞിരിക്കുന്നു. കലശലായ തളൎച്ച; ഇടയ്ക്കിടെയുള്ള ബോധക്ഷയം; നാവിനുള്ള ഉളച്ചിലും വരൾച്ചയും; എന്നാൽ, ചിലപ്പോൾ അടക്കവും ഒതുക്കവുമില്ലാത്ത വാക്കുകൾ—എന്നീലക്ഷണങ്ങളാൽ ഇനി ആശയ്ക്ക് വഴിയില്ലെന്ന് അമ്മുക്കുട്ടി തീൎച്ചയാക്കി. അവൾ കണ്ണീരുംകയ്യുമായി ഇരുന്നുകൊണ്ടാണ് ദേവകിക്കുട്ടിയെ ശുശ്രൂഷിക്കുന്നത്. "ഇന്നെങ്കിലും കൃഷ്ണനുണ്ണി വന്നെത്തിയാൽ—ദൈവമേ! അതുതന്നെ ഒരു വലിയ അനുഗ്രഹം" എന്നിങ്ങിനെ ഇടയ്ക്കിടെ പ്രാൎത്ഥിക്കമാത്രം അവൾ ചെയ്യുന്നുണ്ട്. ദേവകിക്കുട്ടിയാവട്ടെ, താൻ മരിക്കുംമുമ്പ ഒരുനോക്കെങ്കിലും കൃഷ്ണനുണ്ണിയെ കാണാറാവണേ എന്ന് പ്രാൎത്ഥിക്കുന്നു. തന്റെ ഈ ആഗ്രഹം അമ്മുക്കുട്ടിയോട് തുടരെത്തുടരെ പറയുകയും ചെയ്യുന്നുണ്ട. കൃഷ്ണനുണ്ണി ഇപ്പോൾ എവിടെയാണെന്ന് ഇവരാരറിഞ്ഞു! കൃഷ്ണനുണ്ണി കോഴിക്കോട്ടുണ്ടെന്നും, അവന്ന് കമ്പി അയച്ചിട്ടുണ്ടെന്നും ഇന്നോ നാളെയോ തീൎച്ചയായും വരുമെന്നും കളവുപറഞ്ഞിട്ടാണ അമ്മുക്കുട്ടി ദേവകിക്കുട്ടിയെ ഇപ്പോൾ സമാധാനിപ്പിക്കുന്നത്.

നേരം രാത്രിയായി. കൃഷ്ണനുണ്ണി വന്നുവോ വന്നുവോ എന്നു ചോദിച്ചുകൊണ്ടിരിക്കൽ മാത്രമേ ദേവകിക്കുട്ടിയിൽ ഇപ്പോൾ അവശേഷിച്ചു കാണുന്നുള്ളു. അവൾ നിശ്ചലയായി മലൎന്നുകിടക്കുന്നു; അവളുടെ ആ ചോദ്യം ക്രമത്തിൽ സ്വരം താണുതാണ് ഒരുവക ശ്വാസവികാരം മാത്രമായിത്തീൎന്നിരിക്കുന്നു. നേരം പുലരുംമുമ്പേ കഥകഴിയുമെന്ന് എല്ലാവൎക്കും തീൎച്ചയാക്കി. അമ്മുക്കുട്ടി തേങ്ങിത്തേങ്ങി കരയുന്നു. കേശവമേനോൻ പുറത്തളത്തിൽ മാറടച്ചുകിടക്കുന്നു. മററെല്ലാരും കണ്ണീരുംകയ്യുമായിത്തന്നെ നില്ക്കുന്നു. ഈ ഘട്ടത്തിൽ പുറത്ത് ആരോ 'കൃഷ്ണനുണ്ണീ' എന്ന് ശബ്ദിച്ചതായി കേട്ടു. അതിനെ തുടൎന്നുകൊണ്ടുതന്നെ "ആര്? കൃഷ്ണനുണ്ണിയോ?" എന്ന് കേശവമേനോൻ ഉദ്വേഗത്തോടെ ചോദിക്കുന്നതായും, "അതേ, ഞാൻതന്നെ" എന്ന് കൃഷ്ണനുണ്ണി മറുവടി പറയുന്നതായുമുള്ള ശബ്ദങ്ങൾ പുറപ്പെട്ടു. അമ്മുക്കുട്ടി പെട്ടെന്നെണീററ് ഒരു പാവയെപ്പോലെ പുറത്തേക്ക് കുതിച്ചു.

## എട്ടാം അദ്ധ്യായം.

അയ്യായിരം ഉറുപ്പിക എറെക്കുറെ തികഞ്ഞുതുടങ്ങിയെന്നു കണ്ടപ്പോൾ കൃഷ്ണനുണ്ണിയുടെ മനോഗതി മററൊരു പദ്ധതിയിലേക്ക് ചരിഞ്ഞു. അതുവരെയിലും, അവൻെറ സൎവ്വചിന്തകളും ആ അയ്യായിരം ഉറുപ്പികയിൽ മാത്രം ഏകാഗ്രമായി ഊന്നിയിരിക്കയായിരുന്നു. നിശ്ചിതസമയത്ത് പണവുംകൊണ്ട് തനിക്ക് ചെന്നെത്തുവാൻ കഴിയുമെന്ന് ധൈൎയ്യമുണ്ടായപ്പോൾ അവൻെറ മനസ്സ് സന്തോഷാകുലമാകയും, എല്ലാ വിചാരങ്ങളും ദേവകിക്കുട്ടിയെപ്പററി മാത്രമാകയും ചെയ്തു. അവൻ സങ്കല്പ

ത്താൽ ദേവകികുട്ടിയുമൊന്നിച്ച് ദാമ്പത്യസുഖം അനുഭവിച്ചു തുടങ്ങി. അവളുടെ ലീലാവിനോദങ്ങളെ അവൻ കൺകുളിരെ കാണുന്നു. അവളുടെ കളമധുരോക്തികളെ അവൻ ഇമ്പത്തോടെ ശ്രവിക്കുന്നു. അവളുടെ മനോഹരകളേബരവിലാസത്തിൽ അവൻ ആനന്ദിക്കുന്നു. ഹാ, അവളുടെ സുന്ദരമന്ദഹാസം അവൻെറ മനസ്സിനെ പ്രബുദ്ധമാക്കുന്നു. അവളുടെ ദേഷ്യഭാവവും, പരുഷോക്തികളും അവനെ ചിരിപ്പിക്കുന്നു. അവളുടെ സർവ്വചേഷ്ടിതങ്ങളും, ഒന്നിനൊന്ന് അവൻെറ ജീവിതത്തിൽ സുഖത്തെ ചൊരിയുന്നു.

ഇങ്ങിനെ സങ്കല്പരസത്തിൽ മുങ്ങികൊണ്ടിരിക്കുമ്പോൾ 'അവൾ ഇപ്പോൾ അന്യാധീനയായിരിക്കുമോ' എന്നചിന്ത അവൻെറ മനസ്സിൽ ഒന്നുമിന്നി; അവൻെറ ദേഹമാകെ വിയർത്തുപോയി. "എന്നെ ഇങ്ങിനെ അകലത്താക്കി എൻെറ ജീവിതസർവ്വസ്വത്തെ കേശവമേനോൻ അന്യാധീനമാക്കിയിരിക്കുമോ? അദ്ദേഹം എന്നെ വിശ്വസിപ്പിച്ച് ചതിച്ചിരിക്കുമോ? ഞാൻ അവിടെ ചെല്ലുമ്പോൾ അവൾ അന്യപുരുഷനോടൊന്നിച്ചിരിക്കയായിരിക്കുമോ? അയ്യോ, എൻെറ പ്രാണനിൽ അന്യൻ കൈ വെച്ചുവോ? ഇല്ല, ഇല്ല, അങ്ങിനെ വരില്ല. ദേവകികുട്ടി എൻേറതുതന്നെ. മററുള്ളവർ നിർബ്ബന്ധിച്ചാലും ദേവകികുട്ടി എന്നെ വിടില്ല. അമ്മുകുട്ടി എന്നെ മറക്കുകയുമില്ല. ഞാൻ പടിക്കലെത്തുമ്പൊഴെക്കും അവൾ പുഞ്ചിരിതൂകികൊണ്ട് ഉമ്മറത്ത് എന്നെ എതിരേററു നില്ക്കുന്നുണ്ടാവും. പണം കേശവമേൻെറ മുമ്പിൽ കൊണ്ടുപോയിവെക്കും. ദേവകികുട്ടിക്കോ? അവൾക്ക് — ഞാൻ — ഞാൻ — അതേ, ഞാൻ — ഒരു ചുംബനം —. നിശ്ചയമായും ഞാൻ ചെയ്യും. എന്തുകൊണ്ട് ഇനി ചെയ്യുകൂടാ? അവൾ എൻേറതായി. ഞാൻ പിരിഞ്ഞുപോകുമ്പോൾ ദേവകികുട്ടി ആഗ്രഹിച്ചിട്ടും ഞാൻ തരാതെ സൂ

ക്ഷിച്ചുവെച്ചിരുന്ന ആ വസ്തു ഇതാ എന്നു പറഞ്ഞുകൊണ്ടു ഞാൻ അവളുടെ കവിൾത്തടത്തെ— ഞാൻ എത്ര ഭാഗ്യവാനായി.”

കൃഷ്ണനുണ്ണിയുടെ വിചാരങ്ങളെ ഇതിലധികം ഇവിടെ എഴുതുവാൻ ഞാൻ ശക്തനല്ല. പണം മുഴുവനും തികഞ്ഞ ദിവസം തന്നെ അവൻ ജോലിയിൽനിന്ന് പിരിഞ്ഞു. ഏറെക്കുറെ ഇരുന്നൂറുറുപ്പികയോളം അധികമുണ്ടായിരുന്നത് അവൻ കൂലിക്കാർക്ക് പങ്കിട്ടുകൊടുത്തു. അവൻ സന്തോഷപൂർണ്ണനായി കണ്ണപിള്ളയെ ചെന്നുകാണുകയും സംഗതിയൊക്കെയും അറിയിക്കുകയും ചെയ്തു. അദ്ദേഹം ഹർഷാശ്രു പൊഴിച്ചുപോയി. “സ്നേഹിതാ, നിങ്ങളുടെ വിവാഹദിവസം എന്നെ അറിയിക്കണം. അന്ന് ഞാൻകൂടി അവിടെ ഉണ്ടായിരിക്കണം” എന്നു കണ്ണപിള്ള പറഞ്ഞതിന് സന്തോഷലജ്ജാപരനായി കൃഷ്ണനുണ്ണി ഒന്നും മറുവടി പറയാതെയിരുന്നതേയുള്ളു.

ഇനി ആ മുന്നൂറ്റി അറുപത്തഞ്ചാം നാളേക്കു അഞ്ചുദിവസമേയുള്ളു. പുറപ്പെടേണ്ട സമയമായി. നാളെ മെയിലിന് വണ്ടികയറുവാൻ തീർച്ചയാക്കി. ദേവകിക്കുട്ടിക്ക് ഇഷ്ടമുള്ള ചില സാമാനങ്ങളും പുസ്തകങ്ങളും അവൻ വാങ്ങിവെച്ചു.

അന്നു നാലുമണിക്കുശേഷം ദേഹത്തിനാകപ്പാടെ ഒരു വലിവും വേദനയും തോന്നിക്കൊണ്ടിരുന്നു. സന്ധ്യയാകുമ്പോഴേക്കും ഒട്ടൊട്ടു ജ്വരം കയറിത്തുടങ്ങി. അരുചിയാൽ ഭക്ഷണമൊന്നും കഴിച്ചില്ല. നേരം ഇരുട്ടാകുന്തോറും ജ്വരവും വർദ്ധിച്ചുകൊണ്ടുവന്നു. അവൻ കിടപ്പിലായി.

ദേഹശക്തിയിൽ കവിഞ്ഞവണ്ണം അവൻ അദ്ധ്വാനിക്കുകയുണ്ടായിട്ടുണ്ട്. അവന്റെ മനസ്സ് അന്ന് ഏകാഗ്രമായിരുന്നതുകൊണ്ട് അവനെ രോഗത്തിനോ ക്ഷീണത്തിനോ ബാധിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ അവന്റെ മനോഭാവം ശിഥിലി

കരിച്ചിരിക്കുന്നു. വളരെനാളായി തരംനോക്കിക്കൊണ്ടിരുന്ന രോഗം, അതായത്, ദേഹശക്തിയെ കവിഞ്ഞുകൊണ്ട് പ്രയത്നിച്ചിട്ടുള്ളതിൻറ ഫലം ഇപ്പോൾ അവനെ ബാധിച്ചു.

ഹാ, അവൻറമനസ്സു തളർന്നുപോയി ദൈവമെ, ചുണ്ടോളം അടുത്തുവന്നു കപ്പലിൽനിന്ന തെററിവീണ് നശിച്ചുപോകയോ? കൃഷ്ണനുണ്ണിയുടെ മനസ്സ് എരിഞ്ഞുതുടങ്ങി. സ്നേഹിത, ഈ അവസരത്തിൽ ധൈൎയ്യം വിടരുത്. ഇതൊരു ജലദോഷപ്പനിമാത്രമാണ്; സാരമില്ല: നാളെക്ക് എല്ലാം സുഖമാവും. എന്നാൽ, ധൈൎയ്യംവിട്ടു മനസ്സിനെ സന്തപിപ്പിക്കയും ക്ഷീണിപ്പിക്കയുംചെയ്യുന്നതൽ വലിയ അപകടമുണ്ടാവുമെന്ന് അറിഞ്ഞിരിക്കണം ധൈൎയ്യം വിടരുതെ". എന്നിങ്ങിനെ കണ്ണപ്പിള്ള കൃഷ്ണനുണ്ണിയോട ഓതിക്കൊണ്ടേയിരുന്നു. കഷ്ടം! കൃഷ്ണനുണ്ണിയിൽ എങ്ങിനെ ധൈൎയ്യംനിലനില്ക്കും. അവൻ കിടപ്പിലായ ആ ക്ഷണം തന്നെ അവൻറ മനസ്സ് നിലയററു ഉഴറിക്കഴിഞ്ഞു. അതുകൊണ്ട അവൻറ ആരോഗ്യം നിമിഷംപ്രതി ക്ഷയിച്ചുതുടങ്ങി. ആത്രമാത്രം ദുസ്സഹമായ ദുഃഖം അവൻറ മനസ്സിൽമാത്രം പ്രവൎത്തിച്ചുകൊണ്ടിരുന്നു. പിന്നെ, അവൻ ഒരുബാലനെപ്പോലെ പലതുംപറഞ്ഞുകരയുവാൻ തുടങ്ങി. കണ്ണപ്പിള്ള എത്ര ശ്രമിച്ചിട്ടും അവനെ സമാശ്വസിപ്പിപ്പാൻ കഴിഞ്ഞില്ല. പിറെറന്നാൾ ഉച്ചതിരിയുമ്പോഴെക്കും അവൻറ ബുദ്ധിചലിച്ചുപോയി. അവനെ ബുദ്ധിഭ്രമം ബാധിച്ചു. ദേവകിക്കുട്ടിയുമായി സല്ലാപിക്കുക, പരിഹസിക്കുക, പരിഭവിക്കുക എന്നിങ്ങിനെ ഓരോന്ന് അവൻ ഇടവിടാതെ പിറുപിറുത്തു തുടങ്ങി. കണ്ണപ്പിള്ള ഡാക്ടരെവരുത്തിപരിശോധിപ്പിച്ചു. മനോബലം ദീൎഘിച്ചുകൊണ്ടുമാത്രമാണ് ഇത്രയുംകലശലായതെന്നും എതാനുംനാൾകൊണ്ട് ദീനം സുഖമാകുമെന്നും ഡാക്ടർ കണ്ണപ്പിള്ളയെ ധൈൎയ്യപ്പെടുത്തി ചികിത്സമുറക്കുതുടങ്ങി കൃഷ്ണനുണ്ണിയുടെബുദ്ധിഭ്രമത്തെ ആകാവുവാൻ ഡാക്ടർ കുറെ അധികം ദിവസം ബുദ്ധിമുട്ടേണ്ടിവന്നു.

"സ്നേഹിത, ഇന്നേക്ക് തിയ്യതി എത്രയാണ്" എന്ന് ദീനതയോടും സംഭ്രമത്തോടും കൂടി ഒരുദിവസം കൃഷ്ണനുണ്ണി കണ്ണപ്പിള്ളയോടു ചോദിച്ചു. അന്ന് അവന്റെ ബുദ്ധിഭ്രമം അകന്നിരിക്കുന്നു. "മെയ് ൨൮" എന്ന് മറെറാന്നും നോക്കാതെ കണ്ണപ്പിള്ള പെട്ടെന്ന് മറുവടി പറഞ്ഞുപോയി. പിന്നീട് കൃഷ്ണനുണ്ണിയെ നോക്കുമ്പോൾ അവൻ മൂൎച്ഛിച്ചുകിടക്കുന്നതായി കണ്ടു. കണ്ണപ്പിള്ള തന്റെ അനാലോചനക്കുറവിനെ ഓൎത്ത് വിഷാദിക്കയും പരിഭ്രമിക്കയുംചെയ്തു. ഡാക്ടരുടെ സഹായം കൂടാതെതന്നെ കണ്ണപ്പിള്ളയുടെ ശ്രമത്താൽ അവന്ന് സ്വബോധമുണ്ടായി. അവൻ ചുററുപാടും ഒന്നു പരിഭ്രമത്തോടെ നോക്കി. "എല്ലാം ദൈവഗതി കഷ്ടം, രണ്ടുദിവസം തെററിപ്പോയി. സ്നേഹിത, എന്നെ അവിടെ കൊണ്ടുപോയി ചേൎക്കുവാൻ ഇനി ഒരു നിമിഷവും താമസിക്കരുതേ" എന്നുമാത്രം കൃഷ്ണനുണ്ണി അപ്പോൾ പറഞ്ഞു. പിന്നെ വാക്കൊന്നും വരായ്കയാൽ അവൻ മൌനംപൂണ്ടു കിടന്നു.

കൃഷ്ണനുണ്ണിയുടെ സങ്കടവും നിൎബ്ബന്ധവും മുഴുക്കുകയാലും, അവന്റെ സ്ഥിതി നല്ലവണ്ണം താൻ അറിഞ്ഞിട്ടുള്ളതുകൊണ്ടും പിറേറന്നാൾ തന്നെ അവനെ യാത്രയയക്കുവാൻ കണ്ണപ്പിള്ള സമ്മതിക്കേണ്ടതായിവന്നു. നാളെ പുറപ്പെടാമെന്ന് അവന്ന് ധൈൎയ്യം വന്നപ്പോൾ ക്ഷീണം ഉടനുടൻ അവനിൽ നിന്ന് അകന്നുതുടങ്ങി. പിറേറന്നാളെക്ക് അവന്റെ ദേഹത്തിൽ അധികം കുറവില്ലാത്ത ആരോഗ്യം തെളിഞ്ഞുകണ്ടു. എല്ലാം ശുഭമായിത്തന്നെ വരുമെന്ന് ആശംസിക്കയും, നാട്ടിൽ ചെന്നെത്തിയ ഉടനെ വിവരങ്ങൾക്കെല്ലാം കത്തെഴുതേണമെന്ന് അപേക്ഷിക്കയും ചെയ്തിട്ട് കൃഷ്ണനുണ്ണിയെ കണ്ണപ്പിള്ള വണ്ടികയററി അയച്ചു.

"ഞാൻ അവിടെ എത്തുമ്പൊഴെക്കും എന്റെ ജീവനാഡി

പരാധീനയായിരിക്കുമോ? അതുണ്ടാവില്ല. രണ്ടുമൂന്നു ദിവസമല്ലേ തെററിയിട്ടുള്ളൂ. ആ ദിവസം കഴിയുവാൻമാത്രം ആറുമാസം നോററിരുന്നുവെന്ന് വരികയില്ല. സമയം തെററിയെന്നു പറഞ്ഞ് ഈ പണത്തെ കേശവമേനോൻ നിരാകരിക്കുമോ? എൻെറ ശ്രമമൊക്കെയും വിഫലമാകുമോ? അങ്ങിനെ വരില്ല. നാട്ടുകാരെ തൃപ്തിപ്പെടുത്തുവാൻ വേണ്ടിമാത്രമല്ലേ എന്നോട് പണം നേടിക്കൊണ്ടുവരുവാൻ പറഞ്ഞിട്ടുള്ളത്. രണ്ടുദിവസം തെററിയതുകൊണ്ട് അതിൽ ദോഷമെന്താണ്? നിശ്ചിതസമയത്ത് ഞാൻ എത്താത്തതുകൊണ്ട് ദേവകിക്കുട്ടിയും അമ്മുക്കുട്ടിയും നന്നെ സങ്കടപ്പെട്ടുമല്ലോ. സാരമില്ല; രണ്ടുദിവസമേ തെററിപ്പോയിട്ടുള്ളൂ." ഇങ്ങിനെ കൃഷ്ണനുണ്ണി ധൈര്യപ്പെട്ടുകൊണ്ട്, അവിടെ ചെന്നാൽ ദേവകിക്കുട്ടിയുമായുള്ള വിനോദസംഭാഷണങ്ങളെ ഓർത്തോർത്തു രസിച്ചുകൊണ്ടിരുന്നു.

"നിശ്ചിതസമയത്ത് ഞാൻചെന്നെത്താഞ്ഞയാൽ ദേവകിക്കുട്ടി എത്രമാത്രം സങ്കടപ്പെട്ടുന്നുണ്ടാവാം. എന്നെപ്പററി പല ദുർവ്വിചാരങ്ങളും അവളുടെ മനസ്സിൽകടന്നുകൂടും. അവൾ അവിടെ തീച്ചയായും കരഞ്ഞുകൊണ്ടിരിക്കയായിരിക്കും. എങ്കിലും അമ്മുക്കുട്ടി അവളെ സമാധാനിപ്പിക്കാതിരിക്കയില്ല. ഈ രണ്ടുമൂന്നു ദിവസങ്ങൾ അവൾക്ക് ഓരൊയുഗംപോലെ ദീഘമായി തോന്നുന്നുണ്ടാവും. ഞാൻ അവിടെ എത്തുന്നസമയം അവൾ എത്ര സന്തോഷത്തോടുകൂടിയാണ് എൻെറ അരികെ പാഞ്ഞുവരിക. ഞാൻ അവളെപുഞ്ചിരിയോടെ ഒന്നു കടക്കണ്ണിട്ടുനോക്കും. അതിൽനിന്ന് ഞാൻ വിജയലാഭത്തോടെയാണ് മടങ്ങിവന്നിരിക്കുന്നതെന്ന് അവൾ അറിയും. കേശവമേനോൻ സന്തോഷം കൊണ്ടും അത്ഭുതം കൊണ്ടും പരവശനായിത്തീരും. ഞാൻ എല്ലാസംഗതികളും വിശദമായി അദ്ദേഹത്തെ അറിയിക്കും. എൻെറ വർത്തമാനം കേൾക്കുവാൻ ദേവകിക്കുട്ടിയും അ

ന്നുകുട്ടിയും അരികെ വന്നിരിക്കും. എന്റെ കഷ്ടങ്ങളെപ്പറ്റി കേൾക്കുമ്പോൾ ദേവകിക്കുട്ടി ഖേദസങ്കടപ്പെടും. എങ്കിലും; ഞാനൊരു കൃഷിക്കാരനായിരുന്നുവെന്നറിഞ്ഞാൽ അപ്പോൾ എന്നോടിച്ഛയായും പരിഹസിക്കും. ഹാ, ആ പരിഹാസം എത്ര മധുരമയമാണ്. അവർ രണ്ടുപേരുംകൂടി എന്നെ കളിയാക്കും. ഞങ്ങളിരുവരുടെയും വിവാഹകാര്യത്തെപ്പറ്റി അമ്മുക്കുട്ടി പരിഹാസമായി പറഞ്ഞുചിരിക്കും. അപ്പോൾ ദേവകിക്കുട്ടി ലജ്ജയോടെ തലതാഴ്ത്തുകയും എന്നെ ഒളിച്ചിൽ കടക്കണ്ണുകൊണ്ട് ഒന്നു കുളുക്കുകയും ചെയ്യും. ആ ഭാവം എത്ര കൌതുകകരമാണ്.”

കൃഷ്ണനുണ്ണി ഇങ്ങിനെ സങ്കല്പലോകത്തിൽ കടന്ന സന്തോഷിച്ചുകൊണ്ടാണ് യാത്രചെയ്യുന്നത്. “അവൾ അന്യാധീനയായിരിക്കുമോ” എന്ന ശങ്ക ഇടക്കിടെ അവനെ പീഡിപ്പിക്കുന്നതുമുണ്ട്. പകൽ റെയിലിന് വണ്ടിയിറങ്ങിയാൽ ദേവകിക്കുട്ടിക്ക് സംബന്ധം കഴിഞ്ഞിരിക്കുന്നുവെന്ന് വഴിയിൽവെച്ച് ആരെങ്കിലും തന്നോട് പറയുന്നതിനോ, അപ്പോൾ തന്നെത്താനറിയാതെ തന്നിൽനിന്ന് പുറപ്പെടുന്ന ചാപല്യങ്ങൾ മറ്റുള്ളവർ കാണുന്നതിനോ ഇടയായെങ്കിലോ എന്നു സംശയിക്കയാൽ, ജോലാർപ്പേട്ടയിൽ ഇറങ്ങി താമസിച്ചു രാത്രിവണ്ടിക്കാണ് ഒലവക്കോട്ടിറങ്ങിയത്. മുക്കാൽഭാഗം സന്തോഷവും കാൽഭാഗം സന്താപവും ഇടകലർന്ന മനസ്സോടുകൂടി അവൻ വീട്ടിലേക്കു നടന്നു. പടിക്കൽഎത്തി മുറ്റത്തേക്ക് നോക്കിയപ്പോൾ, അവിടെ പന്തലിട്ടിരിക്കുന്നതായും എന്തോ ചിലതെല്ലാം അലങ്കരിച്ചിരിക്കുന്നതായും അവൻകണ്ടു. അവന്റെ നെഞ്ഞ് കലശലായി ഇടിച്ചുതുടങ്ങി എങ്കിലും, ബദ്ധപ്പെട്ടുനടന്ന് സന്തോഷഭാവത്തോടെ കോലായിൽ കയറി. നേരം പാതിരാവു കഴിഞ്ഞിട്ടും പുറത്തളത്തിൽ ആരോ ചിലർ ഇരിക്കുന്നതും വാതിൽ തുറന്നിട്ടിരിക്കുന്നതും കണ്ടപ്പോൾ അവൻ വല്ലാതെ സംഭ്രമിച്ചു.

പുറത്തളത്തിൽ ഒരു വിളക്ക് മങ്ങിക്കത്തുന്നുണ്ട്. "ആരാത്?" എന്ന് ഒരാൾ ചോദിച്ചതിന് "കൃഷ്ണനുണ്ണി" എന്ന് അവൻ മറുവടികൊടുത്തു. "ആര്, കൃഷ്ണനുണ്ണിയോ?" എന്ന് ചോദിച്ചുകൊണ്ട് കേശവമേനോൻ പിടഞ്ഞെണീററു. "അതേ, ഞാൻ തന്നെ" എന്നുപറഞ്ഞുകൊണ്ട് കൃഷ്ണനുണ്ണി കേശവമേനോൻെറ അടുത്തുചെന്ന്, തൻെറ കയ്യിലുണ്ടായിരുന്ന പണസ്സഞ്ചി അദ്ദേഹത്തിൻെറ മുമ്പിൽവെച്ച്, "നിശ്ചിതസമയത്തിനു മുമ്പു തന്നെ ഞാൻ ഈസംഖ്യ നേടിക്കഴിഞ്ഞുവെങ്കിലും, ദൈവഗത്യാ വന്ന ആപത്താൽ ഇവിടെ എത്തുന്നതിന് രണ്ടുദിവസം തെററിപ്പോയത് ക്ഷമിക്കണം" എന്ന് അപേക്ഷിച്ചുകൊണ്ടു നിന്നു. കേശവമേനോൻെറ ഭാവമെന്ത്? കഷ്ടം! ആസാധു മുഖംപൊത്തി കരയുകയാണ്. ഈ നിലകണ്ട് കൃഷ്ണനുണ്ണിയുടെ മനസ്സ് ഭയസംശയങ്ങൾക്ക് ഇരയാകുംമുമ്പുതന്നെ, അമ്മുക്കുട്ടി അഴിഞ്ഞുലഞ്ഞ വസ്ത്രം ഒതുക്കുവാൻപോലും ക്ഷമയില്ലാതെ വികൃതവേഷത്തിൽ അവിടെ വന്നെത്തി. അവൾ ഒന്നും ചോദിക്കാതെ കൃഷ്ണനുണ്ണിയുടെ കയ്യിൽ കടന്നുപിടിച്ച് തിരിഞ്ഞു നടന്നു. ഇതെല്ലാംകണ്ട് പരിഭ്രാന്തനായിക്കൊണ്ട് അവൻ അവളെ പിന്തുടന്നു.

അറവാതില്ക്കൽ ചെന്നെത്തിയ ഉടനെ അവൻ അകത്തേക്കൊന്നുനോക്കി. ചുണ്ടുമാത്രം ഒട്ടൊട്ട് അനങ്ങിയും ശേഷമെല്ലാ ഭാഗവും നിർവ്വികാരമായും ദേവകിക്കുട്ടി അതാ കിടക്കുന്നു. "അയ്യോ, എൻെറ ദേവകിക്കുട്ടി!" എന്ന് നിലവിളിച്ചുകൊണ്ട് അവൻ ഉള്ളിലേക്ക് കുതിച്ചു. മററുള്ളവർ തടുക്കുംമുമ്പേ അവൻ അവളുടെ കാല്ക്കൽ വീണുകഴിഞ്ഞു.

ദേവകിക്കുട്ടി പെട്ടെന്ന് കണ്ണുതുറന്നു ഒന്നു പകച്ചുനോക്കി. ഉടനെ കണ്ണടഞ്ഞു. ദേഹം കിടുകിടെ വിറച്ചു. രണ്ടുനാലു നിമിഷം ഒരനക്കവുമില്ലാതെ കിടന്നു. ഉടനെ കണ്ണുതുറന്നു.

ഉറങ്ങിയെണീററപോലെയുള്ള ഭാവവിശേഷം അവളിൽ ഉണ്ടായിക്കണ്ടു. വളരെവേഗത്തിൽ അവളുടെ മുഖത്ത് പ്രസന്നത പരന്നു. "അരുതരുത്" എന്ന് അമ്മുക്കുട്ടി തടുത്തിട്ടും നില്ക്കാതെ ദേവകിക്കുട്ടി എണീററിരുന്ന് കൈകൾ നീട്ടി കൃഷ്ണനുണ്ണിയുടെ ശിരസ്സിനെ ഗ്രഹിച്ചു. അവൻ തലപൊക്കിനോക്കി. ആ കാമിനികാമുകന്മാർ മററാക്കെയും മറന്ന് പ്രേമപാരവശ്യത്തോടേ ഒട്ടു നിമിഷനേരം ഇമക്കൂട്ടാതെ പരസ്പരംനോക്കി. അപ്പോഴേക്കും അധികമായ ക്ഷീണം ബാധിക്കയാൽ ദേവകിക്കുട്ടി കിടക്കയിൽത്തന്നെ വീണു. കൃഷ്ണനുണ്ണി എണീററ് അവളുടെ അരികിലേക്ക് നീങ്ങി. തന്നെ തൊട്ടുകൊണ്ട് കിടക്കയിൽ ഇരിക്കാനായി അവൾ ഭാവംകൊണ്ടറിയിച്ചു. അതിന്മണ്ണം ഒരു കൈ അവളുടെ ശരീരത്തിൽ ചേർത്തുകൊണ്ട് കൃഷ്ണനുണ്ണി അണഞ്ഞിരുന്നു. ഇത്രത്തോളം പുറത്തുനിന്നു കണ്ടുകൊണ്ടിരുന്ന കേശവമേനോൻ പശ്ചാത്താപയുക്തമായ കണ്ണീരോടുകൂടി മററാരിടത്തേക്ക് മാറി. ദേവകിക്കുട്ടി കൃഷ്ണനുണ്ണിയെ നോക്കി ക്ഷീണസ്വരത്തിൽ വിട്ടുവിട്ടുകൊണ്ട് ചിലവാക്കുകൾ ഉച്ചരിച്ചു. അതിൻെറ ഏകദേശരൂപത്തോടെയുള്ള ഭാവം ഇതാണ്:—

"മൂന്നുദിവസം തെററിപ്പോയി. എല്ലാം ദൈവഗതി. അമ്മാമൻ എന്നെ അന്യനു കൊടുത്തുപോയി. അത് ഇന്നലെ കഴിഞ്ഞു. എന്നാൽ—എന്നാൽ—എന്നെ സംശയിക്കരുതേ. എൻെറ ഭർത്താവ് വേറെ ആരുമല്ല. എൻേറതല്ലാത്ത ഈ ദേഹത്തെ ഇതാ ഇതുവരെ ഞാൻ സൂക്ഷിച്ചു. ഇനി ഇതാ അങ്ങോട്ടു തന്നെ ഏല്പിച്ചുതന്നിരിക്കുന്നു. നമ്മുടെ ഈ ചേച്ച മററാക്കും മര്യാദയായി തോന്നുകയില്ല. എന്നെന്നേയ്ക്കുമായി യാത്രപറഞ്ഞു നില്ക്കുന്ന എന്നെ ഇനി ശാസിച്ചാലെന്ത്? ദണ്ഡിച്ചാലെന്ത്? ദൈവസന്നിധിയിൽ ഞാൻ നിരപരാധിനിയാണെന്ന സമാധാനം എനിക്ക് നല്ലവണ്ണമുണ്ട്. മഹർഷികളുടെ വാക്കിൽ

നല്ല വിശ്വാസമുള്ള എനിക്ക്, പരലോകത്തിൽ എൻെറ അനുഗ്രഹപ്രകാരം ദാമ്പത്യസുഖം അനുഭവിപ്പാൻ കഴിയുമെന്ന ധൈര്യവും എനിക്കുണ്ട്. ഇവിടെ ഇനി ഒരേ ആഗ്രഹമേ എനിക്കുള്ളൂ. അന്ന് ഞാൻ ആവശ്യപ്പെട്ടിട്ടും തരാതെപോയ ആ സാധനം ഈ അന്ത്യകാലത്തെങ്കിലും തന്നയയ്ക്കണേ."

കൃഷ്ണനുണ്ണി ദേവകിക്കുട്ടിയുടെ ദേഹത്തിൽ ചാഞ്ഞു. അവൻെറ മുഖം അവളുടെ മുഖത്തോടണഞ്ഞു. ഒട്ടു നിമിഷനേരത്തേക്കു ഈ അവസ്ഥ കണ്ടുകൊണ്ടു എല്ലാരും നിശ്ശബ്ദരായിരുന്നുപോയി. ഉടനെ, ആ മനസ്സിണങ്ങിയ കാമിനീകാമുകന്മാരുടെ ശരീരത്തെ അടുത്തിരുന്നവർ പിരിച്ചുവിട്ടു. കൃഷ്ണനുണ്ണിയുടെ ശരീരം വീണ്ടും ചായുന്നതുകണ്ട് അമ്മുക്കുട്ടി താങ്ങിപ്പിടിച്ചു. അതാ ദേവകിക്കുട്ടിയുടെ ദൃഷ്ടികൾ ചുഴലുന്നു. അധരം വിറക്കുന്നു. അവളുടെ മുഖത്തു ഭയങ്കരത പരന്നു. ഹാ, അവൾ ഇഹലോകവാസം വെടിഞ്ഞു.

ഈ ദുരവസ്ഥകണ്ടു സന്തപിപ്പാൻ ഇടകിട്ടുംമുമ്പേ, കൃഷ്ണനുണ്ണിയുടെ ചില ചേഷ്ടകൾ അങ്ങുള്ളവരുടെ ശ്രദ്ധയെ ബലാൽ ആകർഷിച്ചു. "കൃഷ്ണനുണ്ണി! എനിക്കുവേണ്ടിയെങ്കിലും—നിയെങ്കിലും—" എന്നിങ്ങിനെ അപൂർണ്ണമായി ചിലത് ഉച്ചരിച്ചുകൊണ്ട് അമ്മുക്കുട്ടി അവനെ കെട്ടിപ്പിടിച്ചു. എന്നാലും അവൻെറ ദേഹം അവളുടെ കയ്യിൽനിന്ന് തെററി നിലത്തുവീണു മലൎന്നു. ഹാ, അവൻ ദേവകിക്കുട്ടിയെ പിന്തുടൎന്നുവോ! ആ ശാശ്വത സുഖസ്ഥാനത്തേക്ക്—ജാതിമതഭേദമോ, കുബേരകുചേലഭേദമോ ഇല്ലാത്ത സ്വൎഗ്ഗത്തിലേക്ക് നിത്യവും നിൎമ്മലവുമായ ദാമ്പത്യസുഖം അനുഭവിപ്പാനായി കൃഷ്ണനുണ്ണി ദേവകിക്കുട്ടിയോടൊപ്പം പോയിക്കഴിഞ്ഞുവോ! അഥവാ അവൻ അമ്മുക്കുട്ടിയുടെ ഇടനെഞ്ഞു പൊട്ടിക്കൊണ്ടുള്ള അപേക്ഷയെ സ്വീ

കരിച്ച് ഭൂലോകവാസംതന്നെ കൈക്കൊള്ളുന്നുവോ! ഒന്നുതീൎച്ചയാണ്: ദുഃഖപൂൎണ്ണമായ ജീവിതം വഹിച്ച് കഷ്ടപ്പെടത്തക്ക പാപമൊന്നും കൃഷ്ണനുണ്ണി ചെയ്തിട്ടില്ല. സൽകൎമ്മങ്ങളുടെയും ഉൽകൃഷ്ടവിചാരങ്ങളുടെയും ഫലം സുഖമാണെങ്കിൽ കൃഷ്ണനുണ്ണിക്കും ആ അനുഭവംതന്നെ.

ശുഭം.

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

# *Notice.*

It is with much pleasure that We introduce our Press to the notice of the Public. We undertake to execute all sorts of printing work at cheap and moderate charges, in clear, bold and brilliant characters, and with all varieties of artistic, ornamental and colour printing, to your supreme satisfaction.

Works in English, Malayalam, Tamil and Sanskrit—whether job or bookwork—are undertaken by us and our get up of books and phamphlets satisfies the most fastidious.

We supply all sorts of stationery goods at marvellously cheap rates. For up to date stationery articles, you need not write to Madras or any where here after.

Our terms are strictly cash and delivery prompt.

Orders should always be accompanied by an advance of 50 % of the cost and We can assure you that you will be no loser in your transactions with us.

*Apply to:—*

**P. S. MENON,**
*Managing-Proprietor,*
DURGALAYA PRESS,
Chittur—Cochin.

V.R.N.
17/3/50.